
www.malankaralibrary.com

SINCE 1976

# ഐക്യദീപം

AIKYADEEPAM

വില 10 രൂപ ജൂലൈ – ഓഗസ്റ്റ് 2023



"എന്റെ കർത്താവും എന്റെ ദൈവവുമേ"

www.malankaralibrary.com



www.malankaralibrary.com

ഐക്യദീപം
aikyadeepam
പുസ്തകം 54 ലക്കം 7 2023 ജൂലൈ - ഓഗസ്റ്റ്

| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ 9048341462 | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്

# ഉള്ളടക്കം
contents

4 എഡിറ്റോറിയൽ

5 ഇടയശബ്ദം



08 മാർത്തോമാശ്ലീഹാ: ഭാരതപ്രേഷിതവേലയും രക്തസാക്ഷിത്വവും
ഫാ. ഫ്രാൻസിസ് തോണിപ്പാറ സി.എം.ഐ.




11 എക്യൂമെനിക്കൽ ചിന്തകളിൽ മാർത്തോമാ ക്രിസ്ത്യാനികൾ
ഫാ. ഡാനിയേൽ ബഥേൽ



14 മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം
ഫാ. ജോർജ് തേക്കടയിൽ

20 ആംഗല സാഹിത്യകുലപതികളുടെ ഇവാനിയൻ അക്ഷരാർച്ചന



ജോമി തോമസ് കലയപുരം

**സ്ഥിരം പംക്തികൾ**

25. സുറിയാനി സഭാ പാരമ്പര്യം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

33. ഹോമിയോപ്പതി
സി. ഡോ. ഐറിൻ SIC

36. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്

38. ആരോഗ്യം
ഡോ. അമൃത മേരി സക്കറിയ

42. ബാലദീപം
ഡോ. ബാബു ഫിലിപ്പ്

50. മല്പാനോട് ചോദിക്കാം

Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

# Editorial എഡിറ്റോറിയൽ



## മുറിവിന്റെ ആഴം തൊട്ടറിഞ്ഞവൻ




നേരിൽ കാണുന്നത് ഒരു ഭാഗ്യമാണ്.... വിരൽ കൊണ്ട് തൊട്ടറിയുന്നതോ അതിലും തീവ്രം....തൊട്ടറിഞ്ഞതിനെ എങ്ങനെ മറക്കും..... എങ്ങനെ പ്രഘോഷിക്കാതെ ഇരിക്കും. തൊട്ടറിഞ്ഞവനേ മുറിവിന്റെ ആഴം കണ്ടിട്ടുള്ളൂ....... മുറിവിനുള്ളിലെ സ്നേഹം മനസ്സിലാവൂ. പാർശ്വത്തിൽ കൈ തൊട്ടവനെ ഹൃദയത്തിന്റെ താളം അറിയൂ.

"എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന പൂർണ്ണ സമർപ്പണത്തിന്റെ പ്രാർത്ഥന ഉയർന്നത് ക്രിസ്തു ശിഷ്യനായ വിശുദ്ധ തോമാശ്ലീഹായിൽ നിന്നാണ്. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ എന്ന കർത്താവേശു മിശിഹായുടെ ആഹ്വാനം സ്വീകരിച്ച് AD 52 ൽ കേരളത്തിൽ എത്തിയ മാർത്തോമാ ശ്ലീഹാ കേട്ടറിഞ്ഞ സുവിശേഷമല്ല.....തൊട്ടറിഞ്ഞ, ഉറപ്പുള്ള വിശ്വാസം ആണ് നമുക്ക് പകർന്നു തന്നത്. അതുതന്നെയല്ലേ യോഹന്നാൻ ശ്ലീഹായും നമ്മോട് പറയുന്നത്. ആദി മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൾ കൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു (1 യോഹ 1:1). ശ്ലീഹന്മാരുടെ സുവിശേഷം വൈകാരികമായ ഒരു അനുഭവമാണ്.

നമ്മുടെ വിശ്വാസത്തിന്റെ പുണ്യപിതാവായ മാർത്തോമാ ശ്ലീഹായുടെ ഓർമ്മയുടെ മുൻപിൽ നാം നിൽക്കുമ്പോൾ, രക്തസാക്ഷിത്വത്തിന്റെ 1950 വർഷങ്ങൾ പിന്നിടുന്നു എന്ന ചരിത്രനിമിഷം കൂടിയാണിത്. വിഘടിച്ച് നിൽക്കുന്ന മാർത്തോമൻ പൈതൃകം ഉള്ള സഭകളുടെ ഐക്യം അനിവാര്യമായിരിക്കുന്ന ഒരു കാലം കൂടിയാണിത്. ആ പുണ്യപിതാവിന്റെ മക്കളെന്ന നിലയിൽ, തൊട്ടറിഞ്ഞ സുവിശേഷത്തിന്റെ വിശ്വാസികളും ആരാധകരും ജീവിതസാക്ഷികളുമായി നമുക്ക് മുന്നേറാം.

www.malankaralibrary.com



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)**

## ഇടയശബ്ദം

# ഭാരത മണ്ണിന്റെ അപ്പസ്തോലൻ

> **മാർതോമാ ക്രിസ്ത്യാനികൾ എന്നും മാർതോമാ നസ്രാണികൾ എന്നും ഭാരതത്തിലെ കേരളക്കരയിലെ ക്രൈസ്തവർ അറിയപ്പെടുന്നു. ശ്ലീഹായുടെ ജീവിക്കുന്ന സാക്ഷ്യശിലകൾ എന്നു പറയാവുന്ന സാക്ഷ്യമാണത്. വിശ്വാസത്തിൽ ഉറച്ചും സ്നേഹത്തിൽ വേരുപാകിയും ശുശ്രൂഷയിൽ നിറഞ്ഞും നാം ക്രിസ്തുവിനു സാക്ഷ്യം നൽകണം.**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷം നാം ആചരിച്ചു കഴിഞ്ഞല്ലോ. വി. ശ്ലീഹായുടെ വിശ്വാസവീര്യവും യേശുക്രിസ്തുവിലുണ്ടായിരുന്ന അദമ്യമായ സ്നേഹവും ആത്മാക്കളെക്കുറിച്ചുള്ള തീഷ്ണതയും നമ്മുടെ കാവൽ പിതാവിനെ വേറിട്ട വ്യക്തിയാക്കി മാറ്റുന്നു. ഒരു അപ്പസ്തോലൻ വഴിയായി സുവിശേഷം, വിശ്വാസം, രക്ഷ സ്വീകരിക്കുക എന്നത് വലിയ ഒരു ഭാഗ്യമാണ്, സവിശേഷമായ സ്ഥാനമാണ്. "തൊട്ടറിഞ്ഞു വിശ്വസിച്ചവൻ" നമ്മുടെ ഇടയിലേക്കു കടന്നു വന്ന് "കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന അനുഗ്രഹത്തിലേക്കു നമ്മെ കൂട്ടികൊണ്ടുവന്നു. മാർതോമാ പർവ്വത്തിൽ നാം പാടുന്നു: "എഴുപത്തിരണ്ടാം ആണ്ടിൽ കർക്കടകത്തിലെ മൂന്നാം നാൾ കുന്തത്താൽ കുത്തേറ്റു പാറമേൽ വീണു പ്രാർത്ഥിച്ചു മരിക്കുകയും തന്റെ ആത്മാവ് വെള്ളരിപ്രാവിനെപ്പോലെ പറന്നു സ്വർഗ്ഗത്തിലേക്കു കരേറുകയും ചെയ്തു" എന്ന്. പരി. കത്തോലിക്കാസഭയിൽ ജൂലൈ 3-ാം തീയതി പരിശുദ്ധ തോമാശ്ലീഹായുടെ തിരുന്നാൾ ആഘോഷിച്ചു വരുന്നു. ഭാരതത്തിന്റെ ഒരു പ്രത്യേക കാലാവസ്ഥയിലും പൊതു രീതിപ്രകാരവും ചരിത്ര രേഖകൾ പരിമിതമാണ്. അതു സഭയുടെ കാര്യത്തിൽ മാത്രമല്ല. പൊതുജീവിതത്തിന്റെ കാര്യത്തിലും പ്രസക്തമാണ്. എങ്കിലും അനേകം ആളുകളുടെ സാക്ഷ്യങ്ങളും യാത്രാവിവരണങ്ങളിലും നിറഞ്ഞു നിൽക്കുന്ന ഒരു സമർത്ഥനം ആണ് മാർതോമാ ശ്ലീഹായുടെ ശുശ്രൂഷകളും പള്ളികളുടെ സ്ഥാപനവും ചിന്നമലയിലുള്ള രക്തസാക്ഷിത്വവും മറ്റും. ഒരു അപ്പസ്തോലന്റെ പേരിൽ ആദിമുതൽ ഇന്നുവരെയും അറിയപ്പെടുന്ന ഒരു ക്രിസ്തീയ കൂട്ടായ്മ വേറൊന്നില്ല. മാർതോമാ ക്രിസ്ത്യാനികൾ എന്നും മാർതോമാ നസ്രാണികൾ എന്നും കേരളക്കരയിലെ, ഭാരതത്തിലെ ക്രൈസ്തവർ അറിയപ്പെടുന്നു. ശ്ലീഹായുടെ ജീവിക്കുന്ന സാക്ഷ്യശിലകൾ എന്നു പറയാവുന്ന സമർത്ഥനമാണത്. വിശ്വാസത്തിൽ ഉറച്ചും സ്നേഹത്തിൽ വേരുപാകിയും ശുശ്രൂഷയിൽ നിറഞ്ഞും നാം ക്രിസ്തുവിനു സാക്ഷ്യം നൽകണം. "നമുക്കും പോയി അവനോടുകൂടി മരിക്കാം"എന്ന അപ്പസ്തോലന്റെ ആഹ്വാനം ഭാരത മണ്ണിൽ ഏറെ പ്രസക്തമായികൊണ്ടിരിക്കുന്ന കാലമാണിത്.

മണിപ്പൂരിലും മറ്റിടങ്ങളിലും ക്രൈസ്തവസഹോദരങ്ങൾ നേരിടുന്ന പീഡനങ്ങൾ ഏറെയാണ്. ലോകമനസാക്ഷിയെ തന്നെ നടുക്കുന്ന വാർത്തകളാണ് അനുദിനം നാം ശ്രവിക്കുന്നത്. ഗോത്രവർഗ്ഗക്കാരുടെ ഇടയിലെ ഒരു വിഷയമായി ഇതിനെ ലഘൂകരിച്ച് യഥാർത്ഥ്യത്തിൽ

www.malankaralibrary.com


നിന്നും ഒളിച്ചോടുകയാണ് അധികാരികൾ. ദൈവാലയങ്ങൾ മാത്രം അഗ്നിക്കിരയാക്കുമ്പോൾ എന്താണ് മനസിലാക്കേണ്ടത്? ആരുടേതുമാവട്ടെ, ആരാധനാലയങ്ങൾ അനുഗ്രഹമാണ്. അതു ദൈവാനുഗ്രഹത്തിന്റെ ഉറവയാണ്. അവ അഗ്നിക്കിരയാക്കുവാനോ അപകീർത്തിപ്പെടുത്തുവാനോ ആരും ധൈര്യപ്പെടരുത്. ക്രമസമാധാനനില തകരുന്നത്, തകർക്കുന്നത് ആർക്കും ഭൂഷണമല്ല. കണ്ണീരിന്റെയും പീഡനത്തിന്റെയും കഥകൾ കൊണ്ടു ഈ മണ്ണ് തളർന്നിരിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ നാം പറയുന്ന പ്രസ്താവനകൾക്കു വിലയുണ്ടാവണം. കൈയ്യടി നേടിയല്ല നമ്മുടെ സ്വീകാര്യത നിശ്ചയിക്കേണ്ടത് സത്യത്തിലും ധർമ്മത്തിലും ഊന്നിക്കൊണ്ടുള്ള നടപടികളും പ്രവൃത്തനങ്ങളുമായിരിക്കണം അവ. ഭരണപക്ഷത്തെ തെരഞ്ഞെടുത്തത് പോലെയാണ് പ്രതിപക്ഷത്തെയും ജനം തെരഞ്ഞെടുത്തത്. ഭൂരിപക്ഷ ന്യൂനപക്ഷ വകഭേദത്തിൽ നന്മയും സത്യവും മാറ്റിമറിക്കപ്പെടരുത്. ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാൻ ആരും ശ്രമിച്ചുകൂടാ. പാവപ്പെട്ടവരെയും ദളിതരെയും ഏറെ ക്രൂരമായി പീഡിപ്പിക്കുന്ന സംഭവങ്ങൾ ദിനംതോറും വർദ്ധിക്കുന്നു. ഉച്ചനീചത്വങ്ങളും തൊട്ടുതീണ്ടലുകളുടെ കിരാതഭാവങ്ങളും തലപൊക്കുന്നതു നിത്യസംഭവമായി മാറുന്നു. ദൈവം സൃഷ്ടിച്ച മനുഷ്യനെ ജാതിയുടെയോ വർണ്ണത്തിന്റെയോ ഭാഷയുടെയോ തൊഴിലിന്റെയോ അടിസ്ഥാനത്തിൽ വിഭജിക്കുന്നത് ഭാരതസമൂഹത്തിൽ നിന്നും നാം തുടച്ചു മാറ്റിയതാണ്. അതുവീണ്ടും സ്ഥാപിക്കപ്പെടുന്നതിനുള്ള പരിശ്രമങ്ങളും ഗൂഢലക്ഷ്യങ്ങളും പൊതുസമൂഹം തിരിച്ചറിയണം. മാർതോമായുടെ ഓർമ്മ നമ്മെ അതിനാണ് ക്ഷണിക്കുന്നത്. നാം വിശ്വാസത്തിലും മനോഭാവത്തിലും പ്രവൃത്തിയിലും സംശുദ്ധരാകണം. വെറുപ്പും വിദ്വേഷവും പകയും ഒന്നും ഒരുത്തരമല്ല. “സ്നേഹമാണ് അഖില സാരമൂഴിയിൽ” എന്ന കവിവചനം ഉരുവിടാം. പ്രാർത്ഥനയാക്കി മാറ്റാം.

**2. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ**

മലങ്കര സഭയെ സംബന്ധിച്ചും സുവിശഷ ശുശ്രൂഷയെ സംബന്ധിച്ചും അതിശ്രേഷ്ഠമായ ഒരനുഭവമാണ് മാർ ഈവാനിയോസ് എന്ന ക്രാന്തദർശി. പുനരൈക്യ ശില്പിയും മാനവ നവീകരണത്തിന്റെ ശക്തനായ നേതാവും യുഗപ്രഭാവനുമായ നമ്മുടെ പുണ്യപിതാവിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ സപ്തതി നമുക്ക് സഭയായും സമൂഹമായും നൽകുന്ന കരുത്തും ആവേശവും അസാധാരണമാണ്. അത്യഭിവന്ദ്യ ബാവാ തിരുമേനി ഓർമ്മപ്പെടുത്തിയതുപോലെ ഏറെ ഒരുക്കത്തോടും നോമ്പ് നിഷ്ഠകളോടും കൂടിയാണ് ഈ 15 ദിവസവും നാം ആചരിക്കുന്നത്. പിതാവിന്റെ നാമകരണ കാര്യങ്ങൾ ഏറെ വിജയകരമായി മുന്നേറുന്നു എന്ന് നാം മനസിലാക്കുന്നു. പ്രാർത്ഥനയോടെ നാം നമ്മുടെ സഭാജീവിതം ശക്തിപ്പെടുത്തുമ്പോൾ ദൈവം ഉത്തരം തരും. നാമകരണ പ്രക്രിയയിലെ പ്രധാന ഘടകം ആണല്ലോ പിതാവിന്റെ മദ്ധ്യസ്ഥതയിൽ സംഭവിക്കേണ്ട അത്ഭുതം. അതിനായി നമുക്ക് ശക്തമായി പ്രാർത്ഥിക്കാം. ഈ വർഷത്തെ ഓർമ്മ ആചരണം സഭയായി നാം ആചരിച്ചു. പദയാത്ര നമ്മെ സംബന്ധിച്ച് ഉണർവ്വിന്റെയും ആത്മികപക്വതയുടെയും സൂചനകൾ ആകുന്നുവല്ലോ. സാധിക്കുന്ന എല്ലാവരും ഈ പദയാത്രയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

പദയാത്രയിൽ സംബന്ധിക്കുമ്പോൾ നമുക്ക്



*അഭിവന്ദ്യ പിതാവും വൈദികരും മൈലാപ്പൂർ സാന്തോം കത്തീഡ്രലിൽ വി.കുർബ്ബാന അർപ്പിച്ചപ്പോൾ*

www.malankaralibrary.com



ഒരു പുതിയ ഉണർവ്വ് സംലഭ്യമാകും. സ്വർഗ്ഗത്തിൽ ഇരുന്ന് പിതാവ് നമ്മെ അനുഗ്രഹിക്കും. പാതയിൽ ഉടനീളം സ്തോത്രോച്ചാരണങ്ങളും അപേക്ഷകളും ഉയരണം. വൈദികരും സന്യസ്തരും അൽമായ സഹോദരങ്ങളും ഈ ആത്മീക പോഷണത്തിൽ പങ്കുചേർന്നു. അതുപോലെതന്നെ 16-ാം തീയതി ഞായറാഴ്ച തിരുമൂലപുരം ദൈവാലയത്തിൽ അനുസ്മരണ പരിപാടികൾ നടത്തപ്പെട്ടു. അന്നേദിവസം വി. ബലിയിൽ സംബന്ധിച്ച് മെഴുകുതിരി പ്രദിക്ഷണത്തിലും നേർച്ചയിലും ധാരാളം പേർ സംബന്ധിച്ചു. പരി. പിതാവിന്റെ സ്ഥാനപതി ന്യൂൺഷിയോ തിരുമേനി മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുന്നാളിൽ നല്കിയ സുവിശേഷസന്ദേശത്തിൽ പ്രത്യേകം അനുശാസിച്ചത് : മലങ്കരസഭ അവളുടെ ആരാധന പൈതൃകം അവികലമായി കാക്കണം എന്നാണ്. സൗകര്യത്തെ പ്രതിയോ, പുതുമയെ പ്രതിയോ ആരാധനയിൽ വെള്ളം ചേർക്കാൻ തുനിയരുത്. എനിക്കു സ്വീകാര്യമായതോ അല്ലാത്തതോ അല്ല മാനദണ്ഡം. മറിച്ച് സഭയുടെ അനുശാസനങ്ങൾ മാത്രം. മലങ്കരയുടെ പൈതൃകം ആരാധനയുടെ സംശുദ്ധിയിൽ ആണ്.



**3. ഏകീകൃത സിവിൽകോഡ്**

ഇതുസംബന്ധമായി നിയമ കമ്മീഷൻ അഭിപ്രായ രൂപീകരണം നടത്തുകയാണല്ലോ. ഈ വിഷയത്തിൽ കേരള മെത്രാൻ സമിതി നടത്തിയ പഠനവും വിചിന്തനങ്ങളും പ്രസക്തമാണ്. ഈ കാര്യങ്ങളെക്കുറിച്ച് നമ്മുടെ അഭിപ്രായങ്ങളും സന്ദേഹങ്ങളും അറിയിക്കുവാൻ ശ്രദ്ധക്ഷണിച്ചിട്ടുണ്ട്. ഐക്യദീപം വായനക്കാർക്ക് ഈ വിഷയത്തെ സംബന്ധിച്ചുള്ള ചില അറിവുകൾ നൽകുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. നിയമമന്ത്രാലയം ഈ കോഡിന്റെ കരട് രൂപം തയ്യാറാക്കിയിട്ടില്ല. ആയതുകൊണ്ട് ഇതിന്റെ കരടു രൂപം ലഭ്യമായെങ്കിലെ ഇവയെക്കുറിച്ച് പറയാനാവൂ. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന മതസ്വാതന്ത്ര്യവും വ്യക്തിയുടെ അന്തസും പുൽകുന്ന നിയമവ്യവസ്ഥിതിയാണ് ഉണ്ടാവേണ്ടത്. ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വം ഇതു തമസ്ക്കരിക്കപ്പെടാനിടയാകരുത്. 21-ാമത് നിയമകമ്മീഷൻ വിലയിരുത്തിയത്, നമ്മുടെ പോലെയുള്ള ഒരു രാജ്യത്ത് ഏകീകൃത സിവിൽകോഡ് ഏറെ അപ്രായോഗികം ആണെന്നാണ്. വ്യത്യസ്തസമൂഹങ്ങളും ജാതികളും വർഗ്ഗവിഭാഗങ്ങളും ഉള്ള ഈ മണ്ണിൽ അതാതു സമൂഹങ്ങൾ അവർക്കുള്ള നിയമങ്ങൾ അനുസരിച്ച് പൊതുജീവിതത്തിനോ നീതിനിഷേധത്തിനോ ഇടയാകാത്ത രീതിയിൽ പരിപോഷിപ്പിക്കുകയാണ് വേണ്ടത്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് നാടിന്റെ എല്ലാ നിയമങ്ങളും അനുസരിച്ച് മുമ്പോട്ട് പോകുന്നവരാണ്. എന്നാൽ പുതിയ നിയമസംഹിതയിലൂടെ വിശ്വാസത്തെയും ധാർമ്മിക നിലപാടുകളെയും ഹനിക്കുവാൻ പാടില്ലാത്തതാണ്. വിശ്വാസത്തിനും ധാർമ്മികതയ്ക്കും നിരക്കാത്തവ അനുസരിക്കുവാൻ ഒരു പൗരനെ നിർബന്ധിക്കുവാൻ ഇടയാവരുത്. ഏതാനും ചിലരുടെ ഇഷ്ടങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന ധാർമ്മിക സംവിധാനങ്ങളും നിലപാടുകളും നമ്മെപ്പോലെയുള്ള സമൂഹങ്ങൾക്ക് ഉൾക്കൊള്ളുവാനോ അനുസരിക്കാനോ സാധിക്കാത്തതാണ്. വിവാഹവുമായ ബന്ധപ്പെട്ട മേഖലയിൽ ഇത് ഏറെ പ്രസക്തമായ കാര്യം ആണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള സ്വതന്ത്രമായ ഉഭയസമ്മതവും ജീവിതവുമാണ് അത്. അത് മാറ്റി മറിക്കപ്പെടുന്ന സംഭവങ്ങൾ പൊതുവെ ഇന്ന് സജീവമായ ചർച്ചകളിലാണ്. ദൈവജനം വേണ്ടത്ര ശ്രദ്ധയോടെ ഈ കാര്യങ്ങൾ കാണുകയും അഭിപ്രായരൂപീകരണം നടത്തുകയും ചെയ്യണം.

www.malankaralibrary.com



# മാർത്തോമ്മാശ്ലീഹാ: ഭാരതപ്രേഷിതവേലയും രക്തസാക്ഷിത്വവും



ഫാ. ഫ്രാൻസിസ് തോണിപ്പാറ സി.എം.ഐ.
ധർമ്മാരാം കോളേജ്, ബംഗളൂരു

മാർത്തോമ്മാ ക്രിസ്ത്യാനികൾ അഥവാ മാർത്തോമ്മാ നസ്രാണികൾ എന്നറിയപ്പെടുന്ന ക്രൈസ്തവസമൂഹം കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി വിശ്വസിച്ചുവരുന്ന, ജീവിക്കുന്ന ഒരു പാരമ്പര്യമാണ് ക്രിസ്തുശിഷ്യനായ വി. തോമാ ഭാരതത്തിൽ വന്നുവെന്നും ഭാരതീയരോട് സുവിശേഷം പ്രസംഗിച്ചു എന്നും ക്രിസ്തുവർഷം 52 ൽ അന്ന് പ്രസിദ്ധമായിരുന്ന കൊടുങ്ങല്ലൂർ വന്നു എന്നും, ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചുവെന്നും, തുടർന്ന് മൈലാപ്പൂർക്ക് പോയെന്നും അവിടെ സുവിശേഷ പ്രസംഗം നടത്തി രക്തസാക്ഷിത്വം വരിച്ച് അവിടെ സംസ്കരിക്കപ്പെട്ടുവെന്നുമാണ് പാരമ്പര്യത്തിന്റെ രത്നച്ചുരുക്കം. വി. ശ്ലീഹാ വടക്കേ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചുവെന്നും വളരെ ശക്തമായ ഒരു പാരമ്പര്യമുണ്ട്. ദക്ഷിണേന്ത്യൻ പാരമ്പര്യത്തിന്റെ ശക്തി കൂടുവാൻ കാരണം വി. ശ്ലീഹായുടെ പേരിൽ ഇന്നും സങ്കീർണമായ ഒരു ക്രൈസ്തവസമൂഹം ഉണ്ടെന്നുള്ളതാണ്.

പാശ്ചാത്യരീതിയിലുള്ള സമകാലീന ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ഒരു ചരിത്ര പഠനം നടത്തിയാൽ തൃപ്തികരമായ നിഗമനത്തിൽ എത്തിച്ചേരുവാൻ സാധിച്ചെന്നു വരില്ല. സമകാലീന ചരിത്രരേഖകളുടെ സ്ഥാനത്ത് ഇവിടെ നമുക്ക് സഹായത്തിനായി വരുന്നത് ജീവിക്കുന്ന ഒരു പാരമ്പര്യവും, വി. ശ്ലീഹായുടെ നാമത്തിലുള്ള ഒരു ക്രൈസ്തവസമൂഹവും പാരമ്പര്യങ്ങളോട് ബന്ധപ്പെട്ടുള്ള കുടുംബങ്ങളും സ്ഥലങ്ങളും, ആഘോഷങ്ങളുമാണ്. ഈ പാര

www.malankaralibrary.com

മ്പര്യങ്ങൾ ഒരു ലിഖിതരൂപം പ്രാപിക്കുന്നത് 16-ാം നൂറ്റാണ്ടോടുകൂടിയാണ്; പ്രത്യേകിച്ചു വിദേശ മിഷനറിമാരുടെ വരവോടുകൂടി.

പാരമ്പര്യങ്ങളെ നാലായി തിരിക്കാം: മലബാർ പാരമ്പര്യം, കാൽദിയൻ പാരമ്പര്യം, കൊറോമാണ്ടൽ പാരമ്പര്യം, പാശ്ചാത്യപാരമ്പര്യം. പുരാതന ചരിത്ര രേഖകളിൽ മലബാർ എന്നതു കൊണ്ടുദ്ദേശിക്കുന്നത് വടക്ക് ഗോകർണ്ണം അഥവാ ഏഴിമല മുതൽ തെക്ക് കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന വളരെ പരിമിതമായ തീരദേശത്തെയാണ്. മാർത്തോമ്മാ നസ്രാണികൾ ഇന്ന് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുകയാണെങ്കിലും അവരുടെ പ്രധാന അധിവാസ കേന്ദ്രം ഇന്നത്തെ കേരള സംസ്ഥാനമാണ്, മുൻകാലത്ത് അറിയപ്പെട്ടിരുന്ന മലബാർ തീരത്തിന്റെ അല്പം കൂടെ പരിമിതമായ ഒരു ദേശം.

## മലബാർ പാരമ്പര്യം

മലബാർ പാരമ്പര്യവും സ്ഥലങ്ങളോടും കുടുംബങ്ങളോടും ആഘോഷങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ പാരമ്പര്യം അനുസരിച്ച് ക്രിസ്തുവർഷം 52 ൽ കൊടുങ്ങല്ലൂർ കപ്പലിറങ്ങിയ വി. തോമാ ഏഴര ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചു. അവ താഴെപ്പറയുന്നവയാണ്: കൊടുങ്ങല്ലൂർ, കൊല്ലം, ചായൽ (നിലയ്ക്കൽ), കോക്കമംഗലം, നിരണം, കോട്ടക്കാവ് (പറവൂർ), പാലയൂർ, തിരുവാംങ്കോട്. കൂടാതെ മലയാറ്റൂരും വി. ശ്ലീഹായുമായി ബന്ധപ്പെട്ട ഒരു പ്രധാന സ്ഥലമാണ്. മലയാറ്റൂരും, നിലയ്ക്കലും ഒഴിച്ചാൽ ബാക്കി സ്ഥലങ്ങളെല്ലാം തന്നെ ജല മാർഗ്ഗത്തിലൂടെ ചെന്ന് പറ്റാവുന്ന സ്ഥലങ്ങളാണ്. ഈ സ്ഥലങ്ങളെല്ലാം ഇന്നും തീർത്ഥാടന കേന്ദ്രങ്ങളാണ്. ഇവിടെ തീർത്ഥാടനം നടത്തുന്നവർ തോമാശ്ലീഹാ ഇവിടങ്ങളിൽ വന്നു എന്ന് വിശ്വസിക്കുവാൻ കാരണം, അത്രയ്ക്ക് ശക്തമാണ് സാഹചര്യതെളിവുകൾ ഈ സ്ഥലങ്ങളോട് ബന്ധപ്പെട്ട് ധാരാളം കഥകളും, പാരമ്പര്യങ്ങളുമുണ്ട്. ഇവിടെ ചരിത്രരേഖകൾ, പാരമ്പര്യങ്ങൾ, മനുഷ്യഹൃദയങ്ങളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അതിനെ എതിർക്കുകയോ, അതിനെ മായിച്ചു കളയുവാൻ ശ്രമിക്കുകയോ ചെയ്താൽ മാർത്തോമ്മാ നസ്രാണികൾ വളരെ വാചാലരാകും. അരപ്പള്ളി എന്നറിയപ്പെടുന്ന തിരുവാംങ്കോട് ഇന്ന് തമിഴ്നാട്ടിലാണ്. അരചൻ അഥവാ രാജാവ് വളരെ താല്പര്യമെടുത്ത് പണിതതുകൊണ്ടാണ് അരപ്പള്ളി എന്നറിയപ്പെടുന്നതെന്ന് വ്യാഖ്യാനിക്കുന്നവരും ഉണ്ട്.

ഈ പാരമ്പര്യങ്ങൾ കുടുംബങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. പ്രധാന കുടുംബങ്ങൾ പകലോമറ്റം, ശങ്കരപുരി, കാളികാവ്, കോയിക്കൽ, മാളേക്കൻ, നെടുമ്പള്ളി തുടങ്ങിയവയാണ്. മാർത്തോമാ നസ്രാണികൾ അവരുടെ കുടുംബവേര് ഈ കുടുംബങ്ങളിൽ ചെന്നെത്തിക്കുവാൻ എപ്പോഴും പരിശ്രമിക്കുന്നു. പരമ്പരാഗതമായി സഭയുടെ നേതാവായ ആർച്ചു

**മലബാർ പാരമ്പര്യം, കാൽദിയൻ പാരമ്പര്യം, കൊറോമാണ്ടൽ പാരമ്പര്യം, പാശ്ചാത്യപാരമ്പര്യം. പുരാതന ചരിത്ര രേഖകളിൽ മലബാർ എന്നതു കൊണ്ടുദ്ദേശിക്കുന്നത് വടക്ക് ഗോകർണ്ണം അഥവാ ഏഴിമല മുതൽ തെക്ക് കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന വളരെ പരിമിതമായ തീരദേശത്തെയാണ്. മാർത്തോമാ നസ്രാണികൾ ഇന്ന് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുകയാണെങ്കിലും അവരുടെ പ്രധാന അധിവാസ കേന്ദ്രം ഇന്നത്തെ കേരള സംസ്ഥാനമാണ്,**

ഡീക്കൻ പകലോമറ്റം കുടുംബത്തിൽ നിന്നായിരുന്നു. മാളേക്കൻ കുടുംബക്കാർ വാശിയോടെ വാദിക്കും വൈദികഗണം അവരുടെ കുടുബത്തിൽ നിന്നും ആയിരുന്നുവെന്ന്. ഈ പാരമ്പര്യങ്ങൾ നാട്ടുകാരിൽ നിന്നും കേട്ട് വിദേശമിഷനറിമാർ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നാടോടിപ്പാട്ടുകളായ മാർഗ്ഗംകളിപാട്ട്, റമ്പാൻ പാട്ട്, വീരടിയാൻപാട്ട്, മാർതോമ്മാപർവ്വം തുടങ്ങിയവയും വി. ശ്ലീഹായുടെ ഭാരത സന്ദർശനത്തെ വളരെ മനോഹരമായി വിവരിക്കുന്നു. ജൂലൈ മൂന്നിലെ ദുക്റാന തിരുന്നാൾ ആഘോഷം വി. ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ആഘോഷമായ അനുസ്മരണമാണ്.

## കാൽദിയൻ പാരമ്പര്യം

കാൽദിയൻ പാരമ്പര്യം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് സഭാപിതാക്കന്മാരുടെ സാക്ഷീകരണവും, കൽദായ സഭയിലെ ആരാധനാക്രമത്തിൽ വി. തോമാശ്ലീഹായെക്കുറിച്ചുള്ള സൂചനകളുമാണ്. വളരെ ചുരുക്കമായ സൂചനകൾ മാത്രമേ സഭാപിതാക്കന്മാരുടെ എഴുത്തുകളിൽ നിന്ന് ലഭിക്കുന്നുള്ളൂ. ഉദാഹരണത്തിന് മാർ എഫ്രേം, വി. ഗ്രിഗറി നസിയാൻസൻ, വി. അംബ്രോസ്, വി. ജോൺ ക്രിസോസ്തോം, വി. ജെറോം തുടങ്ങിയവർ.

## കൊറോമാണ്ടൽ പാരമ്പര്യം

കൊറോമാണ്ടൽ പാരമ്പര്യം പ്രധാനമായും മൂന്ന് സ്ഥലങ്ങളെ കേന്ദ്രീകരിച്ചാണ്. ചിന്നമല, പെരിയമല അഥവാ പറങ്കിമല അഥവാ സെന്റ് തോമസ് മൗണ്ട്, മൈലാപ്പൂർ അഥവാ സാൻതോം. ആദ്യസ്ഥലം പ്രാർത്ഥനാസ്ഥലവും, രണ്ടാംസ്ഥലം രക്തസാക്ഷിത്വം വരിച്ച സ്ഥലവും, മൂന്നാം സ്ഥലം സംസ്കരിക്കപ്പെട്ട സ്ഥലവുമാണ്. ഇന്നത്തെ ചെന്നൈ പട്ടണത്തോട് ചേർന്നു കിടക്കുന്ന ഈ മൂന്ന് സ്ഥലങ്ങളോടും ചേർന്ന് ധാരാളം കഥകളും പാരമ്പര്യങ്ങളുമുണ്ട്. മലബാറിൽ നിന്നും വി. ശ്ലീഹാ സുവിശേഷ

www.malankaralibrary.com

പ്രസംഗത്തിനായി ഇവിടെയെത്തിയെന്നും, അവസാനം രക്തസാക്ഷിത്വം വരിച്ച് മൈലാപ്പൂരിൽ സംസ്കരിക്കപ്പെട്ടു എന്നുമാണ് പാരമ്പര്യത്തിന്റെ സംഗ്രഹം. ഈ പാരമ്പര്യത്തെ ശക്തിപ്പെടുത്തുന്നതാണ് മൈലാപ്പൂരിലുള്ള വി. ശ്ലീഹായുടെ ശവകുടീരം. ലോകത്തിൽ വേറെ എവിടെയും വി. ശ്ലീഹായുടെ പേരിൽ വേറൊരു ശവകുടീരമില്ല. ഈ ശവകുടീരത്തെ പല വിദേശ സന്ദർശകരും കാലാകാലങ്ങളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പോർച്ചുഗീസുകാർ ഈ സ്ഥലത്തെ സാൻതോം എന്ന് വിളിച്ചതും ഈ ശവകുടീരത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണ്. തീർത്ഥാടകർ ധാരാളം പേർ മലബാറിൽ നിന്ന് പോകുന്നതായുള്ള രേഖകളും ഉണ്ട്. സൗഖ്യശക്തി ഉണ്ടെന്നുള്ള വിശ്വാസത്തിൽ കബറിടത്തിങ്കൽ നിന്ന് മണ്ണു ശേഖരിക്കുകയും, അത് വെള്ളത്തിൽ അലിയിച്ച് കുടിക്കുന്ന പാരമ്പര്യവും ഉണ്ട്. വിശുദ്ധന്റെ തിരുശേഷിപ്പ് എഡേസ്സക്ക് കൊണ്ടുപോയെന്നും, അവിടെനിന്നും കുരിശുയുദ്ധക്കാർ ഇറ്റലിയിലെ ഓർത്തോണയിലേക്ക് കൊണ്ടുപോയെന്നും വാദിക്കുന്നവരുണ്ട്. ഒർത്തോണ ഇന്നൊരു തീർത്ഥാടന കേന്ദ്രമാണ്.

## പാശ്ചാത്യ പാരമ്പര്യം

നാലാമത്തെ പാരമ്പര്യം പാശ്ചാത്യ പാരമ്പര്യമെന്നറിയപ്പെടുവാൻ കാരണം ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനം ഏതാണ്ട് മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സിറിയായിൽ സുറിയാനിയിൽ എഴുതപ്പെട്ട തോമായുടെ നടപടി എന്ന അപ്പോക്രിഫൽ ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിൽ ഗുണ്ടഫർ രാജാവിനെക്കുറിച്ച് സൂചനകളുണ്ട്. ഈയടുത്ത കാലത്തെ ചില കണ്ടെത്തലുകൾ ഈ രാജാവിനെക്കുറിച്ച് സൂചനകൾ നല്കുന്നുണ്ട്. ഈ ഗ്രന്ഥം വടക്കേ ഇൻഡ്യയിലെ വി. ശ്ലീഹായുടെ മിഷൻപ്രവർത്തനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഈ ഗ്രന്ഥം തന്നെ വി. ശ്ലീഹാ മസ്ദായി എന്ന രാജാവിന്റെ രാജ്യത്തിലേക്ക് പോയെന്നും, അവിടെ സുവിശേഷം പ്രസംഗിച്ചെന്നും, അവിടെ രക്തസാക്ഷിയായെന്നും സൂചിപ്പിക്കുന്നു. ഇത് ഒരു പക്ഷേ ദക്ഷിണേന്ത്യ ആകാം. ധാരാളം പുരാവസ്തു ഗവേഷണങ്ങൾ നടത്തിയെങ്കിലും തീർത്തും വ്യക്തമായ ഒരു നിഗമനത്തിലെത്താൻ കഴിഞ്ഞിട്ടില്ല.

ഇനി വി. ശ്ലീഹായുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ കുറിക്കട്ടെ. 2022 വി. ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികമായിരുന്നല്ലോ. വി. ശ്ലീഹായുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ പാരമ്പര്യങ്ങളാണുള്ളത്. വളരെ ലളിതമായ വിശദീകരണം വി. ശ്ലീഹാ ചിന്നമലയിൽ പ്രാർത്ഥിക്കുന്ന സമയത്ത് കുന്തം കൊണ്ട് കുത്തപ്പെട്ട്, വലിഞ്ഞിഴഞ്ഞ് പെരിയമലയിൽ എത്തി മരിച്ചു എന്നാണ്. വി. ശ്ലീഹായിടെ അത്ഭുത പ്രവർത്തനങ്ങളിൽ അസൂയാലുക്കളായ അന്യമത വിഭാഗത്തിൽപ്പെട്ടവരുടെ പ്രേരണയാൽ വി. ശ്ലീഹാ വധിക്കപ്പെട്ടുവെന്നും പാരമ്പര്യമുണ്ട്. തന്റെ പ്രാർത്ഥനാസ്ഥലമായ ചെറിയമലയിൽ പ്രാർത്ഥനയുടെ ഇടയ്ക്കാണ് ആക്രമണം ഉണ്ടായതെന്ന് എല്ലാ പാരമ്പര്യങ്ങളും സാക്ഷിക്കുന്നു. അഞ്ചാം നൂറ്റാണ്ടിലെ രക്തസാക്ഷികളെക്കുറിച്ചുള്ള ഒരു വിവരണത്തിൽ വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വ ദിനം ജൂലൈ മൂന്നായി രേഖപ്പെടുത്തിയിരിക്കുന്നു. മലബാറിലെ ക്രൈസ്തവ സമൂഹം പരമ്പരാഗതമായി ജൂലൈ മൂന്ന് മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന (ഓർമ്മ) ദിനമായി വലിയ ആഘോഷത്തോടെ ആചരിക്കുന്നു.

വി. തോമാശ്ലീഹായുടെ ഭാരതപ്രേഷിതവേലയും രക്തസാക്ഷിത്വവും സമകാലീന ചരിത്രരേഖകളുടെ സഹായത്തോടെ തെളിയിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. പാരമ്പര്യങ്ങൾ, ഈ പാരമ്പര്യങ്ങളിൽ ജീവിക്കുന്ന ഒരു സമൂഹം, അപ്പസ്തോലന്റെ നാമത്തിലുള്ള ഒരു ക്രൈസ്തവ സമൂഹം, ലോകത്തിൽ വേറെങ്ങും ഇതേ നാമത്തിലുള്ള ഒരു ക്രൈസ്തവ സമൂഹം ഇല്ലാതിരിക്കുക. അപ്പസ്തോലന്റെ നാമത്തിൽ വേറൊരു കല്ലറ ഇല്ലാതിരിക്കുക, ഇവയെല്ലാം വി. തോമാശ്ലീഹായുടെ ഭാരത പ്രേഷിത പ്രവർത്തനത്തിന്റെയും, രക്തസാക്ഷിത്വത്തിന്റെയും ചരിത്ര സാധ്യതക്ക് ശക്തി കൂട്ടുന്നു. കൂടാതെ മലബാറും വിദേശ രാജ്യങ്ങളുമായി നിലനിന്ന കച്ചവടത്തിനായുള്ള വഴികൾ വി. തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ സാധ്യത വർദ്ധിപ്പിക്കുന്നു. പാരമ്പര്യങ്ങൾക്ക് ചരിത്രഗവേഷണത്തിൽ കൊടുക്കുന്ന പ്രാധാന്യം ഇവിടെ നിഷേധിക്കുവാൻ സാധിക്കുകയില്ല. വിശ്വാസികളുടെ ഹൃദയങ്ങളിൽ ആഴമായി രൂപപ്പെട്ട അപ്പസ്തോലിക പാരമ്പര്യം സമകാലീന സാക്ഷ്യങ്ങളേക്കാൾ ശക്തമാണ്.

## മെത്രാഭിഷേക വാർഷികം (1997)



അഭി. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

www.malankaralibrary.com



# എക്യുമെനിക്കൽ ചിന്തകളിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ



**ഫാ. ഡാനിയേൽ ബഥേൽ**

(KCBC Ecumenism and Inter-Religious Dialogue Commission Secretary)

## ആമുഖം

ക്രിസ്തു ശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനും ആയ മാർത്തോമ്മാ ശ്ലീഹായുടെ ധീര രക്തസാക്ഷിത്വത്തിന്റെ 1950 വർഷങ്ങൾ പിന്നിടുമ്പോൾ കേരളത്തിലെ അപ്പോസ്തോലിക പൈതൃകം പേറുന്ന സഭകൾ ഒരുമിച്ചു ക്രിസ്തുസാക്ഷ്യം നിർവഹിക്കുന്ന എക്യുമെനിക്കൽ ചിന്തകൾക്ക് പ്രസക്തിയും ആവശ്യകതയും ഏറുന്നുണ്ട്. ഉത്ഥിതനായ ക്രിസ്തു നൽകിയ "നിങ്ങൾ എനിക്ക് സാക്ഷികളാവുക" (അപ്പ;1:8) എന്ന ആഹ്വാനം ആണ് സഭ അവളുടെ ദൗത്യ നിർവഹണത്തിലൂടെ ഈ ലോകത്തിൽ പൂർത്തീകരിക്കുന്നത്. ആദിമ സഭാകൂട്ടായ്മ, അവളുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ ഈ ആഹ്വാനത്തിനു യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ, വ്യത്യാസം ഇല്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്നായിരുന്നു കൊണ്ട് നേർസാക്ഷ്യം വഹിച്ചു. (ഗലാ 3:28). യേശു തന്റെ കുരിശുമരണത്തിന് തൊട്ടുമുമ്പ് നടത്തിയ പുരോഹിത പ്രാർത്ഥനയിൽ "എല്ലാവരും ഒന്നായിരിക്കുന്നതിന്" (യോഹ17:21) വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ഈ പ്രാർഥനയെ സാക്ഷാത്കരിക്കുവാൻ നാം ഒരുമിച്ചു ഇനിയും യാത്ര ചെയ്യേണ്ടതുണ്ട്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൗത്യം

ചരിത്രത്തിന്റെ ഗതി വിഗതികളിൽ ക്രിസ്തുസാക്ഷ്യത്തിനു മങ്ങലേൽക്കുന്ന തരത്തിലുള്ള വിഭജനങ്ങൾ സഭയിലുണ്ടായി എന്നത് യാഥാർഥ്യമാണ്. ഭാരതസഭയിലും, പ്രത്യേകിച്ചു മാർതോ

മാ ക്രിസ്ത്യാനികളുടെ ഇടയിലും ഈ വിഭജനം സംഭവിച്ചു. നൂറ്റാണ്ടുകളിലൂടെ അനുഭവിച്ച ഐക്യത്തിന് ഏറ്റ വിള്ളൽ നികത്തുക എന്നത് ഐക്യത്തിന് സാക്ഷ്യം വഹിക്കാൻ പ്രത്യേകം നിയോഗം ലഭിച്ച സഭാസമൂഹം എന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കടമയും ഉത്തരവാദിത്വവും ആണ്."സഭയുടെ ഓരോ നവീകരണവും അടിസ്ഥാനപരമായി അവളുടെ സ്വന്തം വിളിയോടുള്ള വിശ്വസ്തതയുടെ വർദ്ധനവിലാണ്. നിസ്സംശയമായും ഇതാണ് ഐക്യത്തിലേക്കുള്ള മുന്നേറ്റത്തിന്റെ അടിസ്ഥാനം." (UR:6). പുനരൈക്യ പ്രസ്ഥാനവും എക്യൂമെനിസവും ഐക്യത്തിനും സഹവർത്തിത്തത്തിനും ഉള്ള വ്യത്യസ്ത വഴികൾ എന്ന നിലയിൽ പ്രായോഗികവും പ്രസക്തവുമാണ്. ഇവ വ്യക്തിഗത സഭകളുടെ തനിമയും അന്തഃസത്തയും വ്യക്തികൾക്ക് ആദരവോടെ അറിയാനും അനുഭവിക്കാനുമുള്ള സ്രോതസ്സുകൾ ആണ് .

പല മതങ്ങളുടെയും ഉത്ഭവസ്ഥാനമായ ഭാരതത്തിൽ ക്രിസ്തുവിനു ഏകീകൃത സാക്ഷ്യം നൽകുക എന്നത് നമ്മുടെ ഉത്തരവാദിത്വവും കടമയുമാണ്."പൗരസ്ത്യ സഭകൾ പൊതു കൂട്ടായ്മയിൽ നിന്നും പിരിഞ്ഞിരിക്കുമ്പോഴും, യഥാർത്ഥ കൂദാശകളും, എല്ലാറ്റിലുമുപരിയായി അപ്പോസ്തോലിക പിന്തുടർച്ച, പൗരോഹിത്യം, കുർബാന ഇവയെല്ലാം ഉള്ളതിനാൽ ഇവയിലൂടെ തന്നെ ഈ സഭകൾ നമ്മോട് ഏറ്റവും അടുത്ത ബന്ധം പുലർത്തുന്നു"(UR:15).മതങ്ങൾ തമ്മിലുള്ള ഒത്തുചേരലുകളും സംവാദവും സൗഹാർദവും ഇവിടെ നിലനിൽക്കുമ്പോൾ ക്രിസ്തീയ സഭകൾ കൂട്ടായ്മയിലായിരുന്ന് ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും പ്രസക്തമായ ഒരു ശുശ്രൂഷ നിർവഹിക്കാനുണ്ട്. ആയതിനാൽ കേരളസഭയിൽ ഭൂരിപക്ഷം വരുന്ന മാർതോമാക്രിസ്ത്യാനികളുടെ ഇടയിൽ നിലനിൽക്കുന്ന അകൽച്ചകളെ എക്യൂമെനിക്കൽ സംവാദം, പ്രാർത്ഥന, പഠനം എന്നിവയിലൂടെ ലഘൂകരിക്കാൻ ഉതകുന്ന പുതുവഴികൾ കണ്ടെത്തേണ്ടത് കാലഘട്ടത്തിന്റെ കൂടെ ആവശ്യമാണ്.

## ഐക്യം; ഒരു സുവിശേഷ സാക്ഷ്യം

എക്യൂമെനിസം എന്നത് ഏതെങ്കിലും ഒന്ന് മറ്റൊന്നിൽ ലയിക്കുന്നതോ, കൂടി കലരുന്നതോ ആയ പ്രവർത്തനമോ അതിനുള്ള പരിശ്രമമോ അല്ല. മറി

## പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം



*തിരുവല്ല അതിരൂപതയുടെ പതിനെട്ടാമത് പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം ജൂൺ 10-ാം തീയതി തിരുവല്ല ശാന്തിനിലയത്തിൽ ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി അമൽജ്യോതിയിൽ നടന്ന അക്രമ സമരങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അപലപിച്ചു. പുതിയ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ഡോ. വർഗ്ഗീസ് കെ. ചെറിയാൻ തെരഞ്ഞെടുക്കപ്പെട്ടു. കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി പ്രൊഫ. റവ. ഡോ. റോയി കടുപ്പിൽ ക്ലാസ്സ് നയിച്ചു. ഡിസംബർ 1, 2, 3 തീയതികളിൽ സഭാതലത്തിൽ നടത്തപ്പെടുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിന് ഒരുക്കമായി അതിരൂപതാ മേഖലാ തലങ്ങളിൽ ദിവ്യകാരുണ്യ കോൺഗ്രസ്സ് നടത്തപ്പെടും എന്ന് ആർച്ചുബിഷപ്പ് അറിയിച്ചു.*

www.malankaralibrary.com


ച്ചു വിവിധ സഭാ കൂട്ടായ്മകൾ ചേർന്നുള്ള സഹയാത്ര കൂടുതൽ ആശാവഹവും പ്രോത്സാഹനജനകവുമായ പരസ്പരധാരണയിലേക്കും സഹവർത്തിത്വത്തിലേയ്ക്കും നയിക്കാൻ സഹായകമായ ഒന്ന് എന്നുള്ളതാണ്. ചരിത്രത്തെയും ക്രിസ്തു വചനങ്ങളെയും പുനർവായിക്കാനും, വിദ്വേഷം, വിഭജനം, ശത്രുത ഇവയുടെ മതിലുകൾ തകർക്കാനും ഉതകുന്ന ഒരു ആത്മീയ പരിസരം നമുക്കാവശ്യമാണ്. വിവിധ സഭാ സമൂഹങ്ങൾ തമ്മിൽ പാരമ്പര്യങ്ങളിലും ആരാധനാരീതികളിലും സംസ്കാരത്തിലുമെല്ലാമുള്ള വൈവിധ്യങ്ങൾ നിലനിൽക്കുമ്പോഴും ക്രിസ്തുവിന്റെ രക്ഷാകരകർമ്മങ്ങളുടെ ഫലപ്രാപ്തിയിലേക്ക് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് സഭകളുടെ ഐക്യത്തിന് നിദാനം.

“സുവിശേഷത്തിന്റെയും രക്ഷാകര കർമ്മത്തിന്റെയും കാതലായ സന്ദേശം ഐക്യമാണെങ്കിൽ, വിഭജനമെന്നത് സഭയുടെ പല പ്രശ്നങ്ങളിൽ ഒന്നല്ല, മറിച്ചു അത് അവളുടെ അസ്തിത്വത്തെത്തന്നെ ബാധിക്കുന്ന ഗൗരവമേറിയ പ്രശ്നമാണ്. അതുകൊണ്ടു സഭയുടെ പരമ്പരാഗതമായ പല പ്രവർത്തനങ്ങളോട് ചേർത്ത് വയ്ക്കുന്ന ഒരു അനുബന്ധമല്ല എക്യൂമെനിസം, അത് അവളുടെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും ഭാഗമാണ്. തൽഫലമായി സഭ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും അത് വ്യാപിക്കേണ്ടതുണ്ട്” (UUS 20). ‘സഭയിൽ ഐക്യം ഒരിക്കലും നഷ്ടപ്പെടാത്ത ഒന്നായി നിലനിൽക്കുന്നുണ്ടെന്നും, കാലാവസാനം വരെ അത് വർധിച്ചുകൊണ്ടിരിക്കുമെന്നും സഭ പ്രതീക്ഷിക്കുന്നു” (UR 4).

## സുവിശേഷ പ്രഘോഷണം മുഖ്യ ലക്ഷ്യം

“എന്റെ കർത്താവും എന്റെ ദൈവവുമേ” എന്ന മാർത്തോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം തന്റെ ജീവിതത്തിലുടനീളം പരിപാലിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ശ്ലീഹന്മാരുടെ കൂട്ടായ്മയിൽ നിന്ന് മാർത്തോമാ ശ്ലീഹ പുറപ്പെടുമ്പോൾ ആദിമ ക്രൈസ്തവ സമൂഹം പാലിച്ചിരുന്ന പല ഗുണപരമായ മേന്മകളും കൈമുതലായി സൂക്ഷിച്ചിരുന്നു. (അപ്പ: 2:43) ‘വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമായി’, (അപ്പ: 8:4) ‘ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചുകൊണ്ട് ചുറ്റി സഞ്ചരിച്ചു’ എന്നിവ ആദിമ ക്രൈസ്തവ ജീവിത മാതൃകകൾ ആണ്. മാർതോമാശ്ലീഹായുടെ വിശ്വാസ പാരമ്പര്യം പേറുന്ന സീറോ മലബാർ സഭ, സീറോ മലങ്കര കത്തോലിക്കാസഭ, മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ, സിറിയൻ ഓർത്തഡോക്സ്സഭ, കിഴക്കിന്റെ അസ്സീറിയൻ സഭ, മാർതോമ സഭ, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ, ക്നാനായ സഭാസമൂഹം, സി എസ് ഐ തുടങ്ങി ഇവരെല്ലാം തങ്ങളുടെ അപ്പോസ്തോലിക വിശ്വാസം ശ്ലീഹായിൽ കണ്ടെത്തുമ്പോൾ തന്നെ അടിസ്ഥാനപരമായി ‘കൂട്ടായ്മക്ക്’ സാക്ഷികളാവുകയാണ്. കത്തോലിക്കാ സഭയിൽ വ്യക്തിഗത സഭകളുടെ കൂട്ടായ്മ വൈവിധ്യങ്ങളുടെ നടുവിൽ ഐക്യത്തിന്റെ സാക്ഷ്യമായി മാറുന്നത് പോലെ, തോമാശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യത്തിൽ രൂപമെടുത്ത ഈ സഭാ വിഭാഗങ്ങൾ തമ്മിലുള്ള സഹവർത്തിത്വം ക്രിസ്തീയ ഐക്യത്തിന്റെ ദൈവശാസ്ത്രപരമായ അനിവാര്യതയെ ചൂണ്ടിക്കാട്ടുന്നുണ്ട്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുള്ളത് ഇങ്ങനെ ആണ്, “ക്രിസ്ത്യാനികളെ തമ്മിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറച്ചു മാത്രമേ നമ്മെ വിഭജിപ്പിക്കുന്ന ഘടകങ്ങൾ നിലനിൽക്കുന്നുള്ളൂ” (UUS 22). കേരള സഭയ്ക്ക് നിലയ്ക്കൽ സെന്റ് തോമസ് എക്യൂമെനിക്കൽ ദേവാലയം ഈ രംഗത്ത് നിസ്തുലവും സജീവവുമായ ഒരു ആത്മീയത സമ്മാനിക്കുന്നുണ്ട്. എന്നാൽ, ഇന്ന് പല ഇടങ്ങളിലും നിലനിൽക്കുന്ന എക്യൂമെനിക്കൽ സുവിശേഷ പ്രഘോഷണയോഗങ്ങൾക്കപ്പുറത്തേക്കു വളരാൻ നമുക്കാകണം. മിഷൻ പ്രദേശങ്ങളിൽ പരസ്പര ധാരണയോടുള്ള സമീപനങ്ങൾ ക്രിസ്തുവിനെ അറിയാത്തവരുടെ ഇടയിൽ സുവിശേഷ പ്രഘോഷണത്തിനു ത്വരിത ഗതിയേകും.

## എക്യൂമെനിസം; കാലഘട്ടത്തിന്റെ ആവശ്യം

യേശുവിനോടും അവിടുത്തെ സുവിശേഷത്തോടും സമർപ്പണവും പ്രതിബദ്ധതയുമുള്ള ഒരു ക്രിസ്ത്യാനിക്കും കേരളസഭയുടെ ഇന്നത്തെ സാഹചര്യത്തിൽ എക്യൂമെനിസത്തിന്റെ അനിവാര്യതയെകുറിച്ചു നിസ്സംഗത പുലർത്താൻ കഴിയില്ല. ഒരു ജനാധിപത്യ മതേതര രാജ്യമായ ഭാരതത്തിൽ മതന്യൂനപക്ഷങ്ങൾ നേരിടുന്ന അവഗണനയും ധ്രുവീകരണങ്ങളും പെരുകി വരുന്ന സാഹചര്യത്തിൽ എക്യൂമെനിക്കൽ പ്രവർത്തനങ്ങൾക്ക് പ്രസക്തമായ പങ്കും സമൂഹ മനഃസാക്ഷിക്ക് മുൻപിൽ ഒരു ചാലക ശക്തി ആകാനുള്ള സവിശേഷമായ വിളിയും ഉണ്ട്.

## ഉപസംഹാരം

കേവലം ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിലുള്ള അവകാശവാദങ്ങൾക്ക് ക്രിസ്തു സാന്നിധ്യത്തിന്റെ സാക്ഷ്യമായി, ഐക്യത്തിന്റെ കൂദാശയാകാൻ കഴിയില്ല. ഒരേ ക്രിസ്തുവിനെ പ്രഘോഷിക്കുകയും എന്നാൽ പരസ്പരം അംഗീകരിക്കാൻ വിസമ്മതിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുമ്പോൾ നാം നൽകുന്ന വിരുദ്ധ സാക്ഷ്യം ക്രിസ്തുവിന്റെ ശരീരത്തിന് ഏല്പിക്കുന്ന മുറിവ് വലുതാണ്. സുവിശേഷവൽക്കരണ പാതയിൽ ഇടർച്ചയും അപവാദവുമായി മാറുന്ന വിഭജനത്തിന്റെ ഘടകങ്ങളെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ സഭാനേതൃത്വങ്ങൾക്ക് കഴിയട്ടെ എന്ന് പ്രത്യാശിക്കാം പ്രാർത്ഥിക്കാം. ഒരേ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ പരസ്പരം മെച്ചപ്പെടാൻ സഹായിക്കാം. ●

www.malankaralibrary.com



# മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം

ജൂലൈ മൂന്ന് മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ ദിനം. മാർത്തോമ്മാ നസ്രാണി പൈതൃകം പേറുന്ന സഭകളെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ദിവസം. ഇക്കഴിഞ്ഞ ദുക്റാനത്തിരുനാളിൽ വിവിധ സഭകളുടെയും ഭദ്രാസനങ്ങളുടെയും ഇടവകകളുടെയും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ വിവിധ ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. വിവിധ വാർത്താമാധ്യമങ്ങളിലൂടെ വരുംവർഷങ്ങളിലും ഇതേപോലൊക്കെ തന്നെ വിവിധ ആഘോഷപരിപാടികൾ തുടർന്നുകൊണ്ടിരിക്കും. ഭാരതനാട്ടിൽ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വെളിച്ചം പകർന്നു തന്ന അപ്പസ്തോലന്റെ രക്തസാക്ഷിദിനം ഇങ്ങനെയൊക്കെ ആചരിച്ചാൽ മതിയോ എന്ന ചോദ്യത്തിന് വളരെയേറെ പ്രസക്തിയുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിരുന്നാൾ, മാർത്തോമ്മാ നസ്രാണികൾ എല്ലാവരും കൂടി ഒന്നിച്ച് ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ട വലിയ പെരുന്നാൾ ദിനമല്ലേ? ഈ ദിനം വിവിധ സഭകളുടെ തലവന്മാരും സഭാ മേലദ്ധ്യക്ഷന്മാരും വൈദികരും ദൈവജനത്തോടൊപ്പം ഒന്നിച്ച് നിന്ന്, ഒരേ അൾത്താരയിൽ വി. കുർബാന അർപ്പിക്കേണ്ടതല്ലേ? ഒന്നിച്ചുനിന്ന് ബലി അർപ്പിക്കാൻ എന്ന് സാധിക്കുന്നുവോ അന്നു മാത്രമെ സഭൈക്യം പൂർണ്ണമാകൂ എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. അതിനായുള്ള പ്രാർത്ഥനയും പരിശ്രമങ്ങളുമാകണം സഭൈക്യ പ്രസ്ഥാനങ്ങളുടെയും എല്ലാ സഭകളുടെയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ടത്. ഭിന്നിച്ചു നില്ക്കുന്നവർ വ്യത്യസ്തതകളെ ഉൾക്കൊണ്ടുകൊണ്ടുതന്നെ, ക്രിസ്തു ആഗ്രഹിക്കുന്ന ഐക്യത്തിലേയ്ക്ക് വരേണ്ടതുണ്ട്. അതിന് ഉതകുന്ന ഏതാനും ചില ചിന്തകളാണ് ഈ ലേഖനത്തിൽ പങ്കുവയ്ക്കാനാഗ്രഹിക്കുന്നത്.



**ഫാ. ജോർജ് തേക്കടയിൽ**
**(സെക്രട്ടറി, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എക്യുമെനിക്കൽ കമ്മീഷൻ)**

www.malankaralibrary.com

## 1. സഭൈക്യം സ്വന്തം തറവാട്ടിൽ നിന്ന് തന്നെ ആരംഭിക്കാം

17-ാം നൂറ്റാണ്ടിന് മുൻപ്; കൃത്യമായി പറഞ്ഞാൽ 1653 ലെ കൂനൻ കുരിശു സത്യത്തിന് മുൻപ് വരെ മാർത്തോമ്മാ നസ്രാണി സഭ ഭിന്നിപ്പുകളും അനൈക്യങ്ങളുമില്ലാതെ ജീവിച്ച സഭയായിരുന്നു. വസ്തുനിഷ്ഠമായും നിഷ്പക്ഷമായും സഭാചരിത്രം പഠിക്കുന്നവർക്കറിയാം; മാർത്തോമ്മാ മാർഗ്ഗത്തിൽ ജീവിച്ച നസ്രാണികൾ വിശ്വാസത്തിൽ ക്രിസ്തീയവും സംസ്കാരത്തിൽ ഭാരതീയവും ആരാധനക്രമ പൈതൃകത്തിൽ പൗരസ്ത്യ സുറിയാനിയും ആയിരുന്നുവെന്ന്. പോർച്ചുഗീസ് ആഗമനത്തെ തുടർന്ന് സംഭവിച്ച ഉദയംപേരൂർ സൂന്നഹദോസും, തുടർന്ന് സംഭവിച്ച കൂനൻകുരിശു സത്യവും, ആലങ്ങാട് പള്ളിയിൽ വച്ച് തോമ്മാ ആർച്ചുഡീക്കനെ പന്ത്രണ്ടു വൈദികർ ചേർന്ന് "മെത്രാനാക്കിയതും" തുടർന്ന് പഴയകൂർ, പുത്തൻകൂർ സഭകളായി സാഹചര്യ സമ്മർദ്ദങ്ങൾ മൂലം വേർപിരിയലിന്റെ അവസ്ഥയിലേയ്ക്ക് മാർത്തോമ്മാ നസ്രാണികൾ എത്തിച്ചേർന്നതുമെല്ലാം ചരിത്ര സത്യങ്ങളാണ്. അന്ത്യോക്യൻ യാക്കോബായ സഭയുടെ ഇടപെടലുകളും ആംഗ്ലിക്കൻ മിഷനറിമാരുടെ മിഷൻ പ്രവർത്തനങ്ങളും മൂലം വീണ്ടും മാർത്തോമ്മാ നസ്രാണി സഭയിൽ ഭിന്നതകളുണ്ടായി. മാർത്തോമ്മാ നസ്രാണി സഭയിൽ ഭിന്നതയുണ്ടായ പതിനേഴാം നൂറ്റാണ്ടു മുതൽ തന്നെ ഒന്നിപ്പിനുള്ള ശ്രമങ്ങളും ആരംഭിച്ചിരുന്നു. 1930 സെപ്റ്റംബർ 20 ന് ഓർത്തഡോക്സ് സഭയിലെ ബഥനിയുടെ മെത്രാപ്പോലീത്ത ആയിരുന്ന ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യ സംഭവം നൂറ്റാണ്ടുകളായി പൂർവ്വപിതാക്കൾ സ്വപ്നം കണ്ട മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ഐക്യമെന്ന യാഥാർത്ഥ്യത്തിലേയ്ക്കുള്ള വലിയൊരു ചുവടുവയ്പായിരുന്നു. "സത്യമേവ ജയതേ" എന്നതാണല്ലൊ ഭാരതത്തിന്റെ ആപ്ത വാക്യം. മാർ ഈവാനിയോസ് മുമ്പോട്ടു വച്ച കാൽ സത്യത്തിലേയ്ക്ക് ഉള്ള ഒരു ചുവടു വയ്പായിരുന്നു എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു.

എല്ലാ സഭകളും ഐക്യപ്പെടേണ്ടതല്ലേ, പിന്നെന്തിന് ആണ് മാർത്തോമ്മാ നസ്രാണി സഭകൾ മാത്രം ഐക്യപ്പെടണമെന്ന ചോദ്യം പ്രസക്തമാണ്. ഐക്യവും സഹവർത്തിത്വവും ആദ്യം തുടങ്ങേണ്ടത് സ്വന്തം തറവാട്ടിൽ നിന്നുതന്നെയാകണമല്ലൊ. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പൈതൃകത്തിന്റെ ചൈതന്യത്തിൽ അഭിമാനിക്കുന്ന നസ്രാണികൾ സഭൈക്യത്തിന് ആദ്യമെ തന്നെ ലോകത്തിലുള്ള മറ്റെല്ലാ സഭകൾക്കും മാതൃകയാകട്ടെ. ഭാരതസഭാചരിത്രത്തിൽ സംഭവിച്ച കയ്പേറിയതും ദുഃഖകരവുമായ സംഭവങ്ങൾ എല്ലാം ശുഭാപ്തി വിശ്വാസത്തോടെ സ്വീകരിക്കാൻ സഭകൾ തയ്യാറാകണം. അഞ്ച് നൂറ്റാണ്ടുകൾ മുൻപ് പോർച്ചുഗീസ് മിഷനറിമാർ ഇവിടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ അധീശത്വവും കടന്നുകയറ്റവും സഭയെ സ്നേഹിക്കുന്ന, അഭിമാനബോധമുള്ള ആർക്കും അത്ര വേഗം മറക്കാനാകില്ല. അവിടെയാണ് ക്രിസ്തുവിന്റെ വചനത്തിന്റെ പൊരുൾ നാം മനസ്സിലാക്കേണ്ടത്, "പിതാവേ, അവരോട് ക്ഷമിക്കേണമെ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). ക്രിസ്തീയതയെന്നാൽ നാനാത്വത്തിലുള്ള ഏകത്വമാണ് എന്നതിലുപരി ഐക്യരൂപം ആണെന്ന് പാശ്ചാത്യ മിഷനറിമാർ തെറ്റിദ്ധരിച്ചു. തങ്ങളുടെ രാഷ്ട്രീയ അധികാരത്തിന്റെയും സൈനിക പിൻബലത്തിന്റെയും പണസ്വാധീനത്തിന്റെയും ബലത്തിൽ അവർ മാർത്തോമ്മാ നസ്രാണി സമുദായത്തെ വിഭജനത്തിലേയ്ക്ക് നയിച്ചു.



## 2. "അടിസ്ഥാന വിഷയങ്ങളിൽ ഐക്യം, ഐച്ഛിക വിഷയങ്ങളിൽ സ്വാതന്ത്ര്യം, എല്ലാ കാര്യങ്ങളിലും സ്നേഹം"

പാശ്ചാത്യ സഭാപിതാവായിരുന്ന വി. അഗസ്തീനോസിന്റെ ഈ വാക്കുകൾ സഭൈക്യ കാര്യത്തിലും പ്രസക്തമാണ്. ക്രിസ്തീയ സഭയുടെ അടിസ്ഥാനമെന്നത് വിശ്വാസം, കൂദാശകൾ, സന്മാർഗ്ഗം, ഹയരാർക്കി എന്നീ ഘടകങ്ങളാണ്. ഈ വിഷയങ്ങളിലാണ് സഭകൾ പ്രധാനമായും ഐക്യത്തിലാകേണ്ടത്. ഓരോ സഭയ്ക്കും തനതായ ആരാധനക്രമം, ആദ്ധ്യാത്മിക ശൈലി, ദൈവശാസ്ത്ര ചിന്താഗതികൾ, ശിക്ഷണക്രമങ്ങൾ അഥവാ കാനോനിക നിയ

www.malankaralibrary.com



മങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയെല്ലാമുണ്ട്. പാശ്ചാത്യ ദൈവശാസ്ത്രവും പൗരസ്ത്യ ദൈവശാസ്ത്രവുമുണ്ട്. പാശ്ചാത്യ ആരാധനക്രമവും പൗരസ്ത്യ ആരാധനക്രമവുമുണ്ട്, പാശ്ചാത്യ – പൗരസ്ത്യ ആദ്ധ്യാത്മിക ശൈലികളുണ്ട്, പാശ്ചാത്യ – പൗരസ്ത്യ ശിക്ഷണക്രമങ്ങളുണ്ട്. അവയൊന്നും അടിസ്ഥാന വിശ്വാസങ്ങളെ ഹനിക്കുന്നവയല്ല. എന്നാൽ അവ ഒരിക്കലും ഏക വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചു പോകാനും പാടില്ല. എല്ലാ കാര്യങ്ങളിലും സ്നേഹം എന്ന തത്വം സഭകളുടെ അടിസ്ഥാന ലക്ഷ്യമായ സുവിശേഷപ്രഘോഷണ രംഗത്ത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. വിശ്വാസത്തിൽ ഐക്യത്തിലാകുന്ന സഭകൾ പരസ്പരം മത്സരിക്കേണ്ടവരല്ല. ഓരോ സഭയും അവരവരുടെ വ്യക്തിത്വവും ദൗത്യവും തിരിച്ചറിഞ്ഞ് പരസ്പര സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും വഴിയിലൂടെ സുവിശേഷ പ്രഘോഷണം നടത്തേണ്ടതുണ്ട്.

### 3. ഉറവിടങ്ങളിലേയ്ക്ക് മടങ്ങണം

ഉറവിടങ്ങളിലേയ്ക്ക് ദൈവജനം തിരിച്ചൊരു തീർത്ഥാടനം നടത്തേണ്ടത് സഭൈക്യത്തെ സംബന്ധിച്ച് അവശ്യഘടകമാണ്. സഭകളുടെ ഐക്യം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെങ്കിൽ അനൈക്യം പൈശാചിക പ്രവൃത്തിയാണ്. "ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ" പൈശാചികത സഭയിൽ നിന്നും ഒഴിഞ്ഞു പോകില്ല. ആത്മീയ എക്യുമെനിസത്തിന് വളരെയേറെ പ്രസക്തിയുള്ള കാലമാണ്. സഭൈക്യവാര പ്രാർത്ഥനയുടെ സമയങ്ങളിലൊ, എക്യുമെനിക്കൽ മീറ്റിംഗുകൾ കൂടുമ്പോഴുള്ള പ്രാർത്ഥനയൊ കൊണ്ട് ഐക്യം സാധ്യമാകില്ല. സഭകളിലെ പിതാക്കന്മാരും വൈദികരും ദൈവജനവും സഭൈക്യത്തിനായി നിരന്തരം പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണ്. നൂറുകൂട്ടം കാര്യങ്ങളുടെ ഇടയിൽ സഭൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ എവിടെയാണ് സമയം? യേശുക്രിസ്തുവിന്റെ പുരോഹിത പ്രാർത്ഥനയിൽ തന്നിൽ വിശ്വസിക്കുന്നവരുടെ ഐക്യത്തിനായി അവിടുന്ന് പ്രാർത്ഥിച്ചത് നാം പലപ്പോഴും മറക്കുന്നു. മനുഷ്യരുടെ പ്രയത്നങ്ങളോടൊപ്പം പരിശുദ്ധാത്മാവിന്റെ ഇടപെടലും ഐക്യത്തിന് അത്യാവശ്യ ഘടകമാണ്.

**സഭകളുടെ ഐക്യം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെങ്കിൽ അനൈക്യം പൈശാചിക പ്രവൃത്തിയാണ്. "ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ" പൈശാചികത സഭയിൽ നിന്നും ഒഴിഞ്ഞു പോകില്ല.**

യേശുക്രിസ്തു തന്റെ സുവിശേഷ ദൗത്യം സഭയെ ഭരമേല്പിക്കുന്നത് അപ്പസ്തോലന്മാരിലൂടെ ആയിരുന്നു. അപ്പസ്തോല സംഘത്തിന് ഒരു നേതാവുണ്ടായിരുന്ന കാര്യം ദൈവവചനം വളരെ കൃത്യമായി വെളിപ്പെടുത്തുന്നുണ്ട്. രണ്ടായിരം വർഷങ്ങൾ ആയിട്ടും ഈ വിഷയങ്ങളെക്കുറിച്ച് ഉള്ള അവരവരുടെ ഭാഗം ന്യായീകരിച്ചു കൊണ്ടിരിക്കുകയാണിന്നും. ദൈവവചനം അവരവരുടെ ബുദ്ധിയും യുക്തിയും അനുസരിച്ച് വ്യാഖ്യാനിച്ച് പുതിയ പുതിയ ദൈവശാസ്ത്ര കണ്ടെത്തലുകൾ നടത്തിക്കൊണ്ടിരിക്കാതെ വചനം വിശ്വസിക്കാനും പാലിക്കാനും ശ്രമിക്കുക.

സഭയുടെ പാരമ്പര്യങ്ങളെ ആശ്രയിക്കേണ്ടതും അവിഭാജ്യഘടകമാണ്. ക്രിസ്തു പറഞ്ഞതും, ചെയ്തതുമായ എല്ലാ കാര്യങ്ങളും വി. സുവിശേഷങ്ങളിൽ എഴുതപ്പെട്ടിട്ടില്ല എന്ന് വചനം തന്നെ പറയുന്നു. അതുകൊണ്ടാണ് അപ്പസ്തോലന്മാരിലൂടെ അനുഭവിച്ചറിഞ്ഞ പാരമ്പര്യത്തെ സഭകൾ പൊതുവെ മുറുകെ പിടിക്കുന്നത്. യേശുക്രിസ്തു തന്നെയും അനേകം പാരമ്പര്യങ്ങളുടെ പൂർത്തീകരണമാണല്ലൊ. തിരുവചനത്തിലെ പ്രവാചകന്മാരും പ്രബോധകരുമെല്ലാം ക്രിസ്തുവിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ക്രിസ്തുവിന്റെ വംശാവലി സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പാരമ്പര്യത്തിലേയ്ക്കും പൈതൃകത്തിലേയ്ക്കും വിരൽ ചൂണ്ടുന്നു. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളും, മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും പെന്തക്കൊസ്തിയുമെല്ലാം പഴയനിയമ പാരമ്പര്യങ്ങളുടെ പൂർത്തീകരണമാണല്ലൊ. ക്രിസ്തുവിൽ പൂർത്തീകരിച്ച എല്ലാ രക്ഷണ്യവ്യാപാരങ്ങളും ഇന്ന് സഭയിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു. സഭൈക്യവിഷയങ്ങളിൽ ദൈവവചനത്തോടൊപ്പം സഭയുടെ വിശുദ്ധ പാരമ്പര്യവും പ്രധാനമാണ്.

### 4. സഭകളുടെ വല്ല്യേട്ടൻ മനോഭാവം മാറണം

"യേശു അവരോടു പറഞ്ഞു; അന്തശ്ഛിദ്രമുള്ള ഏതു രാജ്യവും നശിച്ചു പോകും. അന്തശ്ഛിദ്രമുള്ള നഗരമൊ ഭവനമൊ നിലനില്ക്കുകയില്ല" (മത്താ. 12:25). ചിലയാളുകൾ പറയാറുണ്ട്; സഭയിൽ പിളർപ്പുകൾ ഉണ്ടായത് നല്ല കാര്യമല്ലേ? പിളർപ്പുകൾ ഉണ്ടായതുകൊണ്ട് സഭ വളരുകയല്ലേ? എന്നൊക്കെ. വളരെ തെറ്റായ ഒരു മനോഭാവമാണിതെന്ന് പറയാതിരിക്കാനാവില്ല. ഒരു രാഷ്ട്രീയ നേതാവ് രാഷ്ട്രീയ പാർട്ടിയുടെ പിളർപ്പിനെ സംബന്ധിച്ചു നടത്തിയ പരാമർശം ഓർമ്മയിൽ വരുന്നു: "വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പാർട്ടി" എന്ന്. പിളർന്നും വളർന്നും അവസാനം ആ രാഷ്ട്രീയ പാർട്ടികളൊക്കെ ഏതാണ്ട് അന്ത്യശ്വാസം വലിക്കുന്ന

www.malankaralibrary.com



അവസ്ഥയിലായി. ക്രൈസ്തവ സഭയുടെ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് മനുഷ്യരല്ല; ദൈവമാണ്. ദൈവത്തിന്റെ മനസ്സ് "എല്ലാവരും ക്രിസ്തുവിൽ ഒന്നാകണം" എന്നു തന്നെയാണ്. സഭ വൈരുദ്ധ്യങ്ങളിലും ഐക്യത്തിലാകണം എന്നു തന്നെയാണ് ദൈവം ആഗ്രഹിക്കുന്നത്. കാതോലികവും, ശ്ലൈഹീകവും, ഏകവും വിശുദ്ധവുമായ സഭയിൽ വിശ്വസിക്കുന്നു എന്ന് വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്ന ഓരോ വിശ്വാസിയും ഈ നാലു ഘടകങ്ങളുടെയും പൂർണ്ണതയായ ഐക്യത്തിനുവേണ്ടി, ക്രിസ്തുവിന്റെ സഭ എന്ന യഥാർത്ഥ മാതൃസഭയുടെ പൂർണ്ണതയ്ക്കായി പരിശ്രമിക്കണം.

ക്രിസ്തു പറഞ്ഞു; "നിങ്ങളിൽ വലിയവൻ ആകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്ക് മോചനദ്രവ്യമായി സ്വജീവൻ നല്കുവാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ" (മത്തായി 20:27-28). ആരാണ് വലിയവൻ എന്ന വിഷയം അപ്പസ്തോലന്മാരുടെ കാലം മുതൽ ഉണ്ടായിരുന്നു എന്ന് വചനം സാക്ഷിക്കുന്നു. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടെ ക്രിസ്തു സഭയുടെ കെട്ടും മട്ടും മാറി. ക്രൈസ്തവമതം ഔദ്യോഗിക മതമായതോടെ സഭയിലും രാജകീയ ശൈലി കടന്നുകൂടി. മാർത്തോമ്മാ നസ്രാണി സഭകളുടെ ഇടയിലെ അധികാരത്തർക്കവും താൻപോരിമ മനോഭാവവും ഞങ്ങളാണ് യഥാർത്ഥ പൈതൃകം പേറുന്ന മാർത്തോമ്മായുടെ അനുയായികൾ എന്ന ചിന്തയും മൂലം അകലാവുന്നയത്ര ദൂരത്തേയ്ക്ക് ഓരോ സഭയും അകന്നു കഴിഞ്ഞു. കഴിഞ്ഞുപോയ ഭൂതകാലങ്ങളിൽ, പൂർവ്വീകർക്കു പറ്റിയ വീഴ്ചകളും കുറവുകളും എണ്ണി എണ്ണി പറഞ്ഞ് ഇന്നും പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾ മുൻപ് അന്നത്തെ ചിന്താഗതിയും ലോകപരിചയവും ദൈവശാസ്ത്രകാഴ്ചപ്പാടുകളും ബൈബിൾ വ്യാഖ്യാനങ്ങളും എല്ലാം ഉൾക്കൊണ്ട് അന്നത്തെ ആളുകൾ നല്ലതെന്നു വിചാരിച്ചു ചെയ്ത പല കാര്യങ്ങളും നേർവിപരീതഫലങ്ങൾ ഉളവാക്കി. അതിന്റെ പരിണിതഫലം ഇന്നത്തെ തലമുറയും അനുഭവിച്ചുകൊണ്ടിരിക്കുന്നു.



## മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം: ചില പ്രായോഗിക നിർദ്ദേശങ്ങൾ

**1. ആത്മീയ എക്യുമെനിസം**

വിവിധ സഭകളിലെ സഭാതലവന്മാരും പിതാക്കന്മാരും ഒന്നിച്ചുള്ള ധ്യാനം, പ്രാർത്ഥന എന്നിവ നടത്തിയാൽ അത് സഭൈക്യ വിഷയങ്ങളിൽ പരിശുദ്ധാത്മ ഇടപെടലിന് സഹായമാകും.

ഇടവക പള്ളികളിൽ വി. കുർബാനയ്ക്കു ശേഷം സഭൈക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന നടത്തുക. എല്ലാ സഭകളിലെയും തലവന്മാർ അംഗീകരിച്ച ഒരു പ്രാർത്ഥന ഇടവക പള്ളികൾക്കും, സെമിനാരികൾക്കും, സന്യാസഭവനങ്ങൾക്കും, ധ്യാനകേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നത് നല്ലതാണ്.

**2. മൈലാപ്പൂരുള്ള മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിന്റെ പ്രാധാന്യം**

പൊതുവായി പറഞ്ഞാൽ, ക്രൈസ്തവർക്കെല്ലാം മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിന്റെ അപ്പസ്തോലനും ഇൻഡ്യയുടെ കാവൽ പിതാവുമാണ്. പ്രത്യേകമായി മാർത്തോമ്മാ നസ്രാണികളെ സംബന്ധിച്ച് നസ്രാണി സഭയുടെ തലവനും പിതാവുമാണ്. മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്തിൽ അഭിമാനം കൊള്ളുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും ഭാരത ക്രൈസ്തവ സമൂഹത്തിന്റെയും പൊതുപൈതൃകമാണ് ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന മൈലാപ്പൂരുള്ള കബറിട ദൈവാലയം. അത് ഭാരതസഭയുടെ മുഴുവൻ തീർത്ഥാടന കേന്ദ്രമാകേണ്ട സ്ഥലമാണ്. ഇക്കഴിഞ്ഞ സെന്റ് തോമസ് ദിനത്തിൽ മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷനും പിതാക്കന്മാരും വൈദികരും ദൈവജനവും ഒന്നിച്ചു ചേർന്ന് ബസിലിക്കാപള്ളിയിൽ വി. കുർബാനയർപ്പിച്ചത് സാമൂഹിക മാധ്യമങ്ങളിലൂടെ കണ്ടത് തന്നെ വലിയൊരു അനുഭവമായിരുന്നു. മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യത്തിലേയ്ക്ക് നടന്നടുക്കാൻ ഭാരതത്തിന്റെ കാവൽ പിതാവായ

www.malankaralibrary.com


മാർത്തോമ്മാ ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന സാന്തോം ബസിലിക്ക ഒരു മുഖാന്തിരം ആകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ സഭകളുടെയും തലവന്മാർ ചേർന്ന് ഒരു ദിവസം കബറിട ദേവാലയത്തിന്റെ അൾത്താരയിൽ വി. കുർബാന അർപ്പിക്കാൻ സാധിക്കണമെ എന്ന ഒരു പ്രാർത്ഥന മാത്രമെയുള്ളൂ. അതുപോലെ തന്നെ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മാർപ്പാപ്പയോടു ചേർന്നുള്ള കൂട്ടായ്മയിൽ ലോകത്തിലെ എല്ലാ സഭകളുടെയും തലവന്മാർ ചേർന്ന് വി. കുർബാന അർപ്പിക്കാനുള്ള ഏറ്റവും ശ്രേഷ്ഠമായ ദിനത്തിന് വേണ്ടി പ്രാർത്ഥിക്കാം.

**3. ഏഴര പള്ളികൾ മാർത്തോമ്മാ നസ്രാണികളുടെ ഐക്യത്തിനുള്ള വേദികളാകണം.**

മാർത്തോമ്മാ നസ്രാണി സഭകളെ ഒന്നിപ്പിക്കാനുള്ള ഏറ്റവും ശ്രേഷ്ഠമായ പോംവഴികളിലൊന്ന് ശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളാണ്. അവ ഇന്ന് പ്രധാനമായും സീറോ മലബാർ സഭയുടെയും മലങ്കര ഓർത്തഡോക്സ് സഭയുടെയും കൈവശമാണ് ഇരിക്കുന്നത്. നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദേവാലയം എല്ലാ സഭകളുടെയും കൈവശത്തിലാണ്. വിവിധ പ്രാദേശിക സഭാസമൂഹങ്ങളെ ഒന്നിച്ചു കൂട്ടാനുള്ള വേദികളായി മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴര പള്ളികൾ മാറണം.

ഇന്ന് ഈ മാതൃദേവാലയങ്ങൾ ഉടമസ്ഥരായുള്ള സഭകളും ഭദ്രാസനങ്ങളും ഇടവക ഭരണസമിതികളും മനസ്സിലാക്കേണ്ട ഒരു വസ്തുത; മാർത്തോമ്മാ നസ്രാണികളുടെ പൊതുപൈതൃകത്തിന്റെ കാവലാളുകളാണ് നിങ്ങൾ എന്ന കാര്യമാണ്. അതുകൊണ്ടു തന്നെ കുറെക്കൂടെ വിശാലമായ കാഴ്ചപ്പാടോടെ, മാർത്തോമ്മാ നസ്രാണികളുടെ ഐക്യത്തിനും സഹവർത്തിത്വത്തിനും വേണ്ടി ഈ ദേവാലയങ്ങൾ നസ്രാണി സഭകൾക്കു മുഴുവനും ഒന്നിച്ചു കൂടാനുള്ള വേദികളാക്കി മാറ്റണം. ഈ ഏഴര പള്ളികളുടെ ചുറ്റുപാടുമുള്ള എല്ലാ ദൈവാലയങ്ങളെയും ഒന്നിപ്പിക്കാനുള്ള വേദികളാക്കി ഇവ മാറ്റപ്പെടണം.

**ഡയലോഗ്, പഠനം, സെമിനാറുകൾ ഇവ പ്രോത്സാഹിപ്പിക്കപ്പെടണം**

ക്രൈസ്തവ സഭകളിൽ പണ്ഡിതന്മാരുടെ കുറവുള്ളതുകൊണ്ടല്ല സഭൈക്യം സാധ്യമാകാത്തത്. ഒരു പക്ഷെ പണ്ഡിതന്മാരുടെ ആധിക്യം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ടാവാം. വിഭജനങ്ങളുടെ ആക്കം എങ്ങനെ കൂട്ടാമെന്ന് വിചാരിക്കാതെ ഐക്യത്തിലേയ്ക്ക് ഉള്ള അകലം കുറയ്ക്കാമെന്ന് ചിന്തിക്കുക ആയിരിക്കണം പണ്ഡിതന്മാരുടെ ചുമതല.

അന്തർദേശീയ തലങ്ങളിൽ വിവിധ സഭകൾ തമ്മിലുള്ള ഡയലോഗുകൾ നടക്കുന്നുണ്ട്. പ്രാദേശികതലത്തിലും ഡയലോഗുകൾ സജീവമാക്കാനുള്ള ശ്രമം സഭകളുടെ തലവന്മാരുടെ ഭാഗത്തുനിന്നുണ്ടാകണം. മതബോധനം നടത്തുന്നവരും സെമിനാരികളിലും മറ്റും സ്വന്തം സഭയെക്കുറിച്ച് പഠിക്കുന്നതോടൊപ്പം മറ്റ് സഭകളെക്കുറിച്ചും പഠിക്കാനുള്ള അവസരമൊരുക്കണം. എല്ലാ സഭകളും സഭൈക്യമെന്ന വിഷയത്തിന് പ്രാധാന്യം നല്കണം. സഭാതലങ്ങളിലും ഭദ്രാസന തലങ്ങളിലും പ്രാദേശികമായിട്ടും സഭൈക്യത്തെ പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനങ്ങൾ എല്ലാ സഭയിലുമുണ്ടാകണം. സഭൈക്യരംഗത്ത് ശുശ്രൂഷ ചെയ്യാൻ താല്പര്യപ്പെടുന്നവരെ സഭാനേതൃത്വങ്ങൾ പ്രോത്സാഹിപ്പിക്കണം. കേരളത്തിൽ തന്നെ സഭകൾ പൊതുവായി നേരിടുന്ന പ്രധാന വിഷയങ്ങളിലൊന്ന് ഓരോ സഭകളിലുമുള്ള ആഭ്യന്തരപ്രശ്നങ്ങളാണ്. അവയൊക്കെ സുവിശേഷാനുസൃതമായും ന്യായമായ വിട്ടുവീഴ്ചകൾ ചെയ്തും ക്ഷമയുടെയും സഹകരണത്തിന്റെയും കൂട്ടായ്മയുടെയും മാർഗ്ഗങ്ങൾ വഴിയും ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്.

## സമാപനം

ഭാരതത്തിന്റെ പൊതുവായ സാഹചര്യവും കേരളത്തിന്റെ പ്രത്യേകമായ സാഹചര്യവും സഭകളുടെ ഐക്യത്തിന്റെ അനിവാര്യതയെ ചൂണ്ടിക്കാണിക്കുന്നു. വളരെക്കുറച്ച് അംഗസംഖ്യയുള്ള ക്രൈസ്തവ സമൂഹം ഭാരതത്തിന്റെ വിദ്യാഭ്യാസ, ആതുരസേവന, സാമൂഹിക സേവന രംഗങ്ങളിൽ നല്കുന്ന സംഭാവനകൾ വളരെ വലുതാണ്. കേരളത്തിലെ സാഹചര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. പക്ഷെ ക്രൈസ്തവ സമൂഹം പലപ്പോഴും ആക്രമിക്കപ്പെടുകയും നിശ്ശബ്ദരാക്കപ്പെടുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ ചോദ്യം ഇന്നത്തെ കാലഘട്ടത്തിൽ സഭകളെ സംബന്ധിച്ച് വളരെ പ്രസക്തമാണ്, "ഇനിയും നിങ്ങൾ മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ ഹൃദയങ്ങൾ മന്ദീഭവിച്ചിരിക്കുന്നുവോ? കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ലേ? ചെവിയുണ്ടായിട്ടും നിങ്ങൾ കേൾക്കുന്നില്ലേ?" (മർക്കോസ് 8:17-18). കാലഘട്ടത്തിന്റെ അടയാളങ്ങളെ സഭയെ നയിക്കുന്ന ഇടയന്മാർ മനസ്സിലാക്കിയില്ലെങ്കിൽ ക്രൈസ്തവസഭകൾ ഭാവിയിൽ വലിയവില നല്കേണ്ടി വരും.

ഇന്നും മാർത്തോമ്മാ നസ്രാണി സമുദായ സഭകൾ അസ്വസ്ഥരായിരിക്കുന്നുവെങ്കിൽ അതിന്റെ കാരണം സ്വത്വബോധം നഷ്ടമായതിന്റെ വേദനയാണ്. അതിൽ പരസ്പരം പഴിചാരി സമയം കളയാതെ കഴിഞ്ഞു പോയ സംഭവങ്ങളിൽ നിന്ന് പാഠങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഐക്യത്തിലേയ്ക്കുള്ള പാതകൾ തെളിയ്ക്കുക. അതിന് ദൈവത്തിന്റെ, പരിശുദ്ധാത്മാവിന്റെ ഇടപെടലിനായി പ്രതീക്ഷയോടെ കാത്തിരിക്കാം.

●

www.malankaralibrary.com

# ആംഗല സാഹിത്യകുലപതികളുടെ ഇവാനിയൻ അക്ഷരാർച്ചന



ജോമി തോമസ്
കലയപുരം


ഏഴു പതിറ്റാണ്ടുകാലത്തെ ജീവിതംകൊണ്ട് അന്താരാഷ്ട്രതലങ്ങളിൽ ശ്രദ്ധേയമായ വ്യക്തിമുദ്ര പതിപ്പിച്ച് പുനരൈക്യ പ്രസ്ഥാനത്തിനും ആഗോളസഭയ്ക്കും സുവിശേഷീകരണത്തിന്റെ വ്യത്യസ്തമുഖം നല്കിയ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗ്ഗീയ പ്രവേശനത്തിന്റെ സപ്തതിയുടെ നിറവിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. കാണുന്നവരോടും കണ്ടുമുട്ടിയവരോടുമെല്ലാം ക്രിസ്തുവിന്റെ മുഖത്തെ പൗരസ്ത്യസാംസ്കാരികത്തനിമയിൽ ആർഷഭാരതമാനസനായി അവതരിപ്പിക്കുന്നതിലും പങ്കുവയ്ക്കുന്നതിലും ഈ യതിവര്യൻ കാട്ടിയ സുവിശേഷ ഔത്സുക്യം പറഞ്ഞറിയിക്കുവാനാവുന്നതല്ല. വിവിധ ഭൂഖണ്ഡങ്ങളിലൂടെ പതിനഞ്ചുവർഷത്തെ ഇടവേളകളിൽ നടത്തിയ സഞ്ചാരങ്ങളും അന്താരാഷ്ട്ര സമ്മേളനങ്ങളിലെ





www.malankaralibrary.com









ഇടപെടലുകളും ദൈവദാസൻ മാർ ഈവാനിയോസ് എന്ന കർമ്മയോഗിയെ തിരിച്ചറിയുവാനും ഉൾക്കൊള്ളുവാനും പാശ്ചാത്യസമൂഹത്തിന് ഏറെക്കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യമുൾക്കൊള്ളുന്ന കാര്യമാണ്. പുതുതലമുറക്കാരായ നമുക്ക് കൂടുതൽ പഠിക്കുവാനും ദർശനങ്ങൾ ഉൾക്കൊള്ളുവാനും സഹായിക്കുന്ന അനവധി കാര്യങ്ങൾ ദൈവദാസനെക്കുറിച്ച് അവർ പകർന്നുവച്ചിട്ടുണ്ട് എന്നുള്ളത് അഭിമാനകരമായ സംഗതിയാണ്. ഇത്തരത്തിൽ പാശ്ചാത്യരാൽ വിരചിതമായ ഏതാനും അക്ഷരപുഷ്പങ്ങളിലെ ഈവാനിയൻ പരാമർശങ്ങളാണ് ഈ ലേഖനത്തിനാധാരം.

## 1. Christendom in Dublin

സുപ്രസിദ്ധ ആംഗലേയ സാഹിത്യകാരനും ഐറിഷ് കവിയുമായ ജി. കെ. ചെസ്റ്റേർട്ടന്റെ തൂലികയിൽ നിന്നും വിരചിതമായ ഒരു അമൂല്യഗ്രന്ഥമാണിത്. 1932 ജൂണിൽ അയർലണ്ടിലെ ഡബ്ലിനിൽ നടന്ന അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുത്ത് അവിടെ നടന്ന കാര്യങ്ങൾ സരസമായി ദി യൂണിവേഴ്സ് എന്ന പത്രത്തിൽ ചെസ്റ്റേർട്ടൺ പ്രതിവാരപംക്തിയായി എഴുതുന്നുണ്ടായിരുന്നു. ചെസ്റ്റേർട്ടൺ പിന്നീട് ഈ പത്രപംക്തിയിലെ ലേഖനങ്ങൾ ക്രോഡീകരിച്ച് എഴുതിയ ഗ്രന്ഥമാണിത്.

'ഞാൻ കണ്ട ഡബ്ലിനിലെ ജനങ്ങൾ' എന്ന ലേഖനത്തിലാണ് ചെസ്റ്റേർട്ടന്റെ ദൃഷ്ടി മാർ ഈവാനിയോസ് പിതാവിന്റെ മേൽ പതിച്ച കാര്യം പറയുന്നത്. പൗരസ്ത്യ മലങ്കര മെത്രാപ്പോലീത്താമാരുടെ വേഷഭൂഷാദികളണിഞ്ഞ് ഡബ്ലിനിലെ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ വിവിധ സമ്മേളനങ്ങളിലും റാലികളിലും പങ്കെടുത്ത മാർ ഈവാനിയോസ് പിതാവിനെ പരിചയപ്പെട്ട ചെസ്റ്റേർട്ടൺ തന്റെ തൂലികയിലൂടെ പിതാവിന്റെ ഒരു വാങ്മയ ചിത്രം വരച്ചിട്ടിരിക്കുന്നു. സൂര്യോദയത്തിന്റെ നാട്ടിൽ നിന്നെത്തിയ ഇന്ദ്രജാലക്കാരനെപ്പോലെ ചുവപ്പു തലപ്പാവണിഞ്ഞ ഈ യാക്കോബായ മഹാപുരോഹിതൻ പാശ്ചാത്യ നാട്ടിലെ പ്രെസ്റ്റർ ജോൺ ആയി ചെസ്റ്റേർട്ടൺ കാണുന്നു.

ഈ ഗ്രന്ഥത്തിന്റെ രണ്ടാം അദ്ധ്യായമായ The ends of the Earth ലാണ് ദൈവദാസനെക്കുറിച്ചുള്ള ഈ അമൂല്യഭാഗം ചേർത്തിട്ടുള്ളത്.

## 2. The Path of Mahatma

ലോകത്തിലെ ഏറ്റവും മികച്ച രാഷ്ട്രതന്ത്രജ്ഞന്മാരിൽ ഒരാളും ചിന്തകനുമായ ജോർജ്ജ് എഡ്വേർഡ് ഗോഡൺ കാട്ലിൻ (1896–1979) ന്റെ തൂലികയിൽ നിന്നും ഉളവായ മഹദ് ഗ്രന്ഥമാണിത്. മഹാത്മാഗാന്ധിയുടെ ജീവിതത്തെ അടുത്തറിയുവാൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിച്ച് തയ്യാറാക്കിയ മൂന്നു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗം ഇന്ത്യയിലെ ചില പ്രത്യേക സ്ഥലങ്ങളിലൂടെയുള്ള യാത്രാവിവരണം തന്നെയാണ്.

ഈ ഗ്രന്ഥത്തിന്റെ പന്ത്രണ്ടാം അദ്ധ്യായത്തിലാണ് ദൈവദാസനൊപ്പം ജോർജ്ജ് കാട്ലിൻ ചിലവഴിച്ച അസുലഭ നിമിഷങ്ങളെക്കുറിച്ച് പങ്കുവയ്ക്കുന്നത്. രണ്ട് പേജുകളിലായി മാർ ഈവാനിയോസിനെ ലോകത്തിനു മുന്നിൽ ഗ്രന്ഥകാരൻ നക്ഷത്രകാന്തിയുള്ള വാക്കുകൾ കൊണ്ട് വരച്ചിടുന്നു.

"The low Sunday I was invited to breakfast by the most reverend the Archbishop Mar Ivanios, Metropolitan of all Christians in India of the jacobite Rite to communion with the holy see. Even in London, even in America I had heard about the fame of his Grace Mar Ivanios. He is an energetic old man with the face of an Elisha tall, thin, abundantly white bearded, the beard framing the dusky face' - ഇപ്രകാരമാണ് വർണ്ണന.

## 3. Travancore - A guide book for the visitor (1933)

എമിലി ഗിൽ ക്രൈസ് ഹാച്ച് (1897–1982) എന്ന ഇംഗ്ലീഷ് വനിതയുടെ

www.malankaralibrary.com




പ്രശസ്തമായ രചനയാണിത്. വൈ. എം. സി. എ. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ അവർ പ്രവർത്തിച്ചിരുന്ന കാലയളവിൽ കേരള സംസ്കാരത്തെക്കുറിച്ചും കലകളെക്കുറിച്ചും പഠിക്കാനിടയായി. തിരുവിതാംകൂറിനെക്കുറിച്ച് 1933 ൽ എഴുതിയ 294 പേജുള്ള ഈ ബൃഹത് ഗ്രന്ഥത്തിൽ തൊണ്ണൂറാം പേജിൽ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ചും റോമിൽ നിന്നും പുനരൈക്യ പ്രസ്ഥാനത്തിനു ലഭിച്ച അംഗീകാരത്തെക്കുറിച്ചും വർണ്ണിച്ചിട്ടുള്ളത് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്.


### 4. Through Hundred Gates

ലോകത്തിന്റെ വിവിധങ്ങളായ ഇരുപത്തിരണ്ട് കരകളിൽ നിന്നുള്ള ശ്രദ്ധേയങ്ങളായ പുനരൈക്യങ്ങളെക്കുറിച്ച് അമേരിക്കയിലെ The Bruce Publishing Company 1938 ഡിസംബർ 27 ന് എഡിറ്റ് ചെയ്ത് പുറത്തിറക്കിയ ഗ്രന്ഥം. Severin and Stephen lamping OFM ആണ് പരിഭാഷയും ക്രോഡീകരണവും ചെയ്തിട്ടുള്ളത്. ഈ ഗ്രന്ഥത്തിലും ലോകത്തിലെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന പുനരൈക്യങ്ങളിൽ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ശ്രദ്ധേയമായ പുനരൈക്യത്തെക്കുറിച്ചും പരാമർശിക്കുന്നു.





### 5. Lancer of large

ഫ്രാൻസിസ് യീറ്റ്സ് ബ്രൗൺ (1886 –1944) എന്ന ബ്രിട്ടീഷ് ഇന്ത്യൻ ആർമി ഓഫീസറും നിരവധി വിഖ്യാതഗ്രന്ഥങ്ങളുടെ രചയിതാവുമായ ഇംഗ്ലീഷ് എഴുത്തുകാരന്റെ തൂലികയിൽ നിന്നും 1936 ൽ പുറത്തിറങ്ങിയ ഗ്രന്ഥം. ഇന്ത്യയെന്ന വലിയ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലൂടെ നടത്തിയ യാത്രാ വിവരണം. ഇന്ത്യയുടെ ആദ്ധ്യാത്മിക മൂല്യങ്ങളെ അടുത്തറിയാൻ സഹായിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഒൻപതാം അദ്ധ്യായമായ The Virgin's Shrine എന്ന ഭാഗത്താണ് മാർ ഈവാനിയോസ് എന്ന ക്രൈസ്തവ സന്യാസിയെ ഹൃദ്യമായി അവതരിപ്പിച്ചിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ 169-ാം പേജിൽ അദ്ദേഹം എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "I visited the broller hood which has been established on a beautiful, hiltop near Trivandrum, and I am, inclined to date certain happenings, now to be recorded, to the influence of the Archbishop.... Not that he did or said anything specific".





### 6. Across a world

കാത്തലിക് മിഷനറി ഓർഗനൈസേഷന്റെ ഇൻഫർമേഷൻ വിഭാഗത്തിന്റെ ഡയറക്ടറായിരുന്ന Fr. John J Considire 1942 ൽ പുറത്തിറക്കിയ വിജ്ഞാനപ്രദവും വായനക്കാരിൽ താല്പര്യമുളവാക്കുന്നതുമായ മിഷൻ റിപ്പോർട്ടാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഏഴ് ഭാഗങ്ങളായി ഏകദേശം നാനൂറ് പേജുകളുള്ള ഈ ഗ്രന്ഥം അമേരിക്കയിൽ നിന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.






Faith and gods God works എന്ന അദ്ധ്യായത്തിൽ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റേയും ബിഷപ്പ് മാർ തെയോഫിലോസ് പിതാവിന്റേയും പുനരൈക്യത്തെക്കുറിച്ച് പ്രതിപാദിച്ച ശേഷം റാന്നിയിൽ നാല് കത്തോലിക്കാ ബിഷപ്പുമാർ പങ്കെടുത്ത ഒരു മഹായോഗത്തിൽ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് നടത്തിയ പ്രസംഗത്തെക്കുറിച്ചും ഈ ഭാഗത്ത് പറയുന്നു. Catholic and Indians എന്ന അദ്ധ്യായത്തിൽ ഗ്രന്ഥകർത്താവ് മാവേലിക്കരയിലുള്ള ഭവനത്തിലേക്ക് മാർ ഈവാനിയോസ് പിതാവുമൊത്ത് കടന്നുചെന്ന സന്ദർഭങ്ങളും മാർ ഈവാനിയോസ് പിതാവ് സ്വമാതാവിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച ശേഷം പറയുന്നത് ഗ്രന്ഥകാരൻ വർണ്ണിച്ചിട്ടുള്ള പ്രകാരമാണ്. "I owe my presence in the catholic church to my mother, through I entered before her when I was a boy, my sister was sick, and my mother, who was worried about her, went to pray in a near by church, which happened to be catholic. After returning home, she mentioned her experience and said. 'We should being to







www.malankaralibrary.com




that church, son, become there are many holy people in it.

These words stayed with me through the years. To face the humiliation of acknowledging that our old religious positions is wrong, to surround the griefs of so many fund goodbys, only the holiness of the church serves us - the holiness of its founder, of its priests of its people".

## 7. The Tribel world of Varrier Elwin

Harry Verrier Holman Elwin (1902 - 1964) എന്ന ബ്രിട്ടണിൽ ജനിച്ച ഇന്ത്യൻ നരവംശ ശാസ്ത്രജ്ഞനാണിദ്ദേഹം. ഇന്ത്യയിൽ ക്രിസ്ത്യൻ മിഷനറിയായിട്ടാണ് ഇദ്ദേഹം ജീവിതമാരംഭിച്ചതെങ്കിലും പിന്നീട് ഹിന്ദുമതവിശ്വാസിയായി. ഗാന്ധിജിയുടെ ആശ്രമജീവിതചര്യയിൽ ആകൃഷ്ടനായി ആ പാത പിന്തുടർന്നു ജീവിച്ച ഇദ്ദേഹത്തിന്റെ ആത്മകഥയാണ് ഈ ഗ്രന്ഥം. ഗാന്ധിയൻ അന്തർധാരയിലധിഷ്ഠിതമായി രചന നിർവ്വഹിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ മൂന്നാം അദ്ധ്യായമായ 'Saint and Satyagrahis' എന്ന ഭാഗത്താണ് മാർ ഈവാനിയോസ് എന്ന ക്രൈസ്തവ സന്യാസിയെ Verrier Elwin ലോകത്തിനു പരിചയപ്പെടുത്തുന്നത്. Oxford University Press ആണ് ഈ പുസ്തകം പ്രസാധനം ചെയ്തിട്ടുള്ളത്.

## 8. Down the Corridors of Time

ഡോ. അലോഷ്യസ് സോർസ് 1891 ൽ ഗോവയിൽ ജനിച്ചു. വൈദികനായിട്ടാണ് ജീവിതം ആരംഭിച്ചതെങ്കിലും ക്രമേണ വിദ്യാഭ്യാസചിന്തകനായി മാറി. 1971 ൽ ഇദ്ദേഹത്താൽ വിരചിതമായ രണ്ട് വാല്യങ്ങളുള്ള ഗ്രന്ഥമാണിത്. ഈ ഗ്രന്ഥത്തിന്റെ ഇരുനൂറ്റിനാല്പത്തിരണ്ടാം പേജിൽ മാർ ഈവാനിയോസ് എന്ന പ്രതിഭാശാലിയുടെ വിവിധങ്ങളായ പ്രേഷിതതീക്ഷ്ണതയെക്കുറിച്ചും ഭാഷാ നൈപുണ്യത്തെക്കുറിച്ചും വിവരിച്ചതിനുശേഷം പുനരൈക്യപ്രവർത്തനങ്ങളെക്കുറിച്ചും വർണ്ണിക്കുന്നു. പിതാവിനെ ബോംബെയിൽ വച്ചും ഗോവയിൽ വച്ചും കണ്ടുമുട്ടിയതിനെക്കുറിച്ചുമെല്ലാം എഴുത്തുകാരൻ ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു.

## 9. The Christian India

ഫെലിക്സ് ആൽഫ്രഡ് പ്ലാറ്റ്നർ എഴുതിയ പ്രസിദ്ധമായ ഗ്രന്ഥമാണിത്. 1957 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ഗ്രന്ഥത്തിൽ ഇന്ത്യയിലെ വിവിധങ്ങളായ ക്രിസ്ത്യൻ സമൂഹങ്ങളെക്കുറിച്ച് ആഴത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ പ്രശസ്തഗ്രന്ഥത്തിന്റെ നാല്പത്തിയേഴാം പേജിൽ മാർ സേവേറിയോസ് എന്ന തലക്കെട്ടിൽ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യപ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പുരോഗതികളെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആർച്ചുബിഷപ്പ് മാർ സേവേറിയോസ് പിതാവിന്റെ തിരുവല്ലയിലെ പുനരൈക്യപ്രവർത്തനങ്ങളും വർണ്ണനയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്.

## 10. Eastern Christianity


കർദ്ദിനാൾ യൂജിൻ റ്റിസറാങ്ങിന്റെ സുപ്രസിദ്ധഗ്രന്ഥം. 1957 ൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തിൽ കേരളത്തിലെ സഭകളെകുറിച്ചും പ്രത്യേകിച്ച് ആരാധനക്രമങ്ങളെകുറിച്ചും സവിസ്തരം പ്രതിപാദിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ ഏഴാം അദ്ധ്യായമായ The Jacobites in India and the creation of the catholic community of the antiochias Rite ൽ കേരളത്തിലെ ക്രൈസ്തവ സഭാചരിത്രത്തിന്റെ ഇരുണ്ട ഏടുകൾക്കൊപ്പം പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ചും കർദ്ദിനാൾ യൂജിൻ ടിസറാങ്ങ് വരച്ചുകാട്ടുന്നു. 1930 സെപ്തംബർ 20 ലെ ചരിത്രപ്രസിദ്ധമായ മഹാപുനരൈക്യവും പുനരൈക്യശില്പിയായ മാർ ഈവാനിയോസും ടിസറാങ്ങിന്റെ രചനയിൽ മിഴിവേകുന്നു.




### 11. Whos who in India


Thos . Peter എഡിറ്റു ചെയ്തു സമാഹരിച്ച അന്താരാഷ്ട്രതലത്തിലെ പ്രമുഖ വ്യക്തിത്വങ്ങളുടെ ജീവചരിത്രക്കുറിപ്പുകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ഈ ഗ്രന്ഥത്തിന്റെ 430–ാം പേജിൽ മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രം സംക്ഷിപ്തമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ചും പിതാവിന്റെ വിദേശയാത്രകളെക്കുറിച്ചും പ്രതിപാദിച്ചിട്ടുള്ള ലേഖകൻ ഇതുവരെയും മറ്റാരും പറയാത്ത ഒരു രേഖ കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1932 ൽ സ്വിറ്റ്സർലണ്ടിലെ ഫ്രൈബർഗിൽ നടന്ന ഇന്റർ നാഷണൽ യൂണിവേഴ്സിറ്റി കോൺഗ്രസ്സിൽ മാർ ഈവാനിയോസ് പങ്കെടുത്ത് പ്രഭാഷണം നടത്തിയെന്നും സാക്ഷ്യപ്പെടുത്തുന്നു.

### 12. Souvenir of the Shashtiabdapurthi of Sachivothoma Sir CP Ramaswami Aiyar




എ. പത്മനാഭ അയ്യർ 1940 ൽ എഡിറ്റു ചെയ്ത് തിരുവനന്തപുരത്തുനിന്നും പുറത്തിറക്കിയ ഈ ഗ്രന്ഥം ദിവാൻ സി. പി. രാമസ്വാമി അയ്യരുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷങ്ങളുടെ സ്മരണഗ്രന്ഥമാണ്. 1939 നവംബർ 16 വ്യാഴാഴ്ച സുറിയാനി ക്രൈസ്തവർ പട്ടം ആർച്ച് ബിഷപ്പ് അരമനയിൽ സംഘടിപ്പിച്ച ദിവാന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷങ്ങളെക്കുറിച്ച് ഈ ഗ്രന്ഥത്തിന്റെ ഒരു ഭാഗത്ത് സവിസ്തരം പ്രതിപാദ്യമാക്കിയിരിക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ അനുമോദനപ്രസംഗവും ദിവാന്റെ മറുപടി പ്രസംഗങ്ങളും സ്വീകരണത്തോടനുബന്ധിച്ച് സ്ഥാപിച്ച സ്കൂളിന്റെ ഉദ്ഘാടനത്തെ സംബന്ധിച്ച വിവരണവും ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്.

### 13. ഫ്രാൻസിസ് യീറ്റ്സ് ബ്രൗൺ





ജോൺ ഇവലിയൻ ഫ്രെഞ്ച് രചിച്ച ഫ്രാൻസിസ് യിറ്റ്സ് ബ്രൗണിന്റെ ജീവചരിത്രഗ്രന്ഥമാണിത്. ഫ്രാൻസിസ് യീറ്റ്സ് ബ്രൗണും മാർ ഈവാനിയോസ് പിതാവും തമ്മിലുള്ള സന്ദർശനത്തിന്റെ സവിസ്തര പ്രതിപാദനം ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

### 14. A King from Canada

1924 ൽ ജനിച്ച ബ്രിട്ടീഷ് ആർമി ഓഫീസറായ കൊണാഡ് സ്വാൻ എഴുതിയ ആത്മകഥയാണിത്. തിരുവനന്തപുരം സന്ദർശന വേളയിൽ ഗ്രന്ഥകാരൻ പട്ടം അരമനയിൽ മാർ ഈവാനിയോസ് പിതാവിനെ സന്ദർശിച്ച കാര്യങ്ങളും പിതാവ് അരമന ചാപ്പലിൽ അർപ്പിച്ച ദിവ്യബലിയിൽ പങ്കെടുത്ത കാര്യങ്ങളുടെ വർണ്ണനകളും ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 15. Mar Ivanios arch bishop of Trivandrum - The story of a great conversion




മാർഗ്രറ്റ് ഗിബൺസ് എന്ന ഐറിഷ് വനിതയാൽ വിരചിതമായ ഗ്രന്ഥം. ലീജിയൺ ഓഫ് മേരി പ്രവർത്തകയായ ഈ വനിത, പിതാവ് കാലം ചെയ്തതിന്റെ പിറ്റേ വർഷം തിരുവനന്തപുരത്തെത്തി വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് പഠനം നടത്തി രചിച്ച ഗ്രന്ഥം. 1962 ൽ വിദേശത്ത് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ പിതാവിനെക്കുറിച്ച് നിരവധി വിലപ്പെട്ട അറിവുകൾ ലഭ്യമാകും.



ഇത്തരത്തിൽ നിരവധിയായ രചനകളിലൂടെ അന്താരാഷ്ട്രതലത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ബഹുമുഖ വ്യക്തി ചാതുര്യത്തേയും പ്രതിഭാവിലാസത്തേയും പ്രേക്ഷിത തീക്ഷ്ണതയേയും അടുത്തറിയുവാൻ അനുവാചകർക്ക് കഴിഞ്ഞു. പുനരൈക്യപ്രസ്ഥാനത്തിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും ആഗോളതലത്തിൽ അംഗീകാരവും വളർച്ചയും ലഭിക്കുവാൻ ഈ ഗ്രന്ഥങ്ങൾ സഹായിച്ചിട്ടുണ്ട് എന്ന് നിസ്സംശയം പറയാൻ കഴിയും. ●

www.malankaralibrary.com





# ക്രിസ്ത്യാനി എന്ത് വസ്ത്രമാണ് ധരിക്കേണ്ടത്?

വിശുദ്ധ ഗ്രന്ഥത്തിലും ക്രിസ്തീയ പാരമ്പര്യത്തിലും ക്രിസ്ത്യാനി എന്ത് ധരിക്കണം അല്ലെങ്കിൽ ആരെ ധരിക്കണം എന്നതിനെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് കാണുവാൻ സാധിക്കും. ദൈവത്തിന്റെ വസ്ത്രത്തെക്കുറിച്ച് സങ്കീർത്തകൻ ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "വസ്ത്രമെന്നപോലെ അങ്ങു പ്രകാശമണിഞ്ഞിരിക്കുന്നു" (സങ്കീർത്തനങ്ങൾ 104:2). പ്രതികാരത്തിന്റെ വസ്ത്രവും ക്രോധത്തിന്റെ മേലങ്കിയും ധരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള പ്രതിപാദ്യവും വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും (ഏശയ്യാ 59:17). പുതിയനിയമത്തിൽ ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുവാൻ ശിഷ്യന്മാരെ ആഹ്വാനം ചെയ്യുന്ന ക്രിസ്തുവിനെ നമുക്കു കാണാം (ലൂക്കാ 24:49). വിശുദ്ധ പൗലോസ് അപ്പസ്തോലൻ വളരെ വ്യത്യസ്തമായ ഒരു ആശയമാണ് പ്രദാനം ചെയ്യുന്നത്: 'ക്രിസ്തുവിനോട് ഐക്യപ്പെടുവാൻ സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു' (ഗലാത്തിയ 3:27). 'കർത്താവായ യേശു ക്രിസ്തുവിനെ ധരിക്കുവിൻ' (റോമാ 13:14). അപ്പസ്തോലന്റെ ഈ വാക്കുകൾ എന്താണ് അർത്ഥമാക്കുന്നത്? എപ്രകാരമാണ് നമുക്ക് ക്രിസ്തുവിനെ ധരിക്കുവാൻ സാധിക്കുന്നത്? ഇത് മനസ്സിലാക്കുന്നതിന് സൃഷ്ടിയുടെ ആരംഭത്തിലെ മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് നാം മനസ്സിലാക്കണം.

## ആദിമനുഷ്യർ പറുദീസായിൽ

സൃഷ്ടിയുടെ ആരംഭത്തിൽ, പറുദീസായിൽ ആദവും ഹവ്വായും 'നഗ്നരായിരുന്നു, പക്ഷേ അവർ ലജ്ജിച്ചില്ല' (ഉൽപത്തി 2:25). വിലക്കപ്പെട്ട ഫലം ഭക്ഷിച്ചതു വഴിയായി പാപത്തിൽ വീണ അവർ തങ്ങളുടെ നഗ്നത മനസ്സിലാക്കി, ലജ്ജിച്ചു, ദൈവത്തിൽ നിന്ന് ഒളിച്ചു. സഭാപിതാക്കന്മാർ ഈ നഗ്നതയുടെ ഭാഷ മനസ്സിലാക്കുന്നത്, ആദവും ഹവ്വയും തങ്ങളുടെ നഗ്നത യഥാർത്ഥത്തിൽ തിരിച്ചറിയാഞ്ഞതിന് കാരണം പാപാവസ്ഥയ്ക്ക് മുമ്പ് അവർ ശാരീരിക വസ്ത്രമല്ല, മറിച്ച് ദൈവമഹത്വത്തിന്റെ വസ്ത്രം ധരിച്ചിരുന്നു എന്നതിനാലാണ്. എന്നാൽ, വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം തിന്നാൽ തങ്ങൾ ദൈവത്തെപ്പോലെയാകുമെന്ന സർപ്പത്തിന്റെ നുണയെ വിശ്വസിച്ച അവർ ദൈവകല്പന ലംഘിച്ച് ഫലം ഭക്ഷിക്കുകയും ദൈവത്തിൽ നിന്ന് അകലുകയും ചെയ്തു. ദൈവവരപ്രസാദാവസ്ഥയിൽ അവരെ നിലനിർത്തിയിരുന്ന ആവരണമായ ദൈവമഹത്വത്തിന്റെ വസ്ത്രം നഷ്ടപ്പെട്ട അവർ തങ്ങളുടെ നഗ്നത തിരിച്ചറിഞ്ഞു.



**സുറിയാനി സഭാപാരമ്പര്യം**

ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ

www.malankaralibrary.com


അതായത് അവരുടെ സൃഷ്ടിയുടെ യാഥാർത്ഥ്യം ദൈവത്തിൽ നിന്ന് വിഛേദിക്കപ്പെടുന്നത് അവർ മനസ്സിലാക്കി. ഗ്രീക്ക് സഭാപിതാവായ വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകളിൽ, 'മുകളിൽ നിന്നുള്ള മഹത്വം' ആയിരുന്നു ഈ കൃപയുടെ വസ്ത്രം, 'അത് അവർക്ക് നാണക്കേടുണ്ടാക്കിയില്ല. എന്നാൽ നിയമം ലംഘിച്ചതിന് ശേഷം, അവരുടെ നഗ്നതയെക്കുറിച്ചുള്ള നാണക്കേടും അവബോധവും രംഗത്തെത്തി.' ഉൽപത്തി 2:25-നെ പരാമർശിച്ചുകൊണ്ട് സുറിയാനി സഭാപിതാവായ വിശുദ്ധ അപ്രേം എഴുതുന്നു, 'അവർ രണ്ടുപേരും നഗ്നരായിരുന്നു, പക്ഷേ അവർ ലജ്ജിച്ചില്ല.' അവർ ലജ്ജിതരാകാതിരുന്നത് അവരെ പൊതിഞ്ഞിരുന്ന ദൈവമഹത്വം കൊണ്ടായിരുന്നു. ഈ ദൈവമഹത്വം അവർക്ക് നഷ്ടമായി, അതായത്, കൽപ്പനയുടെ ലംഘനത്തിന് ശേഷം അത് അവരിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതിനാൽ അവർ ലജ്ജിച്ചു. ലജ്ജാകരമായ അവയവങ്ങൾ പോലെ ശരീരം മറയ്ക്കുവാൻ അവർ ഇരുവരും അത്തിയിലകൾ കൊണ്ട് തങ്ങളുടെ നഗ്നത മറച്ചു. എന്നാൽ, ദൈവം പെട്ടെന്നു തന്നെ അത്തിയിലകൾക്ക് പകരം തോലുകൊണ്ടുള്ള വസ്ത്രങ്ങൾ അവരെ ധരിപ്പിച്ചു പറുദീസായിൽ നിന്ന് പുറന്തള്ളി (ഉൽപത്തി 3:21). ദൈവമഹത്വം നഷ്ടപ്പെട്ട ആദത്തിന്റെ മുറിവുകൾ സുഖപ്പെടുത്തുവാനും അവന് മഹത്വത്തിന്റെ വസ്ത്രം നൽകുവാനും വേണ്ടിയാണ് പുത്രൻ തമ്പുരാൻ മനുഷ്യാവതാരം ചെയ്തത്.

## എന്താണ് മഹത്വത്തിന്റെ അങ്കി?

ദൈവികവൽക്കരണത്തിലൂടെ മനുഷ്യന് അമർത്യത നൽകുന്ന മഹത്വത്തിന്റെ മേലങ്കി രക്ഷാകര രഹസ്യത്തെ സൂചിപ്പിക്കുന്നു. സുറിയാനി സഭാപാരമ്പര്യത്തിൽ വളരെ പ്രബലമായ ഒരു ആശയമാണ്: 'മഹത്വത്തിന്റെ/വെളിച്ചത്തിന്റെ/അഗ്നിയുടെ' അങ്കി (The Robe of Glory/Light/Fire) എന്നത്. ഈ മഹത്വത്തിന്റെ മേലങ്കി വെളിച്ചത്തിന്റെ അങ്കി, അഗ്നിയുടെ അങ്കി, വെളുത്ത അങ്കി എന്നും അറിയപ്പെടുന്നു. അത് തീയും ആത്മാവും കൊണ്ട് നെയ്ത പ്രകാശം നിറഞ്ഞ ഒരു വസ്ത്രമാണ്. ഇത്തരുണത്തിൽ, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്ന യേശുവിന്റെ വാക്കുകൾ (യോഹന്നാൻ 8:12) വളരെ പ്രസക്തമാണ്. അതോടൊപ്പം തന്നെ ഏശയ്യാ പ്രവാചകന്റെ ദർശനത്തിലെ തീക്കനലായി (ഏശയ്യാ 6:6) കർത്താവിനെ ചിത്രീകരിക്കുന്നതും മഹത്വത്തിന്റെ അങ്കി എന്ന ആശയം മനസ്സിലാക്കുവാൻ കൂടുതൽ സഹായകമാകും. പാശ്ചാത്യ സുറിയാനി കുർബാനയിലും വിശുദ്ധ കുർബാന നൽകുന്ന വേളയിൽ കർത്താവിനെ അഗ്നിക്കനലായി വിശേഷിപ്പിക്കുന്നുണ്ട്. സാറൂഗിലെ മാർ യാക്കോബ് മഹത്വത്തിന്റെ അങ്കിയെ വെള്ള വസ്ത്രമായി തന്റെ പ്രസംഗത്തിൽ ചിത്രീകരിക്കുന്നു. മഹത്വത്തിന്റെ ഈ അങ്കി മനുഷ്യന് നഷ്ടമായ, അവന് അപ്രാപ്യമായ പറുദീസായിലെ പ്രസാദവരം എങ്ങനെ വീണ്ടെടുക്കാമെന്നും ജ്ഞാനസ്നാനത്തിലൂടെ അമർത്യത എങ്ങനെ പുനഃസ്ഥാപിക്കാമെന്നും വിശദമാക്കുന്ന ഒരു പ്രധാന ആശയമാണ്. ദൈവകല്പന ലംഘിക്കുന്നതിന് മുമ്പ്, ആദിമാതാപിതാക്കൾ ദൈവവുമായുള്ള കൂട്ടായ്മയിൽ ജീവിച്ചു. പ്രമുഖ സുറിയാനി പണ്ഡിതനായ സെബാസ്റ്റ്യൻ ബ്രോക്കിന്റെ (Sebastian Brock) അഭിപ്രായത്തിൽ: 'മഹത്വത്തിന്റെ മേലങ്കിയുടെ ചിത്രം മാമോദീസായെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിൽ പ്രയോഗിച്ചുകൊണ്ട്, രക്ഷാകരചരിത്രത്തിന്റെ മുഴുവൻ ഗതിയിലും ക്രിസ്തീയ മാമോദീസായെ ബന്ധിപ്പിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ സുറിയാനി പാരമ്പര്യം വളരെ ഫലപ്രദമായി വിജയിച്ചു.'

## വിവിധ വസ്ത്രങ്ങൾ

രക്ഷാകരചരിത്രത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ സുറിയാനി സഭാപിതാക്കന്മാർ മൂന്ന് തരം വസ്ത്രങ്ങളെക്കുറിച്ച് പറയുന്നു: മഹത്വത്തിന്റെ വസ്ത്രം (അങ്കി/മേലങ്കി); അത്തിയിലകളുടെ വസ്ത്രം; തോലുകൊണ്ടുള്ള വസ്ത്രം. മഹത്വത്തിന്റെ മേലങ്കി അനശ്വരതയുടെ പ്രതീകമാണ്. സ്രഷ്ടാവ് നൽകിയ മഹത്തായ വസ്ത്രം പാപം മൂലം നഷ്ടമായി. അത്തിയിലകൾ കൊണ്ട് ഹവ്വാ ഉണ്ടാക്കിയ രണ്ടാമത്തെ വസ്ത്രം (ഉൽ. 3:7). പാപത്തിന്റെയും ലജ്ജയുടെയും കുറവിന്റെയും മരണത്തിന്റെയും അടയാളമാണ്. മുറിവേറ്റതും പൂർണ്ണമായും ജീർണിച്ചതുമായ ദുഃഖത്തിന്റെ ദുർബലമായ വസ്ത്രമാണിത്. 'അത്തിയിലയുടെ കുപ്പായം ധരിച്ച് നടക്കുക അവർക്ക് എളുപ്പമായിരുന്നില്ല' എന്ന് സാറൂഗിലെ മാർ യാക്കോബ് പരിഹാസത്തോടെ പറയുന്നു. ആദത്തിനും ഹവ്വായ്ക്കും മഹത്വത്തിന്റെ മേലങ്കി തിരികെ നൽകുന്നതിനായി, രണ്ടാം ആദമായ മിശിഹാ ജോർദാനിൽ ഇറങ്ങിവന്നു, അവൻ തന്റെ ദിവ്യ മഹത്വത്തിന്റെ വസ്ത്രം അഴിച്ചുമാറ്റി, മനുഷ്യശരീരം ധരിച്ച്, ജോർദാനിൽ മഹത്വത്തിന്റെ അങ്കി നിക്ഷേപിച്ചു. അങ്ങനെ, പറുദീസായിൽ വച്ച് ആദത്തിനും ഹവ്വായ്ക്കും നഷ്ടമായ മഹത്വത്തിന്റെ വസ്ത്രം അവർക്ക് വീണ്ടും നൽകുവാൻ പുത്രൻ തമ്പുരാന് കഴിഞ്ഞു.

സുറിയാനി പാരമ്പര്യത്തിൽ, പ്രത്യേകിച്ച് മാർ അപ്രേമിന്റെയും സാറൂഗിലെ മാർ യാക്കോബിന്റെയും വ്യാഖ്യാനങ്ങളിലും പ്രതീകാത്മക വീക്ഷണങ്ങളിലും ഈ ആശയം വിശദമായി പ്രതിപാദിക്കപ്പെടുന്നുണ്ട്. "ക്രിസ്തു മാമോദീസ സ്വീകരിക്കുവാൻ വന്നു, അവൻ ഇറങ്ങി സ്നാനജലത്തിൽ 'മഹത്വത്തിന്റെ മേലങ്കി' നിക്ഷേപിച്ചു. വധുവിനെ അലങ്കരിക്കുവാനുള്ള വെള്ളത്തിൽ നിന്ന് സ്വയം വസ്ത്രം ധരിക്കുവാൻ സഭ ഇറങ്ങി." സഭ വെള്ളത്തിലിറങ്ങി ജ്ഞാനസ്നാനത്തിൽ പുനർജനിക്കുമ്പോൾ, ക്രിസ്തു അവളെ മഹത്വവും പ്രതാപവും കൊണ്ട് വസ്ത്രം

www.malankaralibrary.com


ധരിപ്പിക്കുന്നു (സങ്കീർത്തനങ്ങൾ 8:5). ഏദൻ തോട്ടത്തിൽ സർപ്പം മോഷ്ടിച്ച മഹത്വത്തിന്റെ വസ്ത്രം മനുഷ്യന് ഇപ്രകാരം തിരികെ ലഭിക്കുന്നു. മഹത്വത്തിന്റെ മേലങ്കിയെക്കുറിച്ചുള്ള തന്റെ ആശയങ്ങൾ സാറൂഗിലെ മാർ യാക്കോബ് അവതരിപ്പിക്കുന്നതെങ്ങനെയെന്ന് ഇനി പറയുന്ന വാക്യങ്ങളിൽ കാണാം:

മരങ്ങൾക്കിടയിൽ സർപ്പം ആദാമിൽ നിന്ന് മോഷ്ടിച്ച 'മഹത്വത്തിന്റെ വസ്ത്രം' ആദാമിന് സ്നാനത്തിലൂടെ തിരികെ നൽകി.

മിശിഹാ സ്നാനത്തിന് വന്ന് ഇറങ്ങി, സലിലത്തിൽ മഹത്വത്തിന്റെ മേലങ്കി വീണുപോയ ആദാമിനായിട്ട് വെച്ചു.

മഹത്വത്തിന്റെ അങ്കി സ്നാനത്തിന്റെ സമ്മാനമാണെന്ന് സാറൂഗിലെ മാർ യാക്കോബ് വീണ്ടും വ്യക്തമാക്കുന്നു:

മിശിഹാ സ്നാനത്തിൽ ആദാമിന് ജീവൻ നൽകുന്ന വസ്ത്രം നെയ്തു;

അവന്റെ നഗ്നതയ്ക്കായി, അവൻ സ്വയം ബലിയർപ്പിച്ച് അവനോടൊപ്പം പുറപ്പെട്ടു.

മഹത്വത്തിന്റെ ഈ അങ്കിയെ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമായി മനഷ്യനെ സൃഷ്ടിച്ചതുമായി താരതമ്യപ്പെടുത്തുവാൻ സാധിക്കും (ഉൽ. 1:27). മഹത്വത്തിന്റെ അങ്കി നഷ്ടപ്പെടുന്നതുക്കൊണ്ട് അർത്ഥമാക്കുന്നത്, പാപം മൂലം ദൈവപുത്രസ്ഥാനം നഷ്ടമാകുന്നതാണ്.

## രക്ഷാകരചരിത്രത്തിന്റെ നാല് ഘട്ടങ്ങൾ

പറുദീസായിലെ ആദം ഒരു രാജാവും പുരോഹിതനുമായിരുന്നു. മഹത്വത്തിന്റെ അങ്കിയുടെ നൽകലും സ്വീകരണവും രക്ഷാചരിത്രത്തിന്റെ നാല് ഘട്ടങ്ങളിലായി പ്രവർത്തിക്കുന്നു: പാപവീഴ്ചയ്ക്ക് മുമ്പ്, പാപവീഴ്ചയ്ക്ക് ശേഷം, ക്രിസ്തുവിന്റെ മാമോദീസ, പറുദീസായുടെ വീണ്ടെടുക്കൽ.

**(1) പാപവീഴ്ചയ്ക്കു മുമ്പ്:** പറുദീസയിൽ ആദവും ഹവ്വായും 'മഹത്വത്തിന്റെ വസ്ത്രങ്ങൾ' അല്ലെങ്കിൽ 'പ്രകാശത്തിന്റെ വസ്ത്രങ്ങൾ' ധരിച്ചിരുന്നു. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട ആദവും ഹവ്വായും ദൈവവുമായി സമ്പർക്കത്തിലായിരുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കുന്നതിൽ നിന്നുള്ള വിലക്ക് ഒഴിച്ചാൽ പറുദീസായിൽ അവർ എല്ലാവിധ സ്വാതന്ത്ര്യവും അനുഭവിച്ചിരുന്നു.

**(2) പാപവീഴ്ചയ്ക്കുശേഷം:** ആദാമിന്റെ അനുസരണക്കേടിന്റെ ഫലമായുണ്ടായ പാപം, അവന്റെ പൂർണത നഷ്ടപ്പെടുത്തി, അതിന്റെ അനന്തരഫലമായി അവനും അവന്റെ സന്തതികളും നിത്യജീവന്റെ സാധ്യതയില്ലാത്ത മാരകമായ മരണത്തിലേക്ക് നയിക്കപ്പെട്ടു. ആദാമിൽ നിന്നും ഹവ്വായിൽ നിന്നും അവരുടെ 'മഹത്വത്തിന്റെ/വെളിച്ചത്തിന്റെ വസ്ത്രങ്ങൾ' അഴിച്ചുമാറ്റപ്പെട്ടു. ഇപ്രകാരം ദൈവത്തിന്റെ

## മലങ്കര കാത്തലിക്ക് മദേഴ്സ് ഫോറം



*ഭദ്രാസന, സഭാതല ഭാരവാഹികളുടെ കൗൺസിലും M.C.M.F എന്ന പുതിയ പേരിൽ ആദ്യ ഔദ്യോഗിക കൂടിവരവും ഭദ്രാസന ഡയറക്ടർമാരുടെയും സിനഡൽ കമ്മീഷന്റെയും സാന്നിദ്ധ്യത്തിൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. സഭാതല സമ്മേളനത്തിന്റെ ഉദ്ഘാടനവും, പുതിയ നിയമാവലി പ്രകാശനവും ഭാരവാഹികളുടെ സത്യപ്രതിജ്ഞയും നടത്തപ്പെട്ടു. സഭാതല ഭാരവാഹികൾ ശ്രീമതി ജിജി മത്തായി, തിരുവനന്തപുരം (പ്രസിഡന്റ്), ഷീജ എബ്രഹാം, പത്തനംതിട്ട (സെക്രട്ടറി), ആനി സന്തോഷ്, മാവേലിക്കര (ജോ. സെക്രട്ടറി), ലീലാമ്മ ബാബു, തിരുവല്ല (ട്രഷറാർ) എന്നിവരാണ് പുതിയ സഭാതല ഭാരവാഹികൾ.*

www.malankaralibrary.com



ഛായയും സാദൃശ്യവും അവർക്ക് നഷ്ടപ്പെട്ടു. ഈ അവസരത്തിൽ ആദിമാതാപിതാക്കൾ അത്തിയില കൾ കൊണ്ടുള്ള വസ്ത്രവും തുടർന്ന് ദൈവം പ്രദാനം ചെയ്ത തോൽ കൊണ്ടുള്ള വസ്ത്രവും ധരിച്ചു. അപ്രകാരം മനുഷ്യൻ ദൈവമഹത്വത്തിനും പറുദീസായ്ക്കും അന്യനായി. മഹിമയുടെ ഈ വസ്ത്രം ആദത്തിന് നഷ്ടമാകുന്നതിനെക്കുറിച്ച് ശ്ഹീമോയുടെ വെള്ളി രാത്രി പ്രാർത്ഥനയിൽ ഇപ്രകാരം ആലപിക്കുന്നു:

എഴുന്നേറ്റിവരെ രക്ഷിക്ക ചൊന്നാനാദം

തരുനിരയിൽ സർപ്പം ഹവ്വയുമെന്നെ വീഴ്ത്തി

ഫലമതു ഭക്ഷിച്ചതിനാൽ ഞാൻ കുറ്റം ചെയ്തു

മഹിമാവസ്ത്രമതും പോയി.

**(3) ക്രിസ്തുവിന്റെ മാമോദീസ:** മനുഷ്യരാശിയുടെ ദുരവസ്ഥ കണക്കിലെടുത്ത്, ഒരു പ്രത്യേക രക്ഷാമാർഗം പ്രദാനം ചെയ്യുന്നത് ഉചിതമാണെന്ന് ദൈവം കണ്ടു. ആത്മാവിനെ ഉൾക്കൊള്ളുന്ന മഹത്വത്തിന്റെ മേലങ്കി പുനഃസ്ഥാപിക്കേണ്ടതിന് ക്രിസ്തു മനുഷ്യാവതാരം ചെയ്തു. ഈ മനുഷ്യാവതാരത്തിന്റെ മുഴുവൻ ഉദ്ദേശ്യവും ആദാമിനെ മഹത്വത്തിന്റെ വസ്ത്രം ധരിപ്പിക്കുക, ആദാമിനെ വീണ്ടെടുക്കുക എന്നതാണ്. 'മനുഷ്യവർഗ്ഗത്തെ മഹത്വത്തിന്റെ വസ്ത്രം ധരിപ്പിക്കുവാൻ' ദൈവപുത്രൻ 'മനുഷ്യശരീരം' ധരിക്കുന്നു. ക്രിസ്തു ജനിച്ചത്, ദൈവത്തിന്റെ തികഞ്ഞ അവതാരമായി മാത്രമല്ല, തികഞ്ഞ മനുഷ്യനുമായാണ്. ദൈവികതേജസ്സ് നഷ്ടപ്പെട്ട് നഗ്നനായ ആദാമിനെ വസ്ത്രം ധരിപ്പിക്കുവാൻ വേണ്ടി പുത്രൻ തമ്പുരാൻ തന്റേതായ ദൈവികതേജസ്സ് ഉരിഞ്ഞുകളഞ്ഞു മനുഷ്യശരീരം ധരിക്കുന്നു. ആദം നഷ്ടപ്പെടുത്തിയ മഹത്വത്തിന്റെ ആദിമ അങ്കി ക്രിസ്തു വഹിക്കുന്നു. യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ സ്നാനപ്പെടുത്തുമ്പോൾ, ക്രിസ്തു ജലത്തെ വിശുദ്ധീകരിക്കുകയും അമർത്യതയുടെ മഹത്വത്തിന്റെ മേലങ്കി ജോർദാൻ നദിയിൽ നിക്ഷേപിക്കുകയും ചെയ്തു. ഈ ഒരൊറ്റ പ്രവൃത്തിയിലൂടെ ക്രിസ്തു ചരിത്രത്തിലുടനീളമുള്ള എല്ലാ ജ്ഞാനസ്നാനജലത്തെയും വിശുദ്ധീകരിച്ചു. ഈ വിശുദ്ധജലം നൂറ്റാണ്ടുകളായി എണ്ണമറ്റ സ്നാനങ്ങളിൽ വിഘടിച്ചിരിക്കുന്നു. അതുപോലെ വെള്ളത്തിൽ നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അദൃശ്യമായ വസ്ത്രം എല്ലാ ജ്ഞാനസ്നാന ജലത്തിലുമുണ്ട്. ഒന്നാമത്തെ ആദം നഷ്ടപ്പെടുത്തിയ മഹത്വത്തിന്റെ അങ്കിക്ക് പകരം രണ്ടാമത്തെ ആദം ജോർദാൻ നദിയിൽ മഹത്വത്തിന്റെ മേലങ്കി സ്ഥാപിക്കുന്നു.

**(4) പറുദീസായുടെ വീണ്ടെടുക്കൽ:** പാപവീഴ്ചയിൽ ആദാമിന് നഷ്ടപ്പെട്ട മഹത്വത്തിന്റെ മേലങ്കി ക്രിസ്ത്യാനി ജ്ഞാനസ്നാനത്തിൽ വീണ്ടെടുക്കുന്നു. സ്നാനസമയത്ത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ജ്ഞാനസ്നാനത്തെ ക്രിസ്തുവിന്റെ ജ്ഞാനസ്നാനവുമായി ബന്ധിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയായി ഒരോ മാമോദീസായിലും വിശ്വാസി ജോർദാനിലെ വെള്ളത്തിൽ ക്രിസ്തുവിനോടൊപ്പം മാമോദീസാ സ്വീകരിക്കുന്നു. ഈ ആശയം വ്യക്തമായി മനസ്സിലാക്കുവാൻ ക്രിസ്തീയ രഹസ്യങ്ങളെ വിശുദ്ധ സമയത്തിന്റെയും സ്ഥലത്തിന്റെയും കാഴ്ചപ്പാടിൽ കാണണം.പാശ്ചാത്യ സുറിയാനി മാമ്മോദീസാ ആരാധനക്രമത്തിൽ, മാമ്മോദീസാ ജലത്തിന്റെ ആശീർവാദത്തിന് മുമ്പ്, പുരോഹിതൻ ഒരു പ്രാർത്ഥന ചൊല്ലുന്നു, "നിന്റെ കുരിശിനാൽ വീണ്ടെടുക്കപ്പെട്ട നിന്റെ സഭയും ആട്ടിൻകൂട്ടവും ജോർദാൻ നദീതീരത്ത് വിനീതമായി നിന്നോടും നിന്നിലൂടെയും നിന്റെ പിതാവിനോട് അപേക്ഷിക്കുന്നു. ...' ഇവിടെ ചരിത്ര കാലത്ത് സമൂഹം മാമ്മോദീസാതൊട്ടിയുടെ മുമ്പിൽ നിൽക്കുന്നുവെങ്കിലും, സഭ മുഴുവൻ ജോർദാൻ നദിക്കരയിൽ നിൽക്കുകയാണെന്ന് പുരോഹിതൻ സമ്മതിക്കുന്നു. അതിനാൽ, യുഗങ്ങളെ ഒരുമിച്ച് ചേർക്കുന്ന രക്ഷാകര രഹസ്യത്തിന്റെ ഈ മാനത്തെ വിശുദ്ധ സമയത്തിന്റെ വെളിച്ചത്തിൽ കാണണം.നാം ഏതൊരു ആരാധനയിലും പങ്കെടുക്കുമ്പോൾ ക്രിസ്തുരഹസ്യം വെളിവാക്കപ്പെട്ട സമയത്തും സ്ഥലത്തുമാണ് പങ്കെടുക്കുന്നത്. മാമോദീസായിൽ പങ്കെടുക്കുമ്പോൾ ജോർദാൻ നദിയിലും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ സെഹിയോൻ ഊട്ടുശാലയിലും നാം സന്നിഹിതരാണ്.

ജ്ഞാനസ്നാനത്തിൽ, യേശുക്രിസ്തു നമ്മെ പ്രകാശത്തിന്റെ വസ്ത്രം ധരിപ്പിക്കുന്നു, അപ്രകാരം, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും ഉള്ള നമ്മുടെ യഥാർത്ഥ സത്വത്തിലേക്ക് ക്രിസ്തു നമ്മെ പുനഃസ്ഥാപിക്കുന്നു. മരണത്തിലേക്ക് താഴ്ത്തപ്പെടുന്നതിന്റെ നഗ്നതയിൽ നിന്നും നമ്മുടെ സ്വന്തം വികാരങ്ങൾക്ക് അടിമപ്പെടുന്നതിന്റെ ദുർബലതയിൽ നിന്നും അവൻ നമ്മെ രക്ഷിക്കുന്നു. ആദാമിനെയും ഹവ്വായെയും, അവരുടെ എല്ലാ സന്തതികളെയും, മുഴുവൻ സൃഷ്ടിയെയും രക്ഷിക്കുന്നതിനായി ദൈവപുത്രൻ സ്നാനമേറ്റു. സൃഷ്ടിയിലൂടെ അവൻ ആദ്യം നമ്മിലേക്ക് ശ്വസിച്ച (ഉൽ. 2:7) ജീവന്റെ മഹത്തായ ഉദ്ദേശ്യങ്ങൾ അപ്രകാരം നിറവേറ്റുന്നു. ക്രിസ്തുവിന്റെയും നമ്മുടെയും സ്നാനത്തിലൂടെ ക്രിസ്തു നമ്മെ അവന്റെ ദൈവിക മനുഷ്യത്വത്തിൽ പങ്കാളികളാക്കുന്നു. അങ്ങനെ മഹത്വത്തിന്റെ വസ്ത്രം ധരിക്കുന്ന സ്നാനാർത്ഥിക്ക് പറുദീസായിൽ വച്ച് കൈമോശം വന്ന ദൈവത്തിന്റെ ഛായയും സാദൃശ്യവും തിരികെ ലഭിക്കുന്നു.

എല്ലാ ജ്ഞാനസ്നാനത്തിലും സ്നാനാർത്ഥികൾക്ക് ഈ വസ്ത്രം നൽകപ്പെടുന്നു. മഹത്വത്തിന്റെ ഈ അങ്കി ക്രിസ്തുവുമായുള്ള ഐക്യത്തിന്റെയും (റോമാ 13:14; ഗലാ. 3:27) പാപമോചനത്തിന്റെയും ജീവിത വിശുദ്ധിയുടെയും പ്രതീകമാണ്. സ്നാന വസ്

www.malankaralibrary.com

ത്രം ധരിക്കുന്നത് അന്ധകാരം ഉപേക്ഷിക്കുന്നതിനെയും വിശ്വാസിയുടെ നവീകരണത്തെയും സൂചിപ്പിക്കുന്നു. സ്നാനത്തിൽ, വിശ്വാസികൾ കുരിശായ ജീവവൃക്ഷത്തിന്റെ ഇലകൾ എടുക്കുന്നു. ജീവവൃക്ഷത്തിന്റെ ഈ ഇലകൾ ആദാമും ഹവ്വായും ചേർന്ന് തുന്നിച്ചേർത്ത അത്തിയിലകൾ കൊണ്ടുള്ള വസ്ത്രത്തിന് പകരം വിശ്വാസികൾക്ക് മാമോദീസായിൽ ലഭിക്കുന്നു. ത്രിത്വത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ് ഈ വസ്ത്രം നിർമ്മിച്ചിരിക്കുന്നത്. ആദം തന്റെ പഴയ പ്രതാപത്തിലേക്ക് മടങ്ങി മഹത്വത്തിന്റെ വസ്ത്രം ധരിച്ചതിനാൽ ആദത്തിന്റെ വസ്ത്രമായി ഇനി അത്തിയിലകളുടെ ആവശ്യമില്ലായെന്ന കാരണത്താൽ ക്രിസ്തു അത്തിവൃക്ഷം ഉണക്കി (മത്തായി 21:20-21) എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. പറുദീസായിലെ ജീവവൃക്ഷത്തിലേക്ക് ജ്ഞാനസ്നാനം നേരിട്ട് പ്രവേശനം നൽകുന്നു, കാരണം ഈ വൃക്ഷം മറ്റാരുമല്ല, ക്രിസ്തുവാണ്. ജീവന്റെ വൃക്ഷം അടിസ്ഥാനപരമായി അമർത്യതയുടെയും അതുവഴി ദൈവികവൽക്കരണത്തിന്റെയും ഉറവിടമാണ്. സർപ്പത്താൽ പ്രലോഭിപ്പിക്കപ്പെട്ട ആദാമും ഹവ്വായും ഇത് നേടിയെടുക്കുവാൻ ശ്രമിച്ചു, അതിന്റെ ഫലമായി അത് നഷ്ടപ്പെട്ടു. എന്നാൽ മനുഷ്യാവതാരത്തിലൂടെ ദൈവം ഇപ്പോൾ അവരുടെ ആഗ്രഹം നിറവേറ്റുന്നു.

ക്രിസ്തുവിന്റെ ജീവനുള്ള രക്തത്തിൽ നിന്ന് നെയ്തെടുത്ത സ്നാനത്തിന്റെ വസ്ത്രം ഈ അങ്കിയുടെ മറ്റൊരു ചിത്രമാണ്. സാറൂഗിലെ മാർ യാക്കോബ് ഇപ്രകാരം പഠിപ്പിക്കുന്നു: 'പിതാവ് അത് തയ്യാറാക്കി, അവന്റെ ആദ്യജാതൻ അത് നെയ്തു, ആത്മാവ് അതിനെ മുറിച്ചു. വെള്ളത്തിൽ നിന്ന് നിങ്ങൾ വസ്ത്രം ധരിക്കുകയും ദിവ്യമായ രീതിയിൽ ധരിക്കുകയും ചെയ്തു.'

ദൈവരാജ്യത്തിലെ വിവാഹ വിരുന്നിന്റെ ഉപമയിൽ മഹത്വത്തിന്റെ അങ്കി വിവാഹവസ്ത്രമായി തിരിച്ചറിയപ്പെടുന്നു (മത്തായി 22:1-14). സ്നാനാർത്ഥി മാമോദീസായിൽ ധരിക്കുന്ന മഹത്വത്തിന്റെ അങ്കിയെ ദൈവരാജ്യത്തിലെ വിവാഹവസ്ത്രമായി കാണുന്നു. സ്നാനാർത്ഥി ധരിക്കുന്ന മഹത്വത്തിന്റെ മേലങ്കി ഒരേസമയം വിവാഹവസ്ത്രമായി മാറുന്നു.അതില്ലാതെ ഒരാൾക്ക് നിത്യപ്രകാശത്തിലേക്ക് പ്രവേശിക്കുവാൻ കഴിയില്ല. ഇവിടെ ഈ ലോകത്ത്, സ്നാനത്തിലൂടെ ദൈവമഹത്വത്തിന്റെ വസ്ത്രം ധരിച്ചവർ 'ഇതിനകം തന്നെ' ദൈവരാജ്യത്തിൽ പങ്കുചേരുന്നു.

ജ്ഞാനസ്നാനത്തിലൂടെ നാം യേശുവുമായി വിവാഹനിശ്ചയം ചെയ്യപ്പെടുന്നു. അവൻ നമ്മുടെ മണവാളനാകുന്നു. അവനുമായി സ്നേഹവും വിശ്വസ്തതയും ആവശ്യമുള്ള ഒരു വിവാഹബന്ധത്തിലേക്ക് നാം പ്രവേശിക്കുന്നു. സ്നാന സമയത്ത് ലഭിച്ച മഹത്വത്തിന്റെ അങ്കി വാസ്തവത്തിൽ മത്തായി 22:12 ലെ ഉപമയിലെ വിവാഹ വസ്ത്രമല്ലാതെ മറ്റൊന്നുമല്ല. കൊല്ലപ്പെട്ട വരൻ അതായത് ക്രിസ്തു കല്ലറയുടെയും പാതാളത്തിന്റെയും മണവറയിൽ പ്രവേശിക്കുന്നു. അവിടെ നിന്ന് സ്വർഗ്ഗീയ വിവാഹവിരുന്നിൽ പങ്കെടുക്കുന്നതിനായി പാതാളത്തിലെ എല്ലാ പഴയ തലമുറകളെയും മോചിപ്പിച്ചു. ഈ നിഗൂഢതയിലൂടെ, ഭൂതകാലത്തിനും വർത്തമാനകാലത്തിനും ഭാവികാലത്തിനും ഫലപ്രദമായി വാഗ്ദാനം ചെയ്ത എല്ലാവരുടെയും വീണ്ടെടുപ്പ് വിശദീകരിക്കുന്നു.

## എം.സി.എ. ഉദ്ഘാടനവും വനിതാശാക്തീകരണവും



*എം.സി.എ. സഭാസമിതി സമ്മേളനത്തിന്റെ ഉദ്ഘാടനം തിരുവല്ല ശാന്തിനിലയത്തിൽ വെച്ച് ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് വനിതകളെ ദൈവഭക്തിയിലും സ്വയംപര്യാപ്തതയിലും വളർത്താൻ ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിയ പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 67-ാമത് ഓർമ്മത്തിരുനാളിനോട് അനുബന്ധിച്ച് മലങ്കര കാത്തലിക് അസോസിയേഷൻ സഭാതല സമിതി തിരുവല്ല അതിഭദ്രാസനത്തോട് ചേർന്ന് സംഘടിപ്പിച്ച സംരംഭകത്വ സെമിനാർ ശ്രദ്ധേയമായി.*

www.malankaralibrary.com



## സഭയും മാമോദീസായും

സാറൂഗിലെ മാർ യാക്കോബിനെ സംബന്ധിച്ചിടത്തോളം സ്നാനം, മണവാളനായ ക്രിസ്തുവിന്റെയും അവന്റെ മണവാട്ടിയായ സഭയുടെയും വിവാഹ വിരുന്നാണ്; സ്നാനമേൽക്കുവാൻ പോകുന്നവരാണ് അതിഥികൾ. വിരുന്നിന് മുമ്പ് അതിഥികൾക്ക് ഒരു വിവാഹ വസ്ത്രം നൽകുന്നു, അതായത്, സ്നാന സമയത്ത്, അത് മഹത്വത്തിന്റെ അങ്കിയായി മാറുന്നു. മാമോദീസയുടെ വെള്ളത്തിൽ സഭ തന്നെ ക്രിസ്തുവിനെ ധരിക്കുന്നു. സഭ ഇറങ്ങി വെള്ളവസ്ത്രം ധരിച്ചു. സ്നാനമേറ്റ ക്രിസ്ത്യാനിക്ക് തന്റെ വിവാഹ വസ്ത്രമായ മഹത്വത്തിന്റെ അങ്കി, തന്റെ മാമോദീസ സമയത്ത് മണവാളനായ ക്രിസ്തു നൽകിയതാണ്. ഒരുവൻ പാപം വഴി നഷ്ടപ്പെട്ട മഹത്വം വീണ്ടെടുക്കുന്നതിനാൽ, സ്നാനം പറുദീസയിലേക്കുള്ള ഒരു പുനഃപ്രവേശനത്തെ സഹായിക്കുന്നു. മാമ്മോദീസാ സമയത്ത് നൽകിയ ശരിയായ വസ്ത്രധാരണത്തോടെ, അതിഥിക്ക് സ്വർഗ്ഗീയ വിവാഹവിരുന്നിൽ പങ്കെടുക്കാം. വസ്ത്രം ധരിച്ചുകഴിഞ്ഞാൽ, അവർ അത് പാപത്താൽ മലിനമാകാതെ സൂക്ഷിക്കണം, അല്ലാത്തപക്ഷം അവർ ഉപമയിലെ മനുഷ്യനെപ്പോലെ ദൈവരാജ്യത്തിൽ നിന്ന് പുറത്താക്കപ്പെടും (മത്തായി 22: 1–14).

യോഹന്നാൻ സ്നാപകനെ സ്തുതിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ, മണവാട്ടി വെള്ളത്തിൽ നിന്ന് വസ്ത്രം ധരിക്കുന്നത് സാറൂഗിലെ യാക്കോബ് ചിത്രീകരിക്കുന്നു:

അവൻ മണവാട്ടിയെ വെള്ളത്തിനകത്തുനിന്നു നെയ്ത വസ്ത്രം ധരിപ്പിച്ചു;

മണവാളൻ എത്ര സുന്ദരനാണെന്ന് കാണുവാൻ അവൾ ആഗ്രഹിക്കുന്നു.

സ്നാനത്തിൽ അവൻ പ്രകാശത്തിൽ നെയ്ത വസ്ത്രം തയ്യാറാക്കി;

വരന്റെ സുഹൃത്തുക്കൾ വിരുന്നിന്റെ വീട്ടിൽ നന്നായി സന്തുഷ്ടരാകും.

ജ്ഞാനസ്നാനം മാലാഖമാരുടേതിനു തത്തുല്യമായ ജീവിതത്തിലേക്കുള്ള പ്രവേശനമാണ്, കാരണം മഹത്വത്തിന്റെ ഈ വസ്ത്രം സ്വർഗ്ഗീയമാണ്. ഇത് ധരിക്കുന്നയാൾ 'മഞ്ഞിനെക്കാൾ വെണ്മയുള്ളവനാകുന്നു,' (സങ്കീ. 51:7). ഈ വസ്ത്രം രൂപാന്തരീകര

## സി.ഡി. പ്രകാശനം ചെയ്തു




*പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 67-ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പീറ്റർ സി. ഏബ്രഹാമും ഷാലു ആൻഡ്രൂസും രചന നിർവ്വഹിച്ച് റവ. ഫിലിപ്പ് തായില്ലം അച്ചനും ഇരുവള്ളിപ്ര സെന്റ് തോമസ് സ്കൂളിലെ കുട്ടികളും ചേർന്ന് ആലപിച്ച പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ് എന്ന സി.ഡി. അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു.*




*പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 67-ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് റോക്കി ചെമ്പോത്തിനാൽ നിർമ്മിച്ച് ഷെറിൻ കാരിക്കോട്ട് രചനയും ആലാപനവും നിർവ്വഹിച്ച താപസശ്രേഷ്ഠൻ എന്ന സി.ഡി. അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു.*

www.malankaralibrary.com

ണ വേളയിൽ യേശുവിന്റെയും മോശയുടെയും ഏലിയായുടെയും വസ്ത്രങ്ങൾ പോലെ വെണ്മയുള്ളതാണ് (മത്തായി 17:1-11). മഹത്വത്തിന്റെ ഈ അങ്കി ശുദ്ധവും ദൈവത്തിന്റെ ദാനവുമാണ്.

ഇത് രാജകീയവും പൗരോഹിത്യവുമായ വസ്ത്രമാണ്. "ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിലേക്കുള്ള പ്രവേശനമായാണ് ജ്ഞാനസ്നാനത്തെ കാണുന്നത്." സുറിയാനി ഫെങ്കീത്തോയിൽ നിന്നുള്ള ഒരു വാചകത്തിൽ, സഭ പ്രഖ്യാപിക്കുന്നു, 'ക്രിസ്തു നമ്മെ അണിയിച്ചു, നമ്മൾ അവനെ അണിയിച്ചു.' അതായത്, ക്രിസ്തു മനുഷ്യനാകുവാൻ നമ്മുടെ ശരീരം സ്വീകരിച്ചു, അപ്രകാരം, നമ്മെ ദൈവികരാക്കുവാൻ വേണ്ടി, 'ജലത്തിന്റെ ശവകുടീരത്തിൽ' അടക്കം ചെയ്തതുപോലെ വെള്ളത്തിൽ നിന്ന് മനുഷ്യരാശിയെ ധരിക്കുവാൻ വിശുദ്ധിയുടെ മഹത്വം വെള്ളത്തിൽ കലർന്നിരിക്കുന്നു. അങ്ങനെ, സ്നാനമേറ്റവർ ക്രിസ്തുവിന്റെ രാജകീയവും പൗരോഹിത്യവുമായ സ്ഥാനപ്പേരുകൾ പങ്കിടുന്നു.

## പറുദീസായും അങ്കിയും

കർത്താവിന്റെ കുരിശുമരണത്തിന്റെ സമയത്താണ് ഈ അങ്കി ആദ്യമായി സ്വീകരിച്ച് ഒരാൾ പറുദീസായ്ക്ക് അർഹനാകുന്നത്. പശ്ചാത്തപിച്ച വലത്തുഭാഗത്തെ കള്ളന് വെളിച്ചത്തിന്റെ ഈ അങ്കി നൽകപ്പെടുന്നു. നല്ല കള്ളനെയും കെരൂബിനെയും കുറിച്ചുള്ള പ്രസംഗത്തിൽ, സാറൂഗിലെ മാർ യാക്കോബ് ഈ മഹത്വത്തിന്റെ മേലങ്കിയെക്കുറിച്ച് വിവരിക്കുന്നു:

ഉയർന്ന മണവറ കിടക്കയിൽ ഞാൻ നിന്നെ പ്രകാശത്തിന്റെ മേലങ്കി അണിയിക്കും.

വെളിച്ചത്തിന്റെ ഒരു താക്കോൽ നിനക്കായി എടുത്ത് നന്മകളുടെ പൂന്തോട്ടത്തിലേക്ക് പോകുക...

തീയിൽ കയറി തീജ്വാലയുടെ വഴിയിൽ ഇറങ്ങുക;

അഗ്നിക്കടലിൽ ചവിട്ടി പരിഭ്രാന്തനാകരുത്...

തീയുടെ അണികൾ നിന്നെ കണ്ടുമുട്ടിയാൽ, നീ പരിഭ്രാന്തനാകില്ല.

പറുദീസായിൽ പ്രവേശിക്കുവാൻ നല്ല കള്ളന് ഈ വസ്ത്രം അത്യാവശ്യമായിരുന്നു. പുനരുത്ഥാനം പ്രാപിക്കുന്നവർക്ക് ശവകുടീരത്തിൽ നിന്ന് പുറത്തുവന്ന് മരിച്ചവരുടെ വസ്ത്രം ഉപേക്ഷിച്ച് മഹത്വത്തിന്റെ വസ്ത്രം ധരിക്കാം, അപ്രകാരം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാം.

സാറൂഗിലെ മാർ യാക്കോബ്, ജ്ഞാനസ്നാനജലത്തിൽ മഹത്വത്തിന്റെ വസ്ത്രത്തിന്റെ രൂപത്തിൽ ക്രിസ്തുവിനെ ധരിക്കുന്നതിന് വളരെയധികം ഊന്നൽ നൽകുന്നു. പറുദീസായിൽ നിന്ന് പുറത്താക്കപ്പെടുകയും നിരാശപ്പെടുകയും പാതാളത്തിൽ വീഴുകയും ചെയ്ത അതേ ശരീരം, ക്രിസ്തു ജോർദാനിൽ മഹത്വത്തിന്റെ വസ്ത്രം നിക്ഷേപിച്ചതിലൂടെ ഉയിർത്തെഴുന്നേൽക്കുകയും മഹത്വമുള്ള വസ്ത്രം ധരിക്കുകയും ചെയ്തു. അത് ആത്മീയമായതും നാശമില്ലാത്തതും മാറ്റമില്ലാത്തതും പുതിയതുമാണ്.

## മഹത്വത്തിന്റെ അങ്കി ആരാധനാക്രമത്തിൽ

അന്ത്യോക്യൻ ആരാധനക്രമത്തിൽ മാമോദീസായുടെ സെദറായിൽ അങ്കിക്ക് ഉപയോഗിച്ചിരിക്കുന്ന വിശേഷണം 'നശിക്കാൻ പറ്റാത്തതാണ്' എന്നാണ്.

മാമോദീസായുടെ സെദറായിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "നിന്റെ ആലയത്തിൽ ഇവനെ (ഇവളെ) പ്രവേശിപ്പിച്ച് നിന്റെ അജഗണത്തിൽ ഇവനെ (ഇവളെ) എണ്ണണമേ. തിരുമുഖശോഭ ഇവനിൽ (ഇവളിൽ) പ്രതിബിംബിപ്പിക്കണമേ. ഇവനെ (ഇവളെ) നിന്റെ ജനകന് പുത്രനാക്കി (പുത്രിയാക്കി) തീർക്കണമേ. വീണ്ടും ജനനത്തിന് ഇവനെ (ഇവളെ) നീ യോഗ്യനാക്കണമേ. പഴയ മനുഷ്യനെ ഇവനിൽ (ഇവളിൽ) നിന്ന് ഉരിഞ്ഞു കളയണമേ. നാശമില്ലായ്മയുടെ വസ്ത്രം ഇവനെ (ഇവളെ) ധരിപ്പിക്കണമേ."

പുരോഹിതൻ മാമോദീസാതൊട്ടിയിൽ വെള്ളം ഒഴിച്ചുക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ദൈവമായ കർത്താവേ, ... ഇതിൽ സ്നാനപ്പെടുന്ന ഈ ദാസന് (ദാസിക്ക്) നിന്റെ പ്രീതിയാലും നിന്റെ ഏകപുത്രന്റെ മനുഷ്യസ്നേഹത്താലും ഇതു നാശമില്ലായ്മയുടെ ആദ്ധ്യാത്മിക വസ്ത്രവും പാപബന്ധന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി നെടുമ്പ്രം**

www.malankaralibrary.com


ങ്ങളിൽ നിന്നുള്ള മോചനവും ആയിത്തീരുവാൻ കൃപ ചെയ്യണമേ."

വെള്ളം ആശീർവദിച്ചുക്കൊണ്ട് വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഇതിനെ വീണ്ടും ജനനത്തിനുള്ള സ്നാനവും പുത്രസ്വീകാര്യത്തിന്റെ നൽവരവും നാശമില്ലായ്മയുടെ വസ്ത്രവും പരിശുദ്ധാത്മാവിലുള്ള നവീകരണവും ആക്കിത്തീർക്കണമേ."

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന മൂന്ന് പ്രാർത്ഥനയിലും മഹത്വത്തിന്റെ ഈ അങ്കിക്ക് നൽകിയിരിക്കുന്ന വിശേഷണം നാശമില്ലായ്മയുടെ വസ്ത്രമെന്നാണ്. മാമോദീസായിൽ വിശ്വാസികൾ സ്വീകരിക്കുന്ന ഈ വസ്ത്രം ഒരിക്കലും നശിച്ചുപോകുകയില്ല.

മൂറോനഭിഷേകത്തിന്റെ പ്രാർത്ഥനയിൽ വൈദികൻ ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "സഹോദരാ (സഹോദരീ), മഞ്ഞുപോലെ നിന്റെ വസ്ത്രങ്ങൾ തിളങ്ങുന്നു. .... നിന്റെ വസ്ത്രങ്ങൾ എത്ര ഭംഗിയുള്ളവ..."

അന്ത്യോക്യൻ ആരാധനാക്രമത്തിലെ മറ്റ് പല പ്രാർത്ഥനകളിലും ഈ ആശയം കണ്ടെത്താവുന്നതാണ്. യൽദായുടെ രാത്രി പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "മനുഷ്യരെ തന്റെ മഹത്വത്തിൽ പങ്കുകാരാക്കുവാൻ മഹിമയുടെ ശ്രേഷ്ഠരൂപമായവൻ മനുഷ്യസാദൃശ്യത്തിൽ കാണപ്പെട്ടു. അവൻ തന്റെ പിതാവിനോട് പൂർണ്ണസാദൃശ്യമുള്ളവനാണ്. തിരുവിഷ്ടത്താൽ അവൻ നമ്മോടും പൂർണ്ണമായി സദൃശപ്പെട്ടു."


പാവനസ്മരണയ്ക്ക്



ത്രേസ്യാക്കുട്ടി എബ്രഹാം

ചിറയിൽ, ചങ്ങനാശ്ശേരി

*പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ*


**പാപം മൂലം മഹത്വത്തിന്റെ വസ്ത്രം നഷ്ടമാക്കുന്നതിനെക്കുറിച്ച് ശ്ഹീമോയുടെ വ്യാഴം മൂന്നാം മണിയുടെ പ്രാർത്ഥനയിൽ ഇപ്രകാരം ആലപിക്കുന്നു:**

പാപമതിന്റെ
ദാസനതായ് പണി ചെയ്തോരീ
കുറ്റക്കാരൻ
മരണവുമോർത്തില്ലേൻ
തവ കല്പനകൾ
തള്ളിയവയ്ക്കെതിരായ് നിന്നേൻ,
വ്യർത്ഥാശകളെ
നിയമവുമാക്കി ഞാൻ,
കൃപയിൻ വസ്ത്രം
പുണ്യമതിൻ മഹിമാ വസനം ഇവ നഷ്ടമതായ്
തീർന്നൊരു നഗ്നൻ ഞാൻ.
നിൻ ഹാശായാൽ
മൃതിയാലും കൃപ ചെയ്യണമേ
നാഥാ, നരകേ
നിന്നും രക്ഷിക്ക.

**മാമോദീസായും വിശുദ്ധ കുർബാനയും സ്വീകരിച്ച് വിശ്വാസി മഹിമയുടെ ഈ അങ്കി ധരിക്കുന്നതിനെക്കുറിച്ച ശ്ഹീമോയുടെ ബുധൻ പ്രഭാത പ്രാർത്ഥനയിൽ ഇപ്രകാരം നാം ആലപിക്കുന്നു:**

മാമോദീസാ
മൂലം മിശിഹാതൻ
റൂശ്മാ കുത്തപ്പെ-
ട്ടും തൻ ഗാത്രം ഭക്ഷിച്ചും
തൻ രക്തം പാനം ചെയ്വോർ
തൻമൂലം ജീവൻ പൂണ്ടി-
പ്പൂഴിയതിൽ നിന്നിങ്ങേറി
ട്ടണിയും നൽ മഹിമാവിന്നങ്കി.

**പരേതർക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം നൽകണമെന്ന് ശ്ഹീമോയുടെ ശനി സന്ധ്യയിൽ സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നു:**

നാഥാ മാമോദീസായാൽ
നിന്നെ ധരിച്ച മൃതന്മാർക്കായ്
വലതുകരത്താൽ നൽകേണം
നിൻ രാജ്യേ മഹിമാവസ്ത്രം.

ഈ പ്രാർത്ഥനകളെല്ലാം വിരൽ ചൂണ്ടുന്നത് ക്രിസ്തു മനുഷ്യനായി അവതരിച്ചത് ആദത്തിന് നഷ്ടമായ മഹത്വത്തിന്റെ അങ്കി വീണ്ടെടുക്കുന്നതിന് വേണ്ടിയാണ് എന്നാണ്.

## ഉപകഥകൾ

സാറൂഗിലെ മാർ യാക്കോബ് തോമാശ്ലീഹായുമായി ബന്ധപ്പെടുത്തി ഇപ്രകാരം പറയുന്നു: 'അപ്പോസ്തലൻ കറുത്ത മണവാട്ടിയായ ഇന്ത്യയെ ആത്മാവിന്റെ സ്നാനത്തിന്റെ വെള്ള വസ്ത്രം ധരിപ്പിച്ചു.'

www.malankaralibrary.com


ദരിദ്രരെ സഹായിക്കുന്നതുപോലും സ്വർഗീയ രാജ്യത്തിൽ മഹത്വത്തിന്റെ അങ്കിയായി ഭവിക്കുമെന്ന് സാറൂഗിലെ മാർ യാക്കോബ് പറയുന്നു:

സൽകർമ്മങ്ങൾ ചെയ്യുന്നവന് മാമോദീസാ സമ്മാനം നൽകും:

വെള്ളത്തിനകത്തു നിന്ന് (സ്നാനം) ധരിക്കുവാൻ അവൻ നിങ്ങൾക്ക് തെളിച്ചവും മഹത്വവും നൽകിയിരിക്കുന്നു.

ജീർണിച്ച വസ്ത്രങ്ങളും നിന്ദിത വസ്ത്രങ്ങളും അവനിൽ നിന്ന് തടയരുത്.

നിന്നോടു ചോദിക്കുന്ന ദരിദ്രരിൽ നീ അവനു കൊടുക്കുന്നതൊക്കെയും;

പുതിയ ലോകത്ത് വെളിച്ചത്തിന്റെ വസ്ത്രം കൊണ്ട് അവൻ (ക്രിസ്തു) നിങ്ങൾക്ക് തിരികെ നൽകും.

മഹത്വത്തിന്റെ അങ്കി ധരിക്കുന്നവൻ ക്രിസ്തുവിനെ ധരിക്കുന്നു, തിരിച്ചും:

ഇതാ, മണവാട്ടി വെള്ളത്തിനകത്തുനിന്നു കയറി നിന്നെ ധരിച്ചു;

കൂടാതെ അത് തിരഞ്ഞെടുക്കപ്പെട്ട ധൂപകലശത്തിന്റെ പുകയും സുഗന്ധവും പോലെയാണ്.

'മഹത്വം' എന്നതിന്റെ സുറിയാനി പദത്തിന് 'സ്തുതി' എന്നും അർത്ഥമുണ്ടെന്ന് മനസ്സിലാക്കേണ്ടത് പ്രധാനമാണ്. അതിനാൽ, സ്നാനസമയത്ത് മഹത്വത്തിന്റെ മേലങ്കി ധരിക്കുന്നത് ദൈവത്തെ സ്തുതിക്കുന്നതിന്റെ പങ്ക് ഏറ്റെടുക്കുന്നതിനെ സൂചിപ്പിക്കുന്നു.

നസിയാൻസിലെ വിശുദ്ധ ഗ്രിഗറി എഴുതി, "സ്നാനമേറ്റ വ്യക്തിയെ പരിശുദ്ധാത്മാവ് ദൈവികമാക്കുന്നു.സ്നാനം നമ്മെ യഥാർത്ഥ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ചെയ്യുന്നു, അത് നമ്മെ ക്രിസ്തുവിനെ അണിയിക്കുകയും അവന്റെ ദൈവിക സ്വഭാവത്തിൽ നമ്മെ പങ്കാളികളാക്കുകയും ചെയ്യുന്നു."

വിശുദ്ധ പൗലോസ് ഗലാത്തിയക്കാർക്ക് എഴുതിയ ലേഖനത്തിൽ നിന്നാണ്, ക്രിസ്തുവിനെ ധരിക്കുക, അവനിൽ വസ്ത്രം ധരിക്കുക എന്ന ആശയം രൂപപ്പെട്ടിരിക്കുന്നത്. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യൻ പാപം ചെയ്തതു മൂലം അവനു നഷ്ടമായ മഹത്വത്തിന്റെ വസ്ത്രം അവനു തിരികെ നൽകുവാൻ വേണ്ടിയാണ് പുത്രൻതമ്പുരാൻ മനുഷ്യനായി അവതരിച്ചത്. ജോർദാനിലെ മാമോദീസാജലത്തിലൂടെ മനുഷ്യകുലത്തിനു മുഴുവനായും മഹത്വത്തിന്റെ ഈ വസ്ത്രം ക്രിസ്തു പ്രദാനം ചെയ്തു. മാമോദീസാ ജലത്തിൽ സ്നാനം ചെയ്യുന്ന ഏതൊരു വ്യക്തിയും ഈ വസ്ത്രം ധരിക്കുന്നു. മഹത്വത്തിന്റെ ഈ അങ്കി ധരിച്ച ക്രിസ്ത്യാനിക്ക് നല്ല കള്ളനെപ്പോലെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കും. ക്രിസ്തുവിൽ സ്വയം വസ്ത്രം ധരിക്കുന്നതിനെക്കുറിച്ച് സുറിയാനി സഭാപിതാവായ അഫ്രഹാത്ത് പറയുന്നു, 'സ്നാനമേൽക്കുന്നവർ ക്രിസ്തുവിന്റെ ആത്മാവിൽ വസ്ത്രം ധരിക്കുന്നു.'

●

# വത്തിക്കാൻ സ്ഥാനപതി



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തിരുവനന്തപുരം മേജർ അതിരൂപതാംഗമായ മോൺ. ഡോ. ജോർജ്ജ് പനംതുണ്ടിലിനെ ആർച്ചുബിഷപ്പ് പദവിയിൽ ഖസാക്കിസ്ഥാനിലെ അപ്പസ്തോലിക് നൂൺഷ്യോയായി (വത്തിക്കാൻ അംബാസിഡർ) പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു.

മാർ ഈവാനിയോസ് കോളേജിലെ മുൻ അദ്ധ്യാപകൻ പനംതുണ്ടിൽ ഡോ. പി. വി. ജോർജ്ജിന്റെയും മേരിക്കുട്ടി ജോർജ്ജിന്റെയും മകനായി 1972 ൽ തിരുവനന്തപുരത്ത് ജനനം. തിരുവനന്തപുരം പാളയം സമാധാന രാജ്ഞി ബസിലിക്ക ഇടവകാംഗമാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് വത്തിക്കാൻ അംബാസിഡറായി നിയമിക്കപ്പെടുന്ന പ്രഥമ വൈദികനാണ് നിയുക്ത അപ്പസ്തോലിക് നൂൺഷ്യോ.

www.malankaralibrary.com








# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും



സി. ഡോ. ഐറിൻ SIC
(ബഥനി ഹോമിയോ ക്ലിനിക്, വെച്ചൂച്ചിറ)

മഴയും മഴക്കാലവും ഏവർക്കും ഏറെ പ്രിയപ്പെട്ടതാണ്. എന്നാൽ മഴക്കാലത്ത് ഉണ്ടാകുന്ന രോഗങ്ങളെ നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ അവ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാണ്. വർഷകാലം എന്നത് ഒരു രോഗകാലം കൂടിയാണ്. കാരണം വർഷകാലത്ത് നമ്മുടെ രോഗപ്രതിരോധശേഷി വളരെ കുറഞ്ഞുനിൽക്കുന്നു. മഴവെള്ളത്തോടൊപ്പം മാലിന്യങ്ങളും കൂടി ചേർന്ന് നമ്മുടെ ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സമയം കൂടിയാണ് വർഷകാലം. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുകൾ പെറ്റുപെരുകുകയും അതോടൊപ്പം ഈർപ്പം ഉള്ള അന്തരീക്ഷത്തിൽ രോഗവാഹികളായ സൂക്ഷ്മജീവികളുടെ വളർച്ച ത്വരിതപ്പെടുകയും ചെയ്യുന്നു. അങ്ങനെ എല്ലാ ഘടകങ്ങൾകൊണ്ടും രോഗങ്ങൾ ഉണ്ടാകുവാൻ അനുകൂല സാഹചര്യമാണ് വർഷകാലത്തിൽ ഉണ്ടാകുന്നത്.

## വർഷകാലത്ത് ഉണ്ടാകുന്ന രോഗങ്ങൾ

മൂന്ന് തരം പകർച്ചവ്യാധികൾ മഴക്കാലത്ത് ഉണ്ടാകുന്നു.

1. **ജലജന്യരോഗങ്ങൾ**
2. **വായുവിലൂടെ പടരുന്നവ**
3. **കൊതുക് പരത്തുന്നവ**


### 1. ജലജന്യരോഗങ്ങൾ

മഴക്കാലത്ത് പരിസരങ്ങളിലെ മാലിന്യങ്ങൾ മഴവെള്ളത്തിലൂടെ ഒഴുകി ശുദ്ധജലസ്രോതസ്സുകളെ മലിനമാക്കുകയും കൂടാതെ മലിനജലം കെട്ടിക്കിടക്കാനും ഇടയുണ്ട്. ഈ അവസരങ്ങളിൽ ആണ് രോഗങ്ങൾ കൂടുതലും പടരുന്നത്. എലിപ്പനി, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, ഛർദ്ദി, വയറിളക്കം എന്നിവയാണ് പ്രധാനമായും വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ.

www.malankaralibrary.com


മലിനമായ ജലം, ഭക്ഷണം, ശുചിത്വമില്ലാത്ത സാഹചര്യം ഇതൊക്കെയാണ് മഞ്ഞപ്പിത്തം അഥവാ ഹെപ്പറ്റൈറ്റിസ് എ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം. ഹെപ്പറ്റൈറ്റിസ് എ വൈറസ് ആണ് മഞ്ഞപ്പിത്തരോഗം വരുത്തുന്നത്. എന്നാൽ Salmonella Typhbi എന്ന ബാക്ടീരിയ ആണ് ടൈഫോയ്ഡ് വരുത്തുന്നത്.

പനി, കണ്ണിനും മൂത്രത്തിനും മഞ്ഞനിറം, വിശപ്പില്ലായ്മ, തലവേദന, ഓക്കാനം എന്നിവയാണ് മഞ്ഞപ്പിത്തത്തിന്റെ പ്രധാനമായ രോഗലക്ഷണങ്ങൾ. എന്നാൽ കടുത്ത പനി, തലവേദന, വയറുവേദന, ക്ഷീണം, ഛർദ്ദി, വയറിളക്കം തുടങ്ങിയവയാണ് ടൈഫോയ്ഡിന്റെ പ്രധാന രോഗലക്ഷണങ്ങൾ.



## 2. വായുവിലൂടെ പടരുന്നവ

വായുവിലൂടെയും സ്പർശനത്തിലൂടെയും പകരുന്ന ഒരു വൈറൽ പനിയാണ്. Influenza അഥവാ പന്നിപ്പനി. രോഗം ബാധിച്ച വ്യക്തിയുടെ മൂക്കിൽ നിന്നും വായിൽ നിന്നും വരുന്ന സ്രവം വഴിയാണ് ഈ രോഗം മറ്റുള്ളവരിലേക്ക് പകരുന്നത്. പനി, തലവേദന, ശരീരവേദന, വിശപ്പില്ലായ്മ എന്നിവയാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ. രോഗബാധയുള്ളവർ മറ്റുള്ളവരുമായി അടുത്ത് ഇടപഴകാതിരിക്കാൻ ശ്രദ്ധിക്കുക.

ശാസ്ത്രീയമായ ചികിത്സകൾ, ശരിയായ വിശ്രമം, ധാരാളം വെള്ളം കുടിക്കുക, നല്ല വായുസഞ്ചാരം ഉള്ള സ്ഥലത്ത് വിശ്രമിക്കുക ഇവയാണ് ഈ രോഗം വന്നവർ ശ്രദ്ധിക്കേണ്ടത്.

## 3. കൊതുക് പരത്തുന്നവ

പ്രധാനമായും അനോഫെലിസ്, ഈഡിസ് ഈജിപ്റ്റി, ക്യൂലക്സ് എന്നീ വിഭാഗത്തിൽപ്പെടുന്ന കൊതുകുകൾ ആണ് അപകടകാരികൾ. ഈ കൊതുക് പരത്തുന്ന രോഗങ്ങളിൽ തന്നെ പ്രധാനപ്പെട്ടവയാണ് ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലേറിയ, ഫൈലേരിയാസിസ്, മന്ത് തുടങ്ങിയവ.

ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ പ്രധാനമായും പനിയാണ് – കടുത്ത പനി അത് വിറയലോടെ ആണ് കാണപ്പെടുന്നത്.

തലവേദന – കണ്ണുകൾക്ക് പുറകിലായിട്ട് ഉള്ള ശക്തമായ വേദന

ശരീരവേദന – മാംസപേശികളിലും അസ്ഥികൾക്കും ഉണ്ടാകുന്ന കടുത്ത വേദന

ശരീരത്തിൽ ഉണ്ടാകുന്ന ചുവന്ന പാടുകൾ

പിന്നീട് ഈ രോഗം മൂർഛരിക്കുമ്പോൾ ശരിയായ ചികിത്സ എടുത്തില്ലെങ്കിൽ ഇത് മരണത്തിന് കാരണമാകും.

### ചിക്കൻഗുനിയ

പെട്ടെന്ന് ഉണ്ടാകുന്ന ശക്തമായ പനിയും അസ്ഥികൾക്കും പേശികൾക്കും ഉണ്ടാകുന്ന വേദന, തലവേദന, നടുവേദന, ചർമ്മത്തിൽ ഉണ്ടാകുന്ന ചുമന്നു തുടുത്ത പാടുകൾ എന്നിവയാണ് പ്രധാനമായും ഈ രോഗത്തിൽ കാണുന്നത്.

### മലമ്പനി

ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ രോഗിയെ പനിയ്ക്കുന്നു, വിറയലോടുകൂടിയ പനിയാണ് കാണുന്നത്. പനിയോടൊപ്പം തന്നെ തലവേദന, വയറുവേദന, ഛർദ്ദി, മഞ്ഞപ്പിത്തം ഇവ കാണുന്നു.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കൃഷിയിടങ്ങളിലും കന്നുകാലികളെ നോക്കുന്നവരിലും പ്രതിരോധ നടപടികൾ എത്രയും വേഗം സ്വീകരിക്കുക.
2. പ്രധാനമായും ഇവർ കൈയ്യുറകളും കാലുറകളും ഉപയോഗിക്കുക.
3. കൈയിലും കാലിലും മുറിവ് ഉള്ളവർ പ്രധാനമായും ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഇറങ്ങാതെയിരിക്കാൻ സൂക്ഷിക്കുക.
4. ചെറിയ മുറിവ് ആണെങ്കിലും അതിനെ നിസ്സാരമായി കാണാതെ കൃത്യമായ ചികിത്സതേടുക.
5. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മുഖം, കൈകാലുകൾ കഴുകാതിരിക്കുക.
6. നമ്മുടെ കുടിവെള്ള സ്രോതസ്സിൽ മാസത്തിൽ ഒരിക്കൽ എങ്കിലും ക്ലോറിനേഷൻ നടത്തുവാൻ ശ്രദ്ധിക്കുക.
7. പഴങ്ങൾ, പച്ചക്കറി എന്നിവ നന്നായി കഴുകിയതിനുശേഷം ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക.

www.malankaralibrary.com


8. കൈകാലുകൾ ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് കഴുകുന്നത് വളരെ അത്യാവശ്യമായ പ്രതിരോധ നടപടിയാണ്.
9. ചെടിച്ചട്ടിക്ക് ഉള്ളിലും അതിന്റെ അടിയിലും സൂക്ഷിച്ചിരിക്കുന്ന trayകളിലുള്ള വെള്ളം ഒന്നിടവിട്ട ദിവസങ്ങളിൽ മാറ്റേണ്ടതാണ്.
10. റബർതോട്ടങ്ങളിൽ റബർപാൽ ശേഖരിക്കാൻ ഉപയോഗിക്കുന്ന ചിരട്ടകൾ ഉപയോഗിക്കാത്ത അവസരങ്ങളിൽ കമഴ്ത്തി വയ്ക്കുക.
11. കൃഷിയിടങ്ങളിൽ കൊതുക് പെരുകുന്നില്ലെന്ന് ഉറപ്പ് വരുത്തുക.
12. ഉപയോഗശൂന്യമായ മൺപാത്രങ്ങൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, അലക്ഷ്യമായി വലിച്ചെറിയുന്ന ചിരട്ടകൾ, കുപ്പികൾ, പ്ലാസ്റ്റിക് കവറുകൾ ഇവയിൽ ഒക്കെ വെള്ളം കെട്ടി നിൽക്കാത്ത വിധം നീക്കം ചെയ്യേണ്ടതാണ്.

### എങ്ങനെ പ്രതിരോധിക്കാം

1. ആരോഗ്യവാനായ ഒരു വ്യക്തി 3 ലിറ്റർ വെള്ളമെങ്കിലും കുടിക്കണം.
2. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക.
3. നന്നായി വേവിച്ച ഭക്ഷണങ്ങൾ കഴിക്കുവാൻ ശ്രദ്ധിക്കുക.
4. ആഹാരം നന്നായി അടച്ച് വച്ച് ചൂടോടു കൂടി കഴിക്കുവാൻ ശ്രദ്ധിക്കുക.
5. ഭക്ഷണത്തിന് മുമ്പും ശേഷവും കൈകൾ സോപ്പിട്ട് നന്നായി കഴുകുവാൻ ശ്രദ്ധിക്കണം.
6. ഫ്രിഡ്ജിൽ വച്ചതും പഴയതുമായ ഭക്ഷണസാധനങ്ങൾ ചൂടാക്കി കഴിക്കാതിരിക്കാൻ ശ്രദ്ധിക്കുക.
7. നഖങ്ങൾ വൃത്തിയായി വെട്ടി സൂക്ഷിക്കുക. കുട്ടികൾ ഈ കാര്യം ചെയ്യുന്നുണ്ടോ എന്ന് മാതാപിതാക്കൾ ശ്രദ്ധിക്കുക.
8. തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്താതിരിക്കുക.
9. മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയാതെയിരിക്കുക.
10. ഛർദ്ദി, വയറിളക്കം ഇവ മൂലം നിർജ്ജലീകരണം സംഭവിക്കാതിരിക്കാൻ ORS ലായനി ഉപയോഗിക്കുക.

ഈ മഴക്കാലത്ത് വരുന്ന രോഗങ്ങളെ പ്രതിരോധിക്കാൻ അടുത്തുള്ള ഹോമിയോ ക്ലിനിക്കിൽ നിന്നോ ഡിസ്പെൻസറിയിൽ നിന്നോ പ്രതിരോധ മരുന്നുകൾ വാങ്ങി രോഗത്തെ പ്രതിരോധിക്കുക.

"Prevention is better than Cure" -
**ചികിത്സയെക്കാൾ നല്ലത് പ്രതിരോധമാണ്**
**(ഡോ. സാമുവൽ ഹാനിമാൻ** (Father of homeopathy)

## സമാധാന പ്രാർത്ഥനാജ്വാല



*മണിപ്പൂർ വംശീയ അക്രമങ്ങൾ അവസാനിപ്പിച്ച് അവിടെ സമാധാനം പുന:സ്ഥാപിക്കണം എന്ന ആവശ്യവുമായി തിരുവല്ല അതിരൂപതയുടെ ആഭിമുഖ്യത്തിൽ തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ സമാധനപ്രാർത്ഥനാജ്വാല ക്രമീകരിച്ചു. കത്തീഡ്രൽ കബർചാപ്പലിൽ നിന്നും പ്രാർത്ഥിച്ച് തിരി തെളിയിച്ച് കത്തീഡ്രൽ സ്ക്വയറിൽ റാലിയായി വൈദികരും, സിസ്റ്റേഴ്സും, വിശ്വാസി സമൂഹവും പങ്കാളികളായി. മണിപ്പൂരിൽ, നടക്കുന്ന വംശീയ ആക്രമണങ്ങൾ എത്രയും വേഗം അവസാനിപ്പിക്കണമെന്ന് വിശ്വാസി സമൂഹത്തെ അഭിസംബോധന ചെയ്ത് ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പ്രസംഗിച്ചു.*

www.malankaralibrary.com

# ܩܪܝܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 17
## തിരുപ്പട്ടങ്ങളും പൗരോഹിത്യ പദവികളും

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ തിരുപ്പട്ടങ്ങളുടെയും പൗരോഹിത്യ പദവികളുടെയും സുറിയാനി പേരുകളാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

### തിരുപ്പട്ടങ്ങൾ

കൈവയ്പ്, വിശ്വാസപ്രഖ്യാപനം എന്നിവയുടെയും കൈവയ്പ് ശുശ്രൂഷ മൂലം നല്കപ്പെടുന്ന തിരുപ്പട്ടങ്ങളുടെയും പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്യൊമ് ഈദൊ = കൈവയ്പ് (Laying on of hand or Ordination) | ܣܝܡ ܐܝܕܐ |
| കീറൂത്താനീയ. കൈവയ്പിന് തത്തുല്യമായി ഗ്രീക്കിൽ നിന്ന് സുറിയാനിലേക്ക് വന്ന പദം. | ܟܝܪܘܛܘܢܝܐ |
| ഓമോലോഗീയ = വിശ്വാസം ഏറ്റുപറയൽ (Profession of faith) ഈ പദം ഗ്രീക്ക് ഭാഷയിൽ നിന്ന് സുറിയാനിലേക്ക് സ്വീകരിച്ചുള്ളതാണ്. | ܐܘܡܘܠܘܓܝܐ |
| മ്ശമ്ശോനൊ = ശെമ്മാശൻ (Deacon) | ܡܫܡܫܢܐ |
| കാശീശൊ = വൈദികൻ (Priest) | ܩܫܝܫܐ |
| റീശ് കൊഹ്നെ = മേല്പട്ടക്കാൻ (Bishop) | ܪܝܫܟܗ̈ܢܐ |

### പൗരോഹിത്യ പദവികൾ

സ്ഥാനാഭിഷേകം, സിംഹാസനാരോഹണം എന്നിവയുടെയും സ്ഥാനാഭിഷേകം മൂലം നല്കപ്പെടുന്ന പൗരോഹിത്യ പദവികളുടെയും പേരുകൾ ചുവടെ ചേർക്കുന്നു.

www.malankaralibrary.com



| | |
|---|---|
| മെസ്തസ്ർഹോനൂസൊ = സ്ഥാനാഭിഷേകം (Installation) | ܡܶܣܬܰܪܗܳܢܽܘܬܳܐ |
| മവ്ത്ത്ബൊ അൽ കുർസ്യൊ = സിംഹാസനാരോഹണം (Enthronement) | ܡܰܘܬܒܳܐ ܥܰܠ ܟܽܘܪܣܝܳܐ |
| സുൻത്രോനീസൊ. സിംഹാസനാരോഹണത്തിന് തത്തുല്യമായി ഗ്രീക്ക് ഭാഷയിൽ നിന്ന് സുറിയാനി ഭാഷയിലേക്ക് സ്വീകരിച്ച പദം. | ܣܽܘܢܬܪܳܘܢܺܝܣܳܐ |
| മ്സമ്റോനൊ = പാട്ടുകാരൻ (Singer) | ܡܙܰܡܪܳܢܳܐ |
| കോറൂയൊ = വായനക്കാരൻ (Reader) | ܩܳܪܽܘܝܳܐ |
| ഹൂപ്പദ്യക്ക്നൊ = അർദ്ധശെമ്മാശൻ (Subdeacon) | ܗܽܘܦܕܝܰܩܢܳܐ |
| കൂറേപ്പീസ്കൂപ്പൊ (Cor-episcopa) | ܟܽܘܪܶܦܺܝܣܩܽܘܦܳܐ |
| മഫ്ർയോനൊ (Maphrian) അന്യ രാജ്യങ്ങളിൽ സഭാതലവനായി പാത്രിയർക്കീസിനടുത്ത ശുശ്രൂഷ നിർവ്വഹിക്കുന്ന വ്യക്തി. ഈ വാക്കിന്റെ വാച്യാർത്ഥം. ഫലം നല്കുന്നവൻ എന്നാണ് | ܡܰܦܪܝܳܢܳܐ |
| കാതൂലീക്കോസ് (Catholicos) | ܩܰܬܽܘܠܺܝܩܳܘܣ |
| പത്രീയർക്കൊ, പത്രീയർക്കീസ് (Patriarch) | ܦܰܛܪܺܝܰܪܟܳܐ<br>ܦܰܛܪܺܝܰܪܟܺܝܣ |

**തിരഞ്ഞെടുപ്പുമൂലം നല്കപ്പെടുന്ന പദവി**

| | |
|---|---|
| ഗ്ബീത്തൊ = തിരഞ്ഞെടുപ്പ് (Election) | ܓܒܺܝܬܳܐ |
| റീശ് മ്ശമ്ശോനെ = മുഖ്യശെമ്മാശൻ, അർക്കദിയാക്കോൻ (Archdeacon) | ܪܺܝܫ ܡܫܰܡܫܳܢܶܐ |

www.malankaralibrary.com





# നല്ല ആരോഗ്യത്തിന് ഉറക്കം



**Dr. Amrutha Mary Zachariah**
(Associate Professor,
Dept of Physiology
Pushpagiri Institute of Medical
Sciences and Research Centre)

ഭക്ഷണവും വെള്ളവും പോലെ മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണ് ഉറക്കവും. നാം ഒരു ദിവസം എത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നത് തലേദിവസം എത്ര നന്നായി നാം ഉറങ്ങി എന്നതിനെ ഒരു വലിയ അളവുവരെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ പലപ്പോഴും ദൈനംദിന ജീവിതത്തിന്റെ തിരക്കുകളും സമ്മർദ്ദങ്ങളും മൂലം വേണ്ടത്ര സമയം ഉറക്കത്തിനായി ചിലവിടാനോ ശരിയായി ഉറങ്ങാനോ നമ്മളിൽ പലർക്കും സാധിക്കാറില്ല. ഇത് ഹൃദ്രോഗം, പക്ഷാഘാതം, പൊണ്ണത്തടി തുടങ്ങിയ പല ആരോഗ്യപ്രശ്നങ്ങളിലേക്കും വഴി തെളിച്ചേക്കാം. ജപ്പാൻ കഴിഞ്ഞാൽ ഏറ്റവും ഉറക്കക്കുറവ് അനുഭവിക്കുന്നത് ഇന്ത്യൻ ജനതയാണെന്നാണ് ഏറ്റവും പുതിയ പഠനങ്ങൾ പറയുന്നത്. ഇന്ത്യൻ ജനസംഖ്യയുടെ ഏകദേശം 50% പേരും ഉറക്കക്കുറവ് അനുഭവിക്കുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഉറക്കത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കുവാനും നല്ല ഉറക്കത്തിനാവശ്യമായ ശീലങ്ങൾ വളർത്തിയെടുക്കുവാനും നാം ആത്മാർത്ഥമായി പരിശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

www.malankaralibrary.com





## എന്തിന് നാം ഉറങ്ങണം

ശരീരത്തിനും മനസ്സിനും വിശ്രമിക്കാനുള്ള സമയം എന്നാണ് ഉറക്കത്തെക്കുറിച്ചുള്ള പൊതുധാരണ. എന്നാൽ യഥാർത്ഥത്തിൽ നാം ഉണർന്നിരിക്കുമ്പോൾ ആരോഗ്യത്തോടെ പ്രവർത്തിക്കാനാവശ്യമായ പല സങ്കീർണ്ണപ്രവർത്തനങ്ങളും നടക്കുന്നത് ഉറക്കത്തിലാണ്.

* ശരീരകോശങ്ങളുടെ കേടുപാടുകൾ പലതും ഉറക്കത്തിൽ പരിഹരിക്കപ്പെടുന്നു.

* ഉറക്കത്തിൽ പുതിയ നാഡീപാതകൾ (neuronal circuit) ഉണ്ടാകുകയും അത് പഠനത്തെയും ഓർമ്മകളുടെ രൂപീകരണത്തെയും സഹായിക്കുകയും ചെയ്യുന്നു.

* കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യകരമായ വളർച്ചയ്ക്കും വികാസത്തിനും ഉറക്കം അത്യന്താപേക്ഷിതമാണ്.

* ഉറക്കത്തിൽ ശരീരത്തിന്റെ പ്രതിരോധസംവിധാനം ഊർജ്ജസ്വലമാവുകയും പ്രതിരോധശക്തി വർദ്ധിക്കുകയും ചെയ്യുന്നു.

## ഉറങ്ങാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

ഉറക്കത്തിലേക്ക് നയിക്കുന്ന പലവിധ ഘടകങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് നമ്മുടെ ശരീരത്തിലെ ജൈവഘടികാരം (Biological clock). ഇത് ജൈവപ്രക്രിയകൾക്കുള്ള സ്വാഭാവികമായ ഒരു സമയക്രമീകരണം ആയി കണക്കാക്കാം. പ്രകാശം, ഇരുട്ട് തുടങ്ങിയ ചില ബാഹ്യസൂചനകൾക്കനുസരണമായി ആണ് ഈ ഘടികാരം പ്രവർത്തിക്കുന്നത്. സാധാരണയായി ഈ ജൈവഘടികാരം ഉറക്കത്തെ പകലിനും രാത്രിയ്ക്കും അനുസരണമായി 24 മണിക്കൂറിൽ ആവർത്തിച്ചു വരുന്ന താളത്തിൽ ക്രമീകരിക്കുന്നു. മെലാറ്റോണിൻ എന്ന ഹോർമോണിനും ഈ ഘടികാരത്തിന്റെ പ്രവർത്തനത്തിൽ കാര്യമായ പങ്കുണ്ട്.

## ഒരു മനുഷ്യന് എത്രമാത്രം ഉറക്കം ആവശ്യമാണ്

ഒരാളുടെ പ്രായം, പൊതുവെയുള്ള ആരോഗ്യം, മറ്റു പല ഘടകങ്ങൾ എന്നിവ അനുസരിച്ച് ആവശ്യമായ ഉറക്കവും വ്യത്യാസപ്പെട്ടിരിക്കുന്നു. ഓരോ പ്രായത്തിലും നിഷ്കർഷിക്കപ്പെട്ട ഉറക്കത്തിന്റെ സമയം താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു.



www.malankaralibrary.com

## ഉറക്കക്കുറവിന്റെ കാരണങ്ങൾ എന്തെല്ലാം?

ഉറക്കക്കുറവ് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടുണ്ടാകാം.

* രോഗാവസ്ഥ മൂലം

* ചില മരുന്നുകളുടെ പാർശ്വഫലമായി

* ജീവിതശൈലിയുടെ ഭാഗമായി : ചിലർ സമൂഹമാധ്യമങ്ങളുടെ ഉപയോഗത്തിനും മറ്റ് വിനോദങ്ങൾക്കുമായി കൂടുതൽ സമയം ചിലവഴിക്കുന്നതു മൂലം ഉറക്കത്തിന് ആവശ്യമായ സമയം ലഭിക്കാതെ വരുന്നു.

* ഉറക്കത്തിന് വിഘാതമായി നിൽക്കുന്ന ചുറ്റുപാടുകൾ നിമിത്തം : കിടപ്പുമുറിയിലുള്ള അമിതപ്രകാശം, ശബ്ദം തുടങ്ങിയവ ഉറക്കത്തെ ബാധിച്ചേക്കാം.

* ജോലിയുടെ സ്വഭാവം കാരണം : രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് പിന്നീടുള്ള സമയം ഉറങ്ങാൻ ബുദ്ധിമുട്ട് നേരിട്ടേക്കാം.

## ഉറക്കക്കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

പകൽനേരം എത്ര ഉണർവോടെ അല്ലെങ്കിൽ ഉറക്കം തൂങ്ങി ഇരിക്കുന്നു എന്നതിനനുസരിച്ച് നമുക്ക് ശരിയായ ഉറക്കം ലഭിക്കുന്നുണ്ടോ എന്നതിനെ പറ്റി ഏകദേശ ധാരണയിൽ എത്താം. വെറുതെ അല്പസമയം ഇരിക്കുമ്പോൾ; ഉദാഹരണത്തിന് പുസ്തകം വായിക്കുകയോ ടി.വി. കാണുകയോ ചെയ്യുമ്പോൾ അറിയാതെ ഉറങ്ങിപ്പോകുന്നത് ഉറക്കക്കുറവ് മൂലം ആകാം.

24 മണിക്കൂർ ഉറങ്ങാതെ ഇരിക്കുന്നത് രക്തത്തിൽ മദ്യത്തിന്റെ അളവ് 0.1 ഉള്ളതിന് സമമായാണ് കണക്കാക്കുന്നത്. ഇങ്ങനെയുള്ളവർക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനും തീരുമാനങ്ങൾ എടുക്കാനും പെട്ടെന്ന് ചുറ്റുപാടുകളോട് പ്രതികരിക്കാനുമുള്ള കഴിവ് കുറഞ്ഞിരിക്കും. അതിനാൽ തന്നെ ഇവരുൾപ്പെടുന്ന ജോലിസ്ഥലങ്ങളിലും മറ്റിടങ്ങളിലും അപകടസാധ്യത കൂടുതൽ ആയിരിക്കും.

കുട്ടികളിലാകട്ടെ ഏകാഗ്രതക്കുറവ്, ദേഷ്യം നിയന്ത്രിക്കാൻ പ്രയാസം, വിഷാദം, പ്രചോദനം ഇല്ലാത്ത അവസ്ഥ തുടങ്ങിയ ഉറക്കക്കുറവിന്റെ ഭാഗമായി അനുഭവപ്പെടാം. ഇത് അവരുടെ പഠനനിലവാരത്തെയും സ്വഭാവരൂപീകരണത്തെയും സാരമായി ബാധിക്കാം.

## ഉറക്കത്തിനു സഹായകരമാകുന്ന ജീവിതശൈലികൾ

ഉറക്കം ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ, ജീവിതശൈലിയിലും മനോഭാവത്തിലുമുള്ള ക്രമീകരണങ്ങൾ കൊണ്ട് ഒരു പരിധി വരെ പരിഹരിക്കാനാവും. ഉറക്കത്തിനു സഹായകരമാകുന്ന ഇത്തരം ശീലങ്ങളെയും പാരിസ്ഥിക ഘടകങ്ങളെയും പൊതുവായി sleep hygiene എന്നു പറയുന്നു. നമ്മുടെ ശരീരത്തിലെ ജൈവഘടികാരത്തെ അനുസരിക്കുകയും അതിന്റെ പ്രവർത്തനത്തിന്റെ താളം തെറ്റിക്കുന്ന ഘടകങ്ങൾ ഒഴിവാക്കുകയുമാണ് പ്രധാനമായും ഇതിൽ ചെയ്യുന്നത്.

* ഉറങ്ങാനും ഉണരാനും ഒരു നിശ്ചിതമായ സമയക്രമീകരണം പാലിക്കുക.

* ഉറക്കത്തിനു മുൻപ് സ്ഥിരമായ ചില ദിനചര്യകൾ പിന്തുടരുന്നത് ഉറക്കസമയമായെന്ന് മനസ്സിൽ ഉറപ്പിക്കാൻ സഹായിക്കുന്നു.

* കിടപ്പുമുറിയിൽ പരമാവധി ഇരുട്ടു നിറഞ്ഞ അന്തരീക്ഷം ഉറപ്പുവരുത്തുക. LED ബൾബുകൾ, ചാർജറിൽ നിന്നുള്ള പ്രകാശം തുടങ്ങി നിസ്സാരമായി നമ്മൾ കരുതുന്നവയും ഉറക്കത്തിനു വിഘാതമായേക്കാം. പുറത്തുനിന്നുള്ള പ്രകാശം കട്ടിയുള്ള കർട്ടനുകൾ ഉപയോഗിച്ചു തടയാം.

* കിടപ്പുമുറിയിൽ സുഖകരമായ ഊഷ്മാവ് നിലനിർത്തുന്നതും അനാവശ്യ ശബ്ദങ്ങൾ ഒഴിവാക്കുന്നതും ഉറക്കത്തെ സഹായിക്കും.

* സെൽഫോണുകൾ, ലാപ്ടോപ്പുകൾ, ടാബ്ലെറ്റുകൾ, ടെലിവിഷൻ തുടങ്ങിയ മാനസിക ഉത്തേജനത്തിനു കാരണമാവുകയും ഉറക്കത്തെ തടയുകയും ചെയ്യും. ഉറങ്ങുന്നതിന് ഒരു 30-60 മിനിറ്റ് മുൻപ് എങ്കിലും ഇവയുടെ ഉപയോഗം അവസാനിപ്പിക്കുന്നത് ഉചിതമാണ്.

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

www.malankaralibrary.com



## Malankara Matrimony



### MM - 156

തിരുവല്ല അതിരൂപതയിൽ റാന്നി മേഖലയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 31 വയസ്സ്, 178 c.m., B.Tech, കുവൈറ്റിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 8086139892, 9846358668

### MM - 157

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 28 വയസ്സ്, 172 c.m., BBA, MBA marketing HR graduate, ദുബായിൽ ബാങ്കിംഗ് മേഖലയിൽ Relationship officer ആയി ജോലി ചെയ്യുന്നു. വിദേശത്ത് ജോലിയുള്ള നഴ്സ്/ടീച്ചേഴ്സ് എന്നിവർക്ക് മുൻഗണന. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 8547090566

### MM - 158

മലങ്കര ഓർത്തഡോക്സ് യുവതി, 24 വയസ്സ്, 168 c.m., Bcom, LLB, അനുയോജ്യരായ ആൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9446405570



### MM - 159

മലങ്കര കത്തോലിക്കാ യുവാവ്, 32 വയസ്സ്, Height : 6 feet, Weight : 85kg, MCA, Working in MNC company Al Homaizi Group as auditor, Internal Auditor, Kuwait. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 8547538961, 8075741641

* ഉറങ്ങാൻ കഴിയുന്നില്ല എന്ന് ആലോചിച്ച് വിഷമിക്കാതെ മനസ്സിനെ ശാന്തമാക്കാൻ സഹായിക്കുന്ന മാർഗങ്ങൾ പരിശീലിക്കാം. ഒരു വാക്കോ, വാക്യമോ (പ്രാർത്ഥനയോ മന്ത്രമോ ആകാം) നിരന്തരം ആവർത്തിക്കുന്നത് ഉറങ്ങാൻ സഹായിച്ചേക്കാം.

* വൈകുന്നേരങ്ങളിൽ അന്നജവും കൊഴുപ്പും അടങ്ങിയ ഭക്ഷണം അമിതമായി ഉപയോഗിക്കാതിരിക്കുക.

* പുകവലി, മദ്യം, കഫീൻ അടങ്ങിയ പാനീയങ്ങൾ എന്നിവ ഒഴിവാക്കുക.

* പകൽ സമയത്തുള്ള ദീർഘമായ (30 മിനിറ്റിൽ കൂടുതലായി) ഉറക്കം ഒഴിവാക്കുക.

* പകൽ സൂര്യപ്രകാശം ഏൽക്കുന്നതും ഏതെങ്കിലും തരത്തിലുള്ള വ്യായാമങ്ങളിൽ ഏർപ്പെടുന്നതും ഉറക്കത്തെ സഹായിക്കും.

* ഉറങ്ങാൻ കിടന്ന് 20 മിനിറ്റിനു ശേഷവും നിങ്ങൾക്ക് ഉറങ്ങാൻ സാധിച്ചില്ലെങ്കിൽ വീണ്ടും ഉറങ്ങാൻ ശ്രമിക്കാതെ മങ്ങിയ വെളിച്ചത്തിൽ എന്തെങ്കിലും വായിക്കുകയോ മറ്റെന്തെങ്കിലും ചെയ്യുകയോ ചെയ്യുക.

മേൽപ്പറഞ്ഞ ശീലങ്ങൾ പിന്തുടരുന്നത് നമ്മെ ഉറങ്ങാൻ സഹായിച്ചേക്കാം. എന്നാൽ ഗുരുതരമായ ഉറക്കമില്ലായ്മ അനുഭവപ്പെടുന്നവർ വിദഗ്ദ്ധ സഹായം തേടാൻ മടിക്കരുത്. ഇത്തരം ചികിത്സയ്ക്കായി സ്ലീപ് ക്ലിനിക്കുകളും സ്ലീപ് സ്പെഷ്യലിസ്റ്റിന്റെ സേവനവും ലഭ്യമാണ്.

ചുരുക്കത്തിൽ നിങ്ങളുടെ ഉറക്കത്തെ വിലമതിക്കുകയും അതിനു മുൻഗണന നൽകുകയും ചെയ്യുക. ഉറക്കത്തിനു സഹായിക്കുന്ന ജീവിതശൈലി രൂപപ്പെടുത്താൻ ശ്രദ്ധിക്കുക. ആവശ്യമെങ്കിൽ ഒരു ഡോക്ടറുടെ സേവനം തേടാൻ മടിക്കരുത്. ●

www.malankaralibrary.com




# ഒരു ബാലികയുടെ ബലിദാനം

ചൈനയിലെ ഒരു ഗ്രാമത്തിൽ, 'ലീ' എന്ന് പേരുള്ള പതിനൊന്നു വയസ്സുള്ള ഒരു കൊച്ചു പെൺകുട്ടി ഇടവക ദൈവാലയത്തിൽ വി. കുർബാന സ്വീകരിച്ചശേഷം ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. ക്രിസ്തുമതത്തെ വെറുത്തിരുന്ന വിപ്ലവവാദികളുടെ പട്ടാളക്കാർ ആയുധങ്ങളുമായി ദൈവാലയത്തിൽ അതിക്രമിച്ചു കയറി. അവർ ഫാ. ലൂക്ക് എന്ന വികാരിയച്ചനെ തടവുകാരനാക്കി, പള്ളിയുടെ അടുത്തുള്ള ഒരു മുറിയിൽ പൂട്ടിയിട്ടു.

ദൈവാലയത്തിലുള്ള ബലിപീഠവും മറ്റു വസ്തുക്കളും അവർ നശിപ്പിച്ചു. സക്രാരി തകർത്ത് അതിൽ ഉണ്ടായിരുന്ന 32 തിരുവോസ്തികൾ അവർ തറയിലേക്ക് വലിച്ചെറിഞ്ഞു. പൂട്ടിയ മുറിയിലെ ജനാലയുടെ ചെറിയ വിടവിലൂടെ ആ വൈദികൻ കണ്ണീരോടെ ഈ കാഴ്ചകൾ കണ്ടു. ഒരു ബെഞ്ചിന്റെ അടിയിൽ ഒളിച്ചിരുന്ന ലീ എന്ന പെൺകുട്ടി വേദനയോടെ എല്ലാം കണ്ടു. പട്ടാളക്കാർ പോയപ്പോൾ ലീ സ്വന്തം വീട്ടിലേക്ക് പോയി. തടവിലാക്കപ്പെട്ട വൈദികൻ നിരന്തരം പ്രാർത്ഥനയിൽ മുഴുകി.

അടുത്ത ദിവസം പ്രഭാതത്തിനു മുമ്പ് മൂന്നു മണിയോടെ ലീ ആ ദൈവാലയത്തിലെത്തി. ഒരു ജനാലയിലൂടെ അവൾ അകത്തു കടന്നു. വൈദികൻ ഇതു കാണുന്നുണ്ടായിരുന്നു. ചിതറിക്കിടന്ന തിരുവോസ്തികൾക്കു മുമ്പിൽ അവൾ മുട്ടുകുത്തി ഒരു മണിക്കൂറോളം നിശബ്ദമായി ആരാധിച്ചു. അതിനുശേഷം അവൾ ഭക്തിപൂർവ്വം കുനിഞ്ഞ് നാവുകൊണ്ട് ഒരു തിരുവോസ്തി സ്വീകരിച്ചു. അന്ന് അവൾ പഠിച്ചിരുന്നത



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

www.malankaralibrary.com


നുസരിച്ച് വി. കുർബാന കൈകൊണ്ട് സ്പർശിക്കാൻ പാടില്ലായിരുന്നു. അതുപോലെ ഒരു ദിവസം ഒരു തിരുവോസ്തി മാത്രമേ സ്വീകരിക്കാൻ അവൾക്ക് അനുവാദം ഉണ്ടായിരുന്നുള്ളൂ. അതിനാൽ അവൾ അടുത്ത ദിവസങ്ങളിൽ എല്ലാം അതിരാവിലെ മൂന്നുമണിക്ക് രഹസ്യമായി ദൈവാലയത്തിൽ എത്തുകയും ആരാധന നടത്തിയ ശേഷം എന്നും ഓരോ തിരുവോസ്തി നാവുകൊണ്ട് സ്വീകരിക്കയും ചെയ്തുവന്നു. ഈ കാഴ്ച കണ്ട വൈദികൻ അവളുടെ പുണ്യ പ്രവൃത്തി ഓർത്ത് ദൈവത്തെ സ്തുതിച്ചു. മുപ്പത്തി രണ്ടാം ദിവസം അവൾ പ്രാർത്ഥന കഴിഞ്ഞ് അവസാനത്തെ തിരുവോസ്തി ഉൾക്കൊള്ളുവാനായി കുനിഞ്ഞപ്പോൾ ഒരു പട്ടാളക്കാരൻ അവിടെയെത്തുകയും അവളെ കാണുകയും ചെയ്തു. അയാൾ തോക്കെടുത്ത് അവളുടെ നേർക്ക് വെടിവെച്ചു. രക്തത്തിൽ കുളിച്ച് നിലത്തു വീണ പെൺകുട്ടി സർവ്വ ശക്തിയും ഉപയോഗിച്ച് മുമ്പോട്ടു നിരങ്ങിനീങ്ങി അവസാനത്തെ തിരുവോസ്തി തന്റെ നാവിൽ സ്വീകരിച്ച ശേഷം മരണം വരിച്ചു. വിശുദ്ധ കുർബാനയോടുള്ള സ്നേഹവും ബഹുമാനവും സംരക്ഷിക്കാനായി സ്വന്തം ജീവൻ ബലി നല്കിയ ലീ എന്ന ബാലികയുടെ ചരിത്രം തടവിൽ നിന്നും മോചിതനായ ശേഷം ആ വൈദികൻ ലോകത്തെ അറിയിച്ചു. ലീയുടെ ത്യാഗം അറിഞ്ഞപ്പോൾ മുതൽ ആർച്ചുബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ എന്നും ദിവ്യകാരുണ്യ സന്നിധിയിൽ ഒരു മണിക്കൂർ ആരാധന നടത്തുന്ന പതിവ് ആരംഭിച്ചു.

അന്ത്യത്താഴ സമയത്ത് ഈശോ അപ്പവും വീഞ്ഞും കൈകളിൽ വഹിച്ച്, വാഴ്ത്തി, വിശുദ്ധീകരിച്ച്, വിഭജിച്ച്, ശിഷ്യന്മാർക്ക് വിളമ്പിക്കൊടുത്തു. ഈ കൂദാശയിൽ അർപ്പിക്കപ്പെടുന്ന അപ്പവും വീഞ്ഞും യേശുവിന്റെ തിരുശരീരവും തിരുരക്തവും ആയി മാറുന്നു എന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും ഉച്ചസ്ഥാനവും ശക്തികേന്ദ്രവും ആണ് ദിവ്യകാരുണ്യം. അവർണ്ണനീയമായ ഈ ദാനം ദൈവത്തിന് മനുഷ്യരോടുള്ള അനന്തമായ സ്നേഹത്തിന്റെ അനന്യമായ അടയാളമാണ്. ഈ സ്വർഗ്ഗീയ വിരുന്നിൽ പതിവായി ഭക്തിപൂർവ്വം പങ്കെടുക്കാനും ഈ ദിവ്യഭോജ്യം മുടങ്ങാതെ സ്വീകരിക്കാനും നമുക്ക് തീരുമാനിക്കാം. നമുക്കു പാടാം:

“അൾത്താരയിലാത്മ ബലിയായ്  
അർപ്പിക്കാനായ് ഞാൻ വരുന്നു;  
എല്ലാം നിനക്കായി നല്കാൻ  
ദൈവാലയത്തിൽ വരുന്നു.”

## Ph.D കരസ്ഥമാക്കി



അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും എഡ്യൂക്കേഷനിൽ Impact of Cognitive Apprenticeship Model of Teaching in Social Science on Selected Variables among Secondary School Students എന്ന വിഷയത്തിൽ ഗവേഷണം നടത്തി Ph.D കരസ്ഥമാക്കിയ **ഫാ. ഡോ. സ്ക്കറിയാ പുത്തൻപുരയ്ക്കലിന്** *തിരുവല്ല അതിഭദ്രാസനത്തിന്റെ ആശംസകൾ.*


## സ്പെഷ്യൽ ഒളിമ്പിക്സ് വിജയികൾ




*ജർമ്മനിയിലെ ബർലിനിൽ വച്ചു നടന്ന വേൾഡ് സെപ്ഷ്യൽ ഒളിമ്പിക്സിൽ ഇന്ത്യയ്ക്കുവേണ്ടി ബീച്ച് വോളിയിൽ വെങ്കല മെഡൽ നേടിയ ടീമിലെ ബ്ലെസി ബിജുവും ബാസ്ക്കറ്റ് ബോളിൽ 5-ാം സ്ഥാനം നേടിയ മെറിൻ വിൽസണും. ഇരുവരും കടമാൻകുളം മാർ ഗ്രിഗോറിയോസ് ബഥനി ശാന്തിഭവൻ സെപ്ഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളാണ്. തിരുവല്ല അതിഭദ്രാസനത്തിന്റെ ആശംസകൾ.*

www.malankaralibrary.com

# Remembrance - JULY


Fr Abraham Maret
01 July 1954



Fr Kuriakose Padinjaremannil
02 July 2000



Fr George Palathinkal
03 July 2007


Fr Abraham Edassery
04 July 1984


Fr Abraham Pallipurathussery
04 June 1996


Fr Kuriakose Nellatt
06 July 1978



Fr Jacob Ayanthy
08 July 1986



Fr Alexander Arakapadavil
11 July 2001


Fr Jacob Valiaparambil
12 July 2005


Msgr. Thomas Vadassery
20 July 1966


Fr T.V. John
20 July 1970


Fr Boniface Lewis
20 July 1976


Fr Mathew Vadakkemury
22 July 2001


കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം
തിരുവല്ല അതിഭദ്രാസനം
വിവാഹ ഒരുക്ക സെമിനാർ
2023




ഓഗസ്റ്റ്
8, 9
സി. ഷീബ ഒ.എസ്.എസ്.
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

സെപ്റ്റംബർ
12, 13
ഫാ. തോമസ് തോപ്പിൽകളത്തിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813


www.malankaralibrary.com

ചെറുകഥ

ഫാ. പ്രേമാനന്ദ് പുരയ്ക്കൽ
ഒ.ഐ.സി.

# നായ

നിറുത്താതെ ഫോൺ ബെൽ അടിച്ചുകൊണ്ടിരുന്നപ്പോൾ ഞാനോർത്തു, എന്തോ അത്യാവശ്യം അറിയിക്കാനായി ആരോ വിളിച്ചതായിരിക്കുമെന്ന്. അല്ലെങ്കിൽ രാത്രി പന്ത്രണ്ടിനോടടുക്കുന്ന ഈ സമയത്ത് എന്തിനാണാവോ ഈ വിളി? ഉറക്കച്ചടവോടെ ഞാൻ ഫോണെടുത്തപ്പോൾ കേട്ടത് പീറ്റർ ഏബ്രഹാമിന്റെ കനത്ത ശബ്ദമാണ്.

"ഹലോ, എന്റെ ബെസ്റ്റ് ഫ്രണ്ടല്ലേ?"

മിലിറ്ററി ക്വാട്ടയിൽ കിട്ടുന്ന മദ്യം അത്താഴത്തിനുശേഷം സേവിച്ചു കഴിഞ്ഞാൽ കക്ഷി അങ്ങനെയാണ്, നിറുത്താതെ സംസാരിക്കും, പ്രത്യേക വിഷയം വേണമെന്നില്ല. ഇന്ന് പതിവിലും താമസിച്ചാണ് ഫോൺ വിളി വന്നത്.

"ഉറക്കം പിടിച്ചപ്പോഴാണ് തന്റെ ഫ്രണ്ടും ബായ്ക്കുമൊക്കെ. കാര്യമെന്താണെന്നു വച്ചാൽ പെട്ടെന്നു പറ"

ഉറക്കം നഷ്ടപ്പെട്ടതിന്റെ അനിഷ്ടം ഞാൻ മറച്ചുവച്ചില്ല.

"ഒരത്യാവശ്യം പറയാൻ വിളിച്ചതാ. തനിക്ക് ഒറങ്ങാൻ മുട്ടി നിൽക്കുന്ന സ്ഥിതിക്ക് ഞാൻ സംഗതി ചുരുക്കി പതിനഞ്ചു മിനിറ്റു കൊണ്ടു പറഞ്ഞോളാം. പിന്നെ താൻ തന്റെ ഒടുക്കത്തെ ഉറക്കം ഉറങ്ങിക്കോ"

സംസാരത്തിൽ പീറ്റർ പരുക്കൻ പ്രകൃതക്കാരനെന്നു തോന്നുമെങ്കിലും ആൾ ശുദ്ധഗതിക്കാരനായതു കൊണ്ട് ഞാൻ തണുത്തു.

പീറ്റർ തുടർന്നു

"പിന്നെ, നമ്മുടെ റാണിയെയും കൂട്ടി നാളെ ഞാൻ അങ്ങോട്ടു വരട്ടെ. താനാണെങ്കിൽ പെമ്പ്രന്നോരും പിള്ളാരുമൊന്നുമില്ലാതെ ഒറ്റയ്ക്കല്ലേ? അവൾ തനിക്കൊരു കൂട്ടാവും. റാണി എന്നാ ക്യൂട്ടാണെന്നറിയാമോ? തീരെ ചെറുപ്പവും."

എനിക്കു കലി കയറി. ഇയാൾ എന്തൊക്കെയാണ് പുലമ്പുന്നത്? മദ്യത്തിന്റെ ഓവർഡോസിൽ നില തെറ്റി ഉളുമ്പില്ലാതെ എന്തു തോന്ന്യാസമാണ് ഇയാൾ പറയുന്നത്!

"എടോ, വിവരക്കേടു പറയാതെ ഫോൺ വച്ചിട്ട് താൻ ഉറങ്ങ്. നാളെ ഉണർന്ന് കെട്ടുവിട്ട ശേഷം വിളിച്ചാൽ മതി"

ഞാൻ അല്പം ദേഷ്യത്തിൽ സംസാരിച്ച് ഫോൺ വയ്ക്കാൻ തുടങ്ങുമ്പോൾ പീറ്റർ പറഞ്ഞു.

"എന്റെ ബെസ്റ്റുഫ്രണ്ടേ, ഇത്രയും വർഷമായിട്ടും തനിക്ക് എന്നെക്കുറിച്ച് ഒരു ചുക്കും അറിഞ്ഞുകൂ

www.malankaralibrary.com

ടാ. എത്ര വെള്ളമടിച്ചാലും ഈ പീറ്ററിന് കുലുക്കമുണ്ടാകില്ല. ബൈബിളിലെ പത്രോസാകുന്ന പാറ പോലെ സ്ട്രോംഗ്. പട്ടാളത്തിൽ നിന്നും പിരിയും വരെ അവിടുത്തെ ബെസ്റ്റ് വെള്ളമടിക്കാരൻ പദവി ഞാനാർക്കും വിട്ടു കൊടുത്തിട്ടില്ല. ഇനി ആർക്കും എന്റെ റെക്കോർഡ് തകർക്കാനും കഴിയില്ല"

വിഷയം കാടുകയറുംമുമ്പേ ഞാൻ പറഞ്ഞു.

"പിന്നെ, താൻ എന്തു തോന്ന്യാസമാ മുമ്പു പറഞ്ഞത്? ക്യൂട്ടു റാണിയെ കൂട്ടിനു തരാമെന്നും മറ്റും..."

ഒരു പരിഹാസച്ചിരി കഴിഞ്ഞിട്ട് പീറ്റർ പറഞ്ഞു.

"പൊന്നുമോനേ, തനിക്കങ്ങനെ വേണ്ടാത്ത പൂതിയുണ്ടെങ്കിൽ ഈ പീറ്റർ അതിനു സമ്മതിക്കുമെന്നു കരുതണ്ട. ഇതിപ്പം 'ഭാസ്കർ ദ റാസ്ക്കൽ' എന്ന സിനിമേലെ മമ്മൂട്ടി വിചാരിച്ച പോലെ ആയല്ലോ. റാണി കബീർ എന്നത് മൂപ്പരു കേട്ടത് 'റാണി കാ ബിയർ' എന്നായിപ്പോയതുപോലെ.

"എന്റെ പീറ്ററേ, താൻ അധികം വിസ്തരിക്കാതെ കാര്യം തെളിച്ചു പറ". എനിക്കു ദേഷ്യം കലശലായി.

"എടോ ഫ്രണ്ടേ, റാണി എന്നു പറയുന്നത് ഒരു പട്ടിക്കുട്ടിയാണ്. ഒരു വയസ്സുപോലും ആയിട്ടില്ല. അതു വെറും കില്ല വെറൈറ്റിയൊന്നും അല്ല"

"കില്ല വെറൈറ്റിയോ? അതെന്താണ്?"

എനിക്ക് ആകാംക്ഷയായി.

"എടോ, കില്ലപ്പട്ടി അല്ലെന്ന്. അവൾ പട്ടി വർഗത്തിലെ ആഭിജാത കുലത്തിൽപ്പെട്ടവളാ. അമേരിക്കയിലൊക്കെ പൊലീസ് ഡിപ്പാർട്ടുമെന്റിൽ വിശിഷ്ട സേവനം അനുഷ്ഠിക്കുന്ന ഇനമാ; നല്ല വിലയുള്ള വർഗ്ഗം".

'അയ്യോ, എനിക്കു തന്റെ പട്ടീം ചട്ടീമൊന്നും വേണ്ട".

സംഭാഷണം തുടർന്നാൽ അതു വെളുപ്പാൻ കാലം വരെ നീളുമെന്നു ഭയപ്പെട്ട ഞാൻ "ഗുഡ്നൈറ്റ്" പറഞ്ഞ് നിർത്താൻ നോക്കി.


പീറ്റർ പെട്ടെന്നു കയറി പറഞ്ഞു.


"അയ്യോ, നിറുത്തല്ലേ; മുഴുവൻ കേട്ടിട്ട് തീരുമാനിക്ക്. ഈ പട്ടി എന്റെയൊരു സുഹൃത്തിന്റേതാണ്. അയാളുടെ മക്കളൊക്കെ കാനഡയിലാണ്. അവർ അപ്പനമ്മമാരെ അങ്ങോട്ടുകൊണ്ടുപോവുകയാണ്. പട്ടിയെ നോക്കാൻ ആളെ കിട്ടാഞ്ഞതുകൊണ്ട് മനസ്സില്ലാ മനസ്സോടെ അവർ അതിനെ എന്നെ ഏല്പിച്ചു. ലൈസൻസൊക്കെ ഉള്ളതാ. തന്നോടു നേരത്തേ പറഞ്ഞിരുന്നതുപോലെ ഞാൻ ഒന്നൊന്നര മാസം കറങ്ങാൻ പ്ലാൻ ചെയ്തിരുന്നതാ. താൻ അത്രയും

## Remembrance - AUGUST



Fr. Philipose Elavatta
02 August 1967


Fr. Joseph Cherupuzhathottam
08 August 1992


Fr. David Payyampallil
09 August 1980


Fr. Joseph Pattassery
11 August 1988



Fr. Joseph Pattani
14 August 1994


Fr. Antony Karatt
16 August 1994


Fr. Varghese Karikott
21 August 2010


Fr. Alexander Chalunkaparampil
25 August 2008


Fr. Chacko Elavumparampil
28 August 1999


Fr. Jacob Mundaplackal
30 August 1963

www.malankaralibrary.com


നാൾ പട്ടിയെ നോക്കുമെങ്കിൽ ഞാൻ ടൂറിനു പോകും. ഇല്ലെങ്കിൽ പരിപാടി ക്യാൻസൽ ചെയ്യും. എന്താ വേണ്ടതെന്നു പറ"

എന്തായാലും കുറച്ചു ദിവസങ്ങളെയുള്ളൂ. നല്ലൊരു സുഹൃത്തിനെ പിണക്കണ്ട എന്നു കരുതി ഞാൻ റാണിയെ സ്വീകരിച്ചു.

ആദ്യത്തെ നാലഞ്ചു ദിവസങ്ങൾ എനിക്കു പട്ടിയോടും പട്ടിയെ എന്നെ ഏല്പിച്ചതിനാൽ പീറ്ററിനോടും കലിപ്പായിരുന്നു. രാത്രിയിലുള്ള അതിന്റെ കുര എന്നെ വല്ലാതെ അസ്വസ്ഥപ്പെടുത്തി. കൂട്ടിൽ നിന്ന് അഴിച്ചു വിട്ടപ്പോൾ അത് അങ്ങുമിങ്ങും ഓടി നടന്ന് കുറെ ചെടിച്ചട്ടികൾ പൊട്ടിച്ചു. സമയത്തു തീറ്റ കിട്ടിയില്ലെങ്കിൽ അതു വല്ലാത്ത കുരയാണ്. പട്ടിക്ക് ഇറച്ചി വേവിച്ചു കൊടുക്കാനും അതിനെ കുളിപ്പിക്കാനുമുള്ള മെനക്കേട് വേറെ.

ക്രമേണ പട്ടിപരിപാലനം ഞാൻ ഇഷ്ടപ്പെട്ടു തുടങ്ങി. ഭാര്യ മരിച്ചതിനുശേഷം വിഷാദിച്ചും ബോറടിച്ചുമിരുന്ന എനിക്ക് സമയം പോക്കിനു വകയായി. രാത്രി, ഗേറ്റടച്ചശേഷം റാണിയെ തുറന്നു വിട്ടാൽ കള്ളന്മാരെ പേടിക്കാതെ കിടന്നുറങ്ങാം. പരിശീലനം കിട്ടിയ നായ ആയിരുന്നതിനാൽ ഗേറ്റിൽ കൊണ്ടുവയ്ക്കുന്ന പാലും പത്രവുമൊക്കെ അവൾ വീടിനുള്ളിൽ എടുത്തു വയ്ക്കും. ഞാൻ അവളുടെ അടുത്തെത്തുമ്പോൾ അവൾ സ്നേഹത്തോടെ എന്റെ കണ്ണുകളിലേക്കു നോക്കുന്നതു കാണാം. എന്നെ മുട്ടിയുരുമ്മി വാലാട്ടി അവൾ എന്തൊക്കെയോ പറയും പോലെ തോന്നും.

എനിക്കു തോന്നി, ഇനി അവൾ എന്റെ കിടപ്പുമുറിയിൽ തന്നെ രാത്രി കിടന്നോട്ടെ എന്ന്. എന്റെ കട്ടിലിനടുത്തായി ഒരു ചെറിയ മെത്തയൊരുക്കി ഞാനവളെ കിടത്തി. ഞാൻ രാത്രി അസമയത്ത് ഉണർന്നാൽ അവളും ഉണർന്ന് ചോദ്യഭാവത്തിൽ എന്നെ നോക്കും. അലാറം അടിച്ച ശേഷം വീണ്ടും ഉറങ്ങിപ്പോയാൽ അവൾ പതിയെ പുതപ്പു കടിച്ചു മാറ്റിയിട്ട് എന്നെ തോണ്ടിക്കൊണ്ടിരിക്കും. രാവിലെ കഴിക്കാനുള്ള ഗുളിക കഴിക്കാൻ മറന്നാൽ അവൾ മരുന്നിലേക്കു നോക്കി കുരയ്ക്കുമ്പോൾ എനിക്കു കാര്യം മനസ്സിലാകും.

ഒരിക്കൽ പള്ളിയിൽ പോകാനായി ഗേറ്റുതുറന്ന ശേഷം കാറെടുക്കാൻ തുടങ്ങുമ്പോഴാണ് എനിക്കു വല്ലാത്തൊരു നെഞ്ചുവേദന അനുഭവപ്പെട്ടത്. അത്ര ചെറുതല്ലാത്ത ഹൃദയാഘാതമായിരുന്നു അതെന്ന് പിന്നീട് ഡോക്ടർ പറഞ്ഞ് അറിഞ്ഞു. ഞാൻ വിയർപ്പിൽ കുളിച്ച് വരാന്തയിലെ കസേരയിൽ ഇരുന്നു. റാണി സങ്കടത്തോടെ എന്റെ കാലിൽ മുഖമുരസി അല്പസമയം മുരണ്ടു. 'പേടിക്കേണ്ട' എന്ന് അവൾ പറഞ്ഞതായിരിക്കും. പിന്നെ, വേഗത്തിൽ അവൾ പുറത്തേക്കു പായുന്നതാണ് കണ്ടത്. അയൽ വീട്ടിൽ ചെന്ന് കുരച്ചു ബഹളമുണ്ടാക്കിയപ്പോൾ ഇറങ്ങിവന്ന വീട്ടുകാരന്റെ പാന്റിൽ അവൾ കടിച്ചുവലിച്ചു. അയാൾക്ക് എന്തോ പന്തികേടു തോന്നി എന്റെ വീട്ടിൽ എത്തിയതുകൊണ്ട് എന്റെ ജീവൻ രക്ഷപെട്ടു. ഞാൻ ആശുപത്രിയിൽ ആയിരുന്ന ദിവസങ്ങളിൽ അവൾ ഭക്ഷണമൊന്നും കഴിക്കാതെ നിറകണ്ണുകളോടെ കിടക്കുകയായിരുന്നുവെന്ന് അയൽക്കാരൻ പറഞ്ഞ് ഞാൻ അറിഞ്ഞു.

എന്റെ മകൾ എനിക്കു തരാത്ത സ്നേഹം റാണി എനിക്കു തന്നു. ഭാര്യ ചെറുപ്പത്തിലെ മരിച്ച ദുഃഖം അറിയിക്കാതെ എന്റെ മകളെ ഞാൻ പൊന്നുപോലെ വളർത്തിയതാണ്. വീട്ടുകാർ നിർബന്ധിച്ചിട്ടും വീണ്ടുമൊരു വിവാഹത്തിനു ഞാൻ മുതിരാതിരുന്നത് എന്റെ മകളെ കരുതിയാണ്. അല്ലലറിയാതെ വളർത്തി ഉന്നത വിദ്യാഭ്യാസം നൽകി, അവളെപ്പറ്റി ഒത്തിരി സ്വപ്നം നെയ്ത ഞാൻ തകർന്നു പോയി. ആഘോഷമായി അവളുടെ വിവാഹം നടത്തണമെന്നതായിരുന്നു എന്റെ വലിയ മോഹങ്ങളിലൊന്ന്. എന്നാൽ എന്റെ കണ്ണീരിനു വില കൽപ്പിക്കാതെ അവൾ ഒരു അന്യമതസ്ഥന്റെ കൂടെ ഇറങ്ങിപ്പോയി. അതിലും വലിയ വേദന അവൾ എന്നെ അവഗണിക്കുന്നതാണ്. വല്ലപ്പോഴും ഒന്നു വിളിച്ചെങ്കിലായി. ഇപ്പോൾ അവൾ ആവശ്യപ്പെടുന്നു, സ്വത്തൊക്കെ അവളുടെ പേരിൽ എഴുതിക്കൊടുക്കണമെന്ന്.

*****************************

പീറ്റർ ടൂർ കഴിഞ്ഞ് മടങ്ങിയെത്തി. അന്നു രാത്രി തന്നെ അയാളുടെ ഫോൺ വന്നു.

"അപ്പോൾ ബെസ്റ്റു ഫ്രണ്ടേ, തന്നെ കുറച്ചു ദിവസം ബുദ്ധിമുട്ടിച്ചതിൽ ക്ഷമിക്കണം. നാളെ ഞാൻ വന്ന് റാണിയെ കൂട്ടിക്കൊണ്ടു പോരാം".

"എന്റെ ലിന്റുമോളെ തരാൻ എനിക്കു മനസ്സില്ല"

ഞാൻ കടുപ്പത്തിൽ പറഞ്ഞു.

പീറ്റർ അത്ഭുതപ്പെട്ടു.

"എന്നെ കുറ്റം പറയുന്ന താൻ ഇപ്പോൾ ഓവർ പൂസായെന്നു തോന്നുന്നു. തന്റെ മോളെ ആർക്കു വേണം. അതിനെ ആ കുഷ്നാണ്ടൻ തന്നെ സഹിച്ചോട്ടെ. ഞാൻ പട്ടിയുടെ കാര്യമാ പറഞ്ഞത്; തന്റെ കുട്ടിയുടെ കാര്യമല്ല".

"ഞാനും പട്ടിയുടെ കാര്യം തന്നെയാ പറഞ്ഞത്. ഞാൻ മോളുടെ പേര് പട്ടിക്കിട്ടു. ഇരുപത്തി മൂന്നു വർഷം എന്റെ മോളോടു ഞാൻ കാണിച്ചതിന്റെ ഒരിറ്റു സ്നേഹം ഞാനാ നായയോടു കാണിച്ചപ്പോൾ അവൾ എനിക്കു തിരികെ തന്നത് എന്റെ ജീവനാണ്. അവൾ ഇനി എന്റെ മോളായി ഇവിടെ വളർന്നോട്ടെ".

പീറ്റർ എന്താണ് മറുപടി പറഞ്ഞതെന്ന് ഞാൻ ശ്രദ്ധിച്ചില്ല. ഞാൻ ഫോണിൽ സംസാരിച്ചതെല്ലാം മനസ്സിലായെന്ന പോലെ റാണി – അല്ല ലിന്റുമോൾ – പതിവിലും സ്നേഹത്തോടെ അവളുടെ ദേഹം എന്റെ മേൽ ഉരസി സന്തോഷത്തോടെ എന്റെ കണ്ണുകളിലേക്കു നോക്കിയിരുന്നു.

www.malankaralibrary.com

## അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 67 –ാം ഓർമ്മപ്പെരുന്നാൾ

# ജാഗരണ പ്രാർത്ഥന



**ഒന്നാം ദിവസം**
കോട്ടയം മേഖല,
ബഥനി വൈദികർ



**രണ്ടാം ദിവസം**
റാന്നി, എരുമേലി മേഖല,
IMM സെമിനാരി



**മൂന്നാം ദിവസം**
മല്ലപ്പള്ളി, കുമളി മേഖല,
ബഹു. ബസീലിയൻ സിസ്റ്റേഴ്സ്



**നാലാം ദിവസം**
വെണ്ണിക്കുളം, കട്ടപ്പന മേഖല,
ബഹു. ബഥനി സിസ്റ്റേഴ്സ്



**അഞ്ചാം ദിവസം**
നിരണം മേഖല,
ബഹു. ഡി.എം. സിസ്റ്റേഴ്സ്



**ആറാം ദിവസം**
തിരുവല്ല മേഖല,
ബഹു. ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്

www.malankaralibrary.com

# പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 67 –ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന പദയാത്ര














www.malankaralibrary.com





## മല്പാനോട് ചോദിക്കാം

# പ്രിസ്താ 13

# മരിച്ചുപോയവരുടെ പേരെഴുതുന്ന പുസ്തകമാണോ?

വി. കുർബാനക്രമത്തിൽ നല്കിയിരിക്കുന്ന കൃംതാക്കാലത്തെ രാത്രി പ്രാർത്ഥന മൂന്നാം കൗമ്മായുടെ കോലോയുടെ രണ്ടാമത്തെ ഖണ്ഡികയും ശ്ഹീമോ നമസ്കാരം ശുബഹോ ഭാഗം ബുധനാഴ്ച രാത്രി മൂന്നാം കോലോയുടെ രണ്ടാമത്തെ ഖണ്ഡികയും ഇപ്രകാരമാണ്.

ആർക്കായ് കാഴ്ചകളിവിടെയണയ്ക്കുന്നോ ഭാഗ്യമവന്നേറ്റം
മേൽ സ്വർഗ്ഗത്തിലവന്നോർമ്മയതുണ്ടാകും
ഗോത്രപ്പേരുകളോർമ്മയ്ക്കായ് കർത്താവിൻ മുൻപിൽ
കാണ്മാൻ കല്ലുകളിൽ മൂശ കൊത്തിയതോർക്കുമ്പോൾ
നിങ്ങൾ തൻ മൃതർ പേരുകളെ ഓർക്കാനും പള്ളിയിലിവിടെ
എഴുതാനും മേൽസ്വർഗ്ഗത്തിൽ മിശിഹാതൻ വരവിൽ
തന്നോടവർ മോദിപ്പാനും ചേർപ്പിൻ **പ്രിസ്തായിൽ.**

ഈ ഗീതത്തിലെ പ്രിസ്താ എന്ന സുറിയാനി വാക്കിന്റെ അർത്ഥം കൊടുത്തിരിക്കുന്നത് മരിച്ചുപോയവരുടെ പേരെഴുതുന്ന പുസ്തകം എന്നാണ്. സുറിയാനി നിഘണ്ടുക്കളിൽ പ്രിസ്താ എന്ന വാക്കിനു കൊടുത്തിരിക്കുന്ന അർത്ഥം വി. കുർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പം എന്നാണ്. ഇഹലോകവാസത്തിനുശേഷം സ്വർഗ്ഗ പ്രാപ്തി നേടിയവരുടെ പേരുകൾ രേഖപ്പെടുത്തിയവരുടെ പുസ്തകം സ്ഫർ ഹായെ (ജീവന്റെ പുസ്തകം) എന്നാണ് അറിയപ്പെടുന്നത്. സങ്കീർത്തനം 69:5, ഫിലിപ്പി 4:3 എന്നിവയാണ് ഇതിന് ആധാരം. പണ്ട് വി. കുർബാനയിൽ സമാധാന ചുംബനത്തിനുശേഷം ജീവന്റെ പുസ്തകം വായിച്ചിരുന്നു. മുകളിൽ പദ്യരൂപത്തിൽ നല്കിയിരിക്കുന്ന പ്രാർത്ഥനയുടെ ഗദ്യരൂപം താഴെ പറയുംവിധമാണ്.

"ഇവിടെ ജീവിച്ചിരിക്കുന്നവർ ആർക്കുവേണ്ടി കുർബാനകൾ അർപ്പിക്കുന്നുവോ അവൻ ഭാഗ്യവാനാകുന്നു. അവന്റെ ഓർമ്മ ഉയരെയുള്ള സ്വർഗ്ഗത്തിൽ മുദ്രിതമായിരിക്കുന്നു. ഇസ്രായേൽ ഗോത്രങ്ങളുടെ നാമങ്ങൾ അവർ കർത്താവിന്റെ സന്നിധിയിൽ പ്രവേശിക്കുന്നതിന്റെ ശാശ്വത സ്മരണയ്ക്കായി മോശ കല്പലകകളിൽ കൊത്തിയതുപോലെ നിങ്ങളുടെ മരിച്ചുപോയവർ ഇവിടെ സഭയിൽ ഓർമ്മിക്കപ്പെടുന്നതിനും മേൽസ്വർഗ്ഗത്തിൽ അവരുടെ നാമങ്ങൾ എഴുതപ്പെടുന്നതിനും മിശിഹാ മഹത്വത്തോടെ എഴുന്നെള്ളി വരുമ്പോൾ അവരോടുകൂടെ അവർ ആനന്ദിക്കുന്നതിനുമായി അവരുടെ നാമങ്ങൾ ജീവൻ നിറഞ്ഞ വി. കുർബാന അപ്പത്തിൽ (പ്രിസ്തായിൽ) രേഖപ്പെടുത്തുവിൻ."

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല - 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com






www.malankaralibrary.com

Date of Publication : 01-07--2023
Price Rs. 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
JULY 2023




www.pulimoottilonline.com pulimoottil.tvla
KOLLAM I KOTTAYAM I PALA I THODUPUZHA I THRISSUR

M C ROAD, THIRUVALLA
PH: 0469 2602221, 97782 94521

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil